# HEARTIEST



'A RIGHTEOUS HEART SEEKETH AFTER KNOWLEDGE'



# 'HEARTIEST 92'

**SACRED HEART**
**COLLEGE ANNUAL - 1992**
**THEVARA**

# STATEMENT OF OWNERSHIP

Form IV (Rule VIII)

| | | |
|---|---|---|
| Place of publication | -- | Thevara. |
| Periodicity | -- | Annual |
| Printer's name | -- | Rev : Fr : Varghese Palamattam |
| Nationality | -- | Indian |
| Address | -- | Principal, SH College Thevara |
| Publisher's name | -- | do |
| Nationality | -- | Indian |
| Editor's name | -- | Siju Paul |
| Nationality | -- | Indian |
| Address | -- | Editor, SH College, Thevara |

I, Fr : Varghese Palamattam hereby declare that the particulars given above are true to the best of my knowledge and belief.

Sd/
Rev : Fr : Varghese Palamattam



I shall work for an India in which the poorest shall feel that it is their country in whose making they have an effective voice, an India in which there shall be no hig class and low class of people' an India in which all communities shall live in perfect harmony. There can be no room in such an India for the curse of untouchabilty or the curse of Intoxicating drinks and drugs. Women will enjoy the same rights as men. Since we shall be at peace with all the rest of the world neither exploiting nor being exploited we shall have the smallest army imaginable .....

SHAJAN ANTONY



നക്ഷത്രക്കണ്ണിനോളം ഉജ്ജ്വലതയുള്ള
നിന്റെ മുഖം ഞങ്ങളുടെ
മനസ്സിന്റെ ബലക്ഷീണതയാണ്

ആദരാഞ്ജലികളോടെ
മാഗസിൻ പ്രവർത്തകർ

# Our Beloved Principal



Rev. Fr. Varghese Palamattam

VICE PRINCIPAL



Fr. George Pittappillil

MANAGER



Fr. Melesius Palatty



ഇതാ
ഇതാ ഒരു നിമിഷം.
ത്രികാലങ്ങളുടെ സുതാര്യസ്പർശനമേററ
ഈ നിമിഷം.
കൊടും ശൈത്യത്തിന്റേതെന്നപോലെ,
മോഹങ്ങൾക്ക പോലും നിർവ്വേദം
ബാധിച്ച ഈ നിമിഷം
നമ്മുടെ വേനൽക്കാല ദിവസത്തിൽ
നിന്നടർത്തിയെടുത്ത ഈ നിമിഷം
ഇവിടെ സാക്ഷാത്ക്കരിക്കപ്പെടുകയാണ്.
വറുതിയുടെ ചൂടിൽ ആസുരമായകാലം.
ശബ്ദിക്കുന്ന തൊണ്ടയിലെല്ലാം
വരൾച്ച കൂടുവച്ചകാലം.
കൺപോളകൾ കത്തിത്തുറന്ന്
കാഴ്ചകൾ കരടായി ഉറയുമ്പോൾ,
ശ്രവണപുടം വരണ്ടകാററിനാൽ ഭ്രംശി
ക്കുമ്പോൾ,
വാക്കുകൾ ചുണ്ടുകളിൽത്തന്നെ മരണ
മടയുമ്പോൾ,
നമുക്കിടയിൽ ഒരു ശവപ്പറമ്പ് പിറവി
കൊള്ളുന്നു.
മൗനത്തിന്റെ ശവപ്പറമ്പ്.
എന്നിട്ടും,
നിങ്ങളുടെ തുറന്ന കർണ്ണങ്ങൾ കണ്ടെത്താൻ
മങ്ങിമറഞ്ഞുപോകുന്ന ഞങ്ങളുടെവാക്കുകൾ–
ക്കാകുമെന്ന പ്രതീക്ഷയാൽ
നിങ്ങളുടെ ചുണ്ടിന്റെ നിശ്ശബ്ദമർമ്മരം പോലും
ഏററുവാങ്ങാനുള്ള വ്യഗ്രതയാൽ
ഞങ്ങൾ,
ഈ വറുതിയുടെ ഗാഥ
നിങ്ങൾക്കായൊരുക്കിയിരിക്കുന്നു.
വിമർശനങ്ങളും,
ക്രിയാത്മകനിർദ്ദേശങ്ങളാകാം.
മൂല്യനിർണ്ണയനമാവാം.
ഇതു നിങ്ങളുടേതാണ്,
നമ്മളുടേത്.

നിങ്ങളുടെ
സ്വന്തം
എഡിററർ
(സിജു പോൾ)

എനിക്കു പറയുവാനുള്ളത്
ഒരു കഥയാണ്.
ക്രിസ്തു പറഞ്ഞ കഥ.
മലഞ്ചെരുവിലെ പുൽമൈതാനത്തിൽ
ഒരു പശുവിനെ കററിയിൽ കെട്ടിയിരുന്നു.
പശു അതിന്റെ കയറവസാനിക്കുന്നത്ര ദൂരം
ആ പുൽമൈതാനിയിലൂടെ മേഞ്ഞു
നടന്നിരുന്നു.
ഉച്ചവരെ, സന്ധ്യവരെ രാത്രിവരെ
അതെ,
നിങ്ങൾകററിയിൽ കെട്ടപ്പെട്ട
പശു വാകാതിരിക്കുക
കററിയിൽ കെട്ടപ്പെട്ട പശുവിന്
അതിനപ്പുറമുള്ള വിശാലമായ
പുൽപ്രദേശം നഷ്ടമാകുന്നതു പോലെ
ജീവിതത്തിന്റെതായതൊന്നും
നിങ്ങൾക്കു നഷ്ടമാവാതിരിക്കട്ടെ
നിങ്ങളുടെ പരിമിതികളുടെ ദൂരദർശിനി
ഈ താളുകൾക്കപ്പുറത്തുള്ള
സൃഷ്ടികളുടെ ജീവൻ
നിങ്ങൾക്കപ്രാപ്യമാകാതിരിക്കട്ടെ.
ഇനി
തുടങ്ങുക.

സസ്നേഹം

സബ് എഡിററർ
എൻ. എസ്. മോഹൻദാസ്.







N. S. MOHANDAS
Final BA Economics


**വായനക്കുമുമ്പ്**

പ്രിയ സുഹൃത്തേ, ഇത് ആത്മാവിന്റെ നൊമ്പര പുസ്തകമാണ്. കണ്ടുമറന്നേക്കാവുന്ന ചിത്രങ്ങൾ പോലെ വിസ്മൃതിയിലാക്കരുതേയിത്. വികാരങ്ങളും, വിസ്മയങ്ങളും, വിഹ്വലതകളും എന്തിന് യാദൃശ്ചികതയുടെ അമ്പരപ്പുപോലുംതീവ്രവേദനയാണ്.

അറിവിന്റെ സൂര്യകലശത്തിനു മുമ്പിൽ, വാക്കുകളും മന്ത്രങ്ങളും, തട്ടിപിൻമാറുന്ന നിങ്ങളുടെ നിനവിന്റെ മുമ്പിൽ സനാതനമായ ഈ ഋതുഭംഗിയിൽ നമ്രശിരസ്കനായി നൊമ്പരത്താളുകൾ വിടർത്തട്ടെ

—തുടർന്നു വായിക

ഇവിടെ........ ... ..... .....
ഒരു തുടക്കത്തിനുവേണ്ടി മനസ്സുഴറുകയാണ്.
ഒരുപാടുസങ്കല്പങ്ങളും അതിലധികം പ്രതീക്ഷകളുമായി
ഒരു നവംബർമാസത്തിൽ ഈ കലാലയത്തിന്റെ
പടികടന്നു വരുമ്പോൾ. ശുഷ്കമായ വേനലിന്റെ
കൊടിയ താപമേറ്റ് വരണ്ട ഭൂമിപോലെ
മനസ്സ് ഊഷരമായിരുന്നു.
വിളറിവീണ കടലാസുപൂവുകൾ കാൽക്കീഴിൽ
ഞെരിഞ്ഞമർന്നപ്പോൾ, പൂവിനുപിറകിലെ
ധ്യാനലീനമായ നിശ്ശബ്ദതയാണു വേരുകൾ
എന്നുഞാനറിഞ്ഞു. പക്ഷെ ഇപ്പോൾ,
ഒരു ബി. എ.ക്കാരനായി പടിയിറങ്ങുമ്പോൾ

ഹൃദയപിന്നാമ്പുറങ്ങളിലെവിടെയോ
ഒരു നേർത്തനൊമ്പരം . ………
അനിവാര്യമായ തിരിച്ചുപോക്കിന്റെ കാർക്കശ്യത
ഇവിടെ മൂന്നല്ല മുന്നൂറുവർഷം പഠിച്ചാലും
ഉള്ളിൽ ചുരമാന്തുന്ന ആഹ്ലാദത്തിന്റെ
ഉറവ വററില്ല. ജീവിതത്തിന്റെ
ഗതിവേഗങ്ങളുടെ നിശ്ശബ്ദസാക്ഷ്യങ്ങളായി
മാറിയ നിമിഷങ്ങളാണവ.
നിന്റെ വക്ഷസ്സിൽ മുഖം ചേർക്കുമ്പോൾ
ഞാനത്ഭുതപ്പെട്ടിട്ടുണ്ട്.
ഇവിടെയാവുമോ എന്റെ വികാരങ്ങളുടെ വിമലീകരണം?

എന്റെ ജീവിതത്തിന്റെ താളം
നീയായിത്തീർന്നെന്ന് ഒരുഞെട്ടലോടെ
ഞാനറിയുന്നു.

പ്രിയപ്പെട്ട എസ്. എച്ച്. ഞാൻ പിരിയുകയാണ്.
ഇനിയൊരിക്കലും കാണാൻ കഴിഞ്ഞെന്നുവരില്ല.
എങ്കിലും കഠിന യാഥാർത്ഥ്യങ്ങളിൽപെട്ട്
മനസ്സുഴറുമ്പോൾ, നിന്റെ മടിത്തട്ടിൽ കിടത്തി
നീപാടിയ ആ താരാട്ട് ഞാനെന്നുമോർക്കും.
(മുലപ്പാലിന്റെ സ്നിഗ്ദ്ധതപോലെ
അതെന്നുമെനിക്കിഷ്ടമാണ്.)

ഒടുവിലൊടുവിൽ നേർത്ത മരണത്തിന്റെ തിരശ്ശീല
ദുരന്തമായേക്കാവുന്ന ഈ സാധാരണ ജീവനെ
ഇല്ലാതാക്കുന്നതുവരെ നിന്നെ ഞാൻ മറക്കില്ല.
ഇക്കണോമിക്സിന്റെ പരിമിതിയിൽ, ഒന്നര
സെൻറുഭൂമിയിൽ സ്നേഹത്തിന്റെ
വിത്തുവിതച്ചവരെ ഞാനോർക്കുന്നു.

തല്ലിപ്പൊളികളെന്ന നാമധേയത്തിൽ കുഴങ്ങുമ്പോൾ
നീ നീട്ടിയസ്നേഹത്തിന്റെ സുഗന്ധമുള്ള
ഗാനം ഞാനോർക്കുന്നു.
പ്രകൃതി ചുരുൾ നിവർത്തുന്ന പരമസത്യമൊരിക്കലും
വാക്കുകളിലൂടെ മററൊരാൾക്ക് പകരാവതല്ല.
കായൽക്കാററിന്റെ തഴുകലിൽ പുളകിതയായ നിന്റെ
ഹൃത്സ്പന്ദനത്തിലെ ഹിമദംശം പകർത്തിയതിന്
ഞാൻ നേടിയ സമ്മാനങ്ങളും അവാർഡുകളും
നിന്റേതുകൂടിയാണ്. ഗോത്രപ്പഴമയിലെങ്ങോ
ഇടിവെട്ടുകേട്ടു ചകിതനായ ആദിമ മനുഷ്യൻ
അറിവില്ലാതെ ഉച്ചരിച്ചുപോയ പദത്തിലൂടെ
ആ ശബ്ദസ്ഫോടനമാണ് പകരാൻ ശ്രമിച്ചത്?

ഇവിടെ എല്ലാമെത്ര രസകരമാണ്.
അദ്ധ്യാപകന്റെ വെല്ലുവിളിയിൽ പകച്ചു
നിൽക്കാതെ ഞങ്ങൾ വിതച്ചകോതമ്പുമണികൾ

ഗുരുസ്ഥാനീയരാൽ ഒററപ്പെട്ടപ്പോഴും
സ്നേഹത്തിന്റെ ശാന്തിദൂതുപോലെ
നീയുണ്ടായിരുന്നു എസ്. എച്ച്.



ഇടനാഴികൾ
പുതിയവർ
വരുന്നു-പഴയ
വർ മറയുന്നു.
തൂണിന്റെ തണ
ലിലെ നിമിഷ
ങ്ങൾ നൊമ്പരങ്ങ
ളായി മാറുന്നു.

ഞങ്ങൾക്കാരോടും പരാതിയില്ല; അല്ലെങ്കിൽ
ഞാനടക്കമുള്ള സാമ്പത്തിക ശാസ്ത്രജ്ഞർ
ക്കതിനുള്ള
അവകാശമില്ലല്ലോ!
ഇനിനീവിടരുകവിഭാതമായ്, വിസ്മയനേത്രയായ്
വനലഹരിയായെന്റെ സിരകളിലുദിക്കനീ
സ്നേഹത്തോടെ ശാസിച്ചുകൊണ്ട്
നീ പറയുന്ന മറുപടിയും ഞാൻ കേൾക്കുന്നു.
"കുട്ടി, ഒന്നും എന്നും ഒരുപോലെയായിരിക്കില്ല".
ഓ ...നമ്മൾ സമയതീരത്തെ ചുററിക്കിടക്കുന്ന
പൊട്ടാത്ത ചങ്ങലയിലെ ഇണങ്ങാത്ത
കണ്ണികളാണല്ലോ ........................
9.40ന് എത്തിച്ചേരുന്ന ശകടത്തിൽനിന്നും
ചാടിയിറങ്ങുന്ന കാലടികൾ. അവ ഗോവണി
കയറുമ്പോൾ ചടുലങ്ങളാകുന്നു.
ഒരു ദിവസത്തിന്റെ-ഒരു ഉത്സവത്തിന്റെ-ആരംഭം
ക്ലാസ്സിനകത്ത്:- ഡയലക്ടിക്കൽമെററീരിയ
ലിസത്തിന്
പുതിയ വ്യാഖ്യാനം നൽകുന്ന അശോകൻ
വരകൾപോലെ ജീവിതവും നൊസ്റ്റാൾജിയയും
നിറഞ്ഞ ആ മനസ്സ് ഞാൻ കാണുന്നു.
സക്കറിയാസച്ചന്റെ അറിവിന്റെ വ്യാപ്തിയും
സ്നേഹോപദേശങ്ങളും ഒരു ദുരന്തത്തിന്റെ
ബാക്കിപോലെ മനസ്സിൽ വടുകെട്ടുന്നു.
എന്തിനുമേതിനും പൊട്ടിച്ചിരിക്കാൻ മറക്കാത്ത
ഗോപൻ - ആചിരി ഒരിക്കലും മറയാതിരുന്നെങ്കിൽ
കൊച്ചുകൊച്ചു കാര്യങ്ങളെ പെരുപ്പിച്ചെടുക്കുന്നു
ജോജോ അച്ചായൻ
"..........ഞാനവിടെവച്ച് നിനക്കെന്റെ
പ്രണയം നൽകും.................."സോളമന്റെ
ഉത്തമഗീതത്തിലൂടെ തീർത്ഥയാത്ര നടത്തുന്ന
മിസ്റ്റർ തേവര—ജോബി
ബ്യൂറോക്രറിയുടെ കടുംകെട്ടുകളെ
മനസ്സറിഞ്ഞു ശപിക്കുന്ന ഷിബു.

'പരസ്പരം സ്നേഹിക്കുക. പക്ഷേ
സ്നേഹംകൊണ്ടൊരു ബന്ധനമുണ്ടാക്കരുത്'
ഖലീൽ ജിബ്രാന്റെ അൽമുസ്തഫായെ
പ്രകീർത്തിച്ച തടിയൻ ബെഞ്ചി.
വൈകിയവേളയിലെ സൗഹൃദം ഒരാത്മ
നിർവൃതിപോലെയാക്കിത്തീർത്ത്
എവിടെയും കയറിവക്കീലാകുന്ന
ബിജുവിൻസെന്റന്ന മണ്ടൻപോലീസ്
ഉമേഷ്, സിജു, ഭാസുരൻ, ഡിസ്സോ
നീളുന്ന പട്ടികയിലൂടെ ഒരായിരം
മുഖങ്ങൾ ഓടിയടുക്കുകയാണ്
അകലങ്ങൾ വന്നുപോയ മനസ്സിലേക്ക്
''എന്റെ റബ്ബേ'' എന്ന വിളിയുമായി
കടന്നു വന്ന സുനിത
സ്നേഹിക്കാൻ മാത്രമറിയാവുന്ന കൊച്ചു
മനസ്സിന്റെ
മണിമുററത്തു പൂപ്പന്തലൊരുക്കിയ പാവം ലത
(ആ കുട്ടിയുടെ ജീവിതം എന്നും ഭാസുരമായിരു
ന്നെങ്കിൽ)
മിതമായ സംഭാഷണശകലങ്ങളും, അമിതവും
അർത്ഥപൂർണ്ണവുമായ മൗനവും പേറി നടക്കുന്ന
ജെൽമ—കുടിലത നിറഞ്ഞ ഭാവി ജീവിതത്തിൽ
മൗനം കുട്ടിക്കൊരനുഗ്രഹമാകട്ടെ!
ഗതകാല ചിന്തകളെ ഉജ്ജീവിപ്പിക്കുന്ന
മുഖഭംഗിയുമായി കടന്നു വരുന്ന അനിത
ഇനിയുമെത്രയോസന്ധ്യകൾക്കുനിറപ്പകിട്ടേകേണ്ട
ചിരിയുമായി വന്നെത്തുന്ന
വിജിയും, പണിക്കരൂട്ടി രേഖയും, രാജശ്രീയും
ഉമയും. സ്മിതയുമെല്ലാം





ഒരിക്കലും മറക്കാനും യാഥാർത്ഥ്യത്തിൽനിന്നും
ഓടിയൊളിക്കാനുമിഷ്ടപ്പെടാത്ത
അറുപതു മുഖങ്ങൾ എന്റെ മനസ്സിലുണ്ട്.
അറുപതുപേരും ഹൃദയത്തിന്റെ രുചി—
—സ്നേഹത്തിന്റെവില - മറക്കാതിരുന്നെങ്കിൽ
മൃതിയുടെ കഴുകച്ചിറകിനു കീഴിൽ
പതറാതെ ശബ്ദിക്കാൻ കഴിയുന്ന.
നിങ്ങളുടെ വാക്കുകൾ ഒരുഘന ശ്രുതികൈ
കൊള്ളട്ടെ!
സഹപാഠികളെ സുഹൃത്തുക്കളെ, ഞാൻ
യാത്രയാവട്ടെ - ഉദ്വേഗങ്ങളുടേയും
നല്ല പ്രത്യാശകളുടെയും കത്തിയമർന്ന
ചിതാഖണ്ഡത്തിലേക്ക്-എന്റേതുമാത്രമായ
ലോകത്തേക്ക്
ദുരന്തമായിത്തീരുന്ന ഭാവിജീവിതത്തിന്റെ
ഏതെങ്കിലും ഇടവഴിയിൽവച്ചു
കണ്ടുമുട്ടിയാൽ ചിരിക്കാൻ മറക്കരുത്.
അഥവാ മറന്നാൽ നോവുന്ന
ആത്മാവു മാപ്പുതരില്ല.
പണ്ടാരോ പറഞ്ഞതുപോലെ
:ചിരികൾതോറുമെൻ പട്ടടത്തീപ്പൊരി
ചിതറിടുന്നോരഞ്ഞത്തുനിന്നിനി,
വിടതരൂ! മതിപോകട്ടെ ഞാനുമെൻ
നടനവിദ്യയും മൂകസംഗീതവും'
വീർപ്പുമുട്ടലുകൾപോലെ അസ്വസ്ഥത
നിറഞ്ഞവയാണല്ലോ യാത്രാമൊഴികൾ
എങ്കിലും. സ്നേഹം കോരിത്തന്ന
ഒരായിരം മുഖങ്ങളോട് ഒരു
വാക്കെങ്കിലും പറയാതെ ......
ചിരിയുണരുമ്പോൾ കരയുകയും
നോവുണരുമ്പോൾ ചിരിക്കുകയും.
പ്രണയം പൂക്കുമ്പോൾ വിദ്വേഷത്തിന്റെ
ഇലപൊഴിക്കുകയും ചെയ്യുക എന്ന ദുരന്തം
ബന്ധങ്ങളുടെ കണക്കെടുപ്പിലെ
അനിവാര്യതയാണെന്നു വിശ്വസിക്കുക
ഒന്നുകൂടി-അൽപം സ്വകാര്യതയുടെ സ്വാതന്ത്ര്യ
ത്തോടെ
പ്രേമഷാലിമയിൽ കതിർവിരിച്ചു തിളങ്ങുന്ന
ഒരു കനകതാരത്തെക്കുറിച്ചാണ്.
ഹൃദയത്തിൽ പ്രേമസ്വപ്നങ്ങൾക്കു
നിറച്ചാർത്തേകിയ
പേരറിയാവുന്ന പെൺകുട്ടി
ശിശിരത്തിന്റെ തണുപ്പും, വേനലിന്റെ
കാഠിന്യവും
സാഹിത്യത്തിന്റെ രുചിയും, രാഷ്ട്രീയത്തിന്റെ
വിദ്വേഷവും
കലർന്ന സമ്മിശ്ര സദസ്സിൽ
ബന്ധങ്ങൾക്കു വിലയില്ലല്ലോ.
അപൂർവ്വ ഭംഗിയുള്ള വാക്കുകൾകൊണ്ടു
ഹൃദയത്തിൽ പണിത ദന്തഗോപുരം
കൺമുമ്പിൽ തകർന്നുവീഴുന്നതു ഞാൻകണ്ടു.
ഇനിയും ഹൃദയത്തിന്റെ ദുരന്തം
നീ കാണാനിരിക്കുന്നതേയുള്ളു.
എന്നിരുന്നാലും, നിന്നെഞാൻ
നിന്നെ ഞാൻ തിരയുന്നു തിരകോതി
നിറയുന്ന കാളിന്ദിയുണരുന്ന പുതുമോഹ
യാമങ്ങളിൽ ഗോക്കളണയുന്ന
വൃന്ദാവനത്തിന്റെ വൃക്ഷത്തണൽ
പററിയെന്തോ കളഞ്ഞതുതേടുന്ന കാററായി
കാററിലെ നവപുഷ്പപരാഗാർദ്ര സുസ്മേര
മായയെന്റെ
ഗതകാലവിസ്മൃതിയിൽ നിന്നെഞാൻ തിരയുന്നു.
ഒരിക്കലും മറക്കാനാവാത്ത ചിത്രങ്ങൾ
മനസ്സിന്റെ സമ്പത്താണെന്നു പറഞ്ഞത്

ഗോപനാണെന്നു തോന്നുന്നു.
മനോമുകുരത്തിലെ കവിതയുടെ ചേതന
തേടിയാൽ കണ്ടെത്തുന്ന ഭീകര സത്യത്തിന്
പ്രേമത്തിന്റെ ഗന്ധമായിരിക്കുമോ?
ഓർമ്മയുടെ ചില്ലുകൊട്ടാരത്തിലെ നനവൂറുന്ന
ചീന്തയായി നിന്റെ ചിത്രം എന്റെ
മനസ്സിലുണ്ടാവും.
ഞാൻ വീണാലും, തളർന്നാലും.
പ്രിയ എസ്. എച്ച്. മറക്കാനും പൊറുക്കാനും
കഴിയണം.
ലേക്ക്‌വ്യൂവിലെ അരണ്ട അസ്തമന സന്ധ്യയിൽ
നിന്റെ ആത്മാവുതേടിയലഞ്ഞവനാണുഞാൻ
ഒടുവിൽ കണ്ടതോ?
കായൽക്കരയിലന്നൊരിക്കൽ ഞാനെൻ
കാതരമിഴിയാലുഴുതു നടക്കെ
കണ്ടുചുററും കേട്ടു ചുററും എത്രയെത്ര
ദുരിതങ്ങൾ
ആർത്തിരമ്പുന്ന കടലിനുമുമ്പിലും ഉയർന്നു
പൊങ്ങുന്ന മേഘങ്ങൾക്കു മുമ്പിലും ചെന്നു
ഈശ്വരനാര് എന്നുചോദിക്കുന്ന സെയിന്റ്
അഗസ്ത്യനെ
ഓർക്കുകയാണു ഞാൻ.
പോർട്ടിക്കോവിലെ ഫ്രീ അവേഴ്സും
കാക്കാനും, ബട്ട്ജിയും, എന്തിനു നീതന്നെ
എനിക്കന്യമാകുന്നു.
ഒരുപുള്ളോർക്കുടത്തിന്റെ നേർത്ത തേങ്ങൽ
പോലെ, എതോ ഒരു നാടൻ ശീലു
പോലെ നിന്റെ വിറയാർന്ന സാന്ത്വനം
ഞാൻ കേൾക്കുന്നുണ്ട്.
വിധിയുണ്ടെങ്കിൽ ഞാനിനിയും വരും
നിന്റെ കഥക്കു പൂർണ്ണത നൽകാൻ
സ്ത്രീ എനിക്കുതന്ന സ്വപ്നങ്ങൾ
വ്യർത്ഥങ്ങളായിരുന്നുഎന്നുപറയാൻ
ഞാൻ വരുന്നുണ്ട്.
രാത്രിയുടെ ഇരുണ്ട മാനമാകട്ടെ
നമുക്കിടയിലെ സന്ദേശവാഹകൻ
എനിക്കറിയാം മറക്കാനുള്ള കഴിവിന്റെ
മാസ്മര ശക്തി
എന്നിരുന്നാലും
പോകുന്നതെന്തിനെന്നറിയില്ലല്ലോ
പോകാതിരിക്കാൻ കഴിയില്ലല്ലോ
വിട.........നന്ദിയോട □



# Principal's Annual Report

1991-92

Rev Fr. Melesius CMI, our beloved manager, Honourable Chief Guest Dr. P. U. Varghese, Secretary, MPEDA. Mr. Shibu Varghese, our College Union Chairman, Respected parents and guests, members of the faculty, members of the supporting staff and my dear students.

With immense gratitude to the Sacred Heart Jesus for his benevolent and providential care for the college and every member of the staff and students here' I place before you the report of the working of the college for the year 1991-92.

**The Administration**

There was a change of personnel in the administration of the college in the beginning of the academic year. On 1st June, 1991. Fr. Vargese palamattam of the Dept. of Commerce, took charge as the new principal of the college. Rev. Fr. George Peter Pittappillil was appointed as the new Vice-Principal. Rev. Fr. P. V. Scaria. CMI, the previous principal and Rev. Fr, A. U. Varghese, the previous Vice-principal after finishing their term of office and meritorious and dedicated service as Prinipal and Vice-Prinicipal, are continuing in the service of the college in their parent department of Economics. Let me place on record my sincere appreciation and heart felt thanks for the dedicated service rendered by these two Rev. Fathers.

**The Staff**

There are altogether 108 dedicated teachers in the faculty of our college spread over in nine under-graduate and six post graduate departments. The retirement of six heads of the departments last year had created a great loss to the academic wealth of the college. Even before we could compose back to normalcy from such a privation, another three distinguished teachers are retiring from service this year. They are prof. Aravindaksha kartha, the Head of the Dept of Chemistry' Prof. M. J. Devassia, the Head of the Dept-of Zoology and Prof. P. J. Joseph of the same dept. They are ritiring after more than 30 years of meritorious service. Their departure will make the respective departments still poorer.

Mr. K. X. Antony, the Herberium keeper has already retired in the month of January from the Dept. of Botany Mr. P. K. Isaac, the superindent is due to retire in the beginning of the next academic year. Both Mr. K. X. Antony and Mr. P. K. Issac have been rendering yeomen service to the college for the past three and half decades. Their dedication to the institution and application to their work need special mention and appreciation.

On behalf of the Faculty, the Supporting staff and the students I take this opportunity to thank these retiring academic

luminories and service personnel. we wishs them all the best in the retired life and God's choicest blessings.

This year we had two addition to our facculty. Mr. philip Mathew joined the department of Zoology and Mr. V T. Jose joined the Dept of Economics. Hearty welcome to these new comers into the teaching fraternity.

**The Students**

There are 2193 students on the rolls of the college with 1047 boys and 1146 girls. Out of them 902 are in the pre-Degree courses, 1099 in various Degree courses and 182 in the post graduate courses.

**Academic Activities**

On the whole this was not a good year for curricular and cocurricular activities. The academic year started only on 20th June 1991, due to the postponement of examinations after the brutal assassination of the late Prime Minister Sree Rajeev Gandhi. Even after the re-opening, university examinations were going on till July beginning. During and after the examinations many teachers were away and engaged in supervision and valuation duties which also disrupted the academic activities of the college.

In addition to these academic inevitables, we lost more than 38 worked working days during the year till date for student agitations, bus strike, national and state bundhs, social disturbances, student union activities, etc This loss is out of the total expected 186 working days upto March 31st, 1992.

However, we tried to make the best out the given situation. For official purposes, 12 days were spent for termly examinations with three preceeding days as study holidays, two days for students' renewal programmes and one day for Heartifest. 1991.

we do not boast much about ourselves, But we have our modest share of achievements in academic, athletic, cultural and other cocurricular areas. Keeping up with our glorious tradition. Let me compliment our staff members and the students and their parents and our management for their close cooperation and collaboration which made these achievements possiple.

**Results and Ranks in University Examinations**

This year also we had our modest share of ranks and best results in the university examinations, keeping up our glorious tradition in academic excellence For II and IV groups we got the first ranks, for the IV group we also got II and III ranks and seven of the first ten positions with 97 per cent pass. Jeevan J is the First rank holder in II group, and Balakrishnan, V. Reshmi S. and Ganesh Sankar T. S. are the first second and third rank holders in the IV group For the PG courses we have I rank in English literature, bagged by Mr. Santosh Poduval, II ranks in Economics by Miss Ambika D Nair, and in Zoology by Miss Rati Kumari This year also our pass percentage is the highest, in the university for pre-Degree and we Have cent per cent pass in certain subjects both for graduation and post graduation.

447 students appeared for the pre-Degree examinations. The total percentage of pass is 89-26 with 202 first classes 106 second classes and 91 third classes.

At the Degree level our pass percentages are as follow:

| | Degree | P. G. Level | I Class | II Class |
|---|---|---|---|---|
| Economics | 71.7 % | 68.75 % | 1 | 5 |
| Sociology | 86.11 % | | | |
| Mathematics | 96.97 % | | | |
| Physics | 100 % | | | |
| Chemistry | 93.98 % | 90.90 % | 7 | 3 |

| | | | | |
|---|---|---|---|---|
| Botany | 97.73 % | 100 % | 11 | - |
| Zoology | 89.8 % | 100 % | 10 | - |
| Commerce | 62.9 % | 55.5 % | 2 | 7 |
| English | | 81.8 % | 2 | 6 |

This result was made possible by the hard work of the students and teachers and close cooperation and collaboration of the parents with the college authorities. The previous principals deserve all praise for such marvellous results. I take this opportunity to congratulate each and every one in these groups especially the rank holders and their teachers.

### The College Library

Our college library is having. 61, 132 volumes. It subscribes to 57 periodicals including six dailies. During the year there were 1568 volumes added to the library collections. The total number of books issued during the academic year is 42, 650. It has a spacious reading room which can accommodate 350 readers at a time. In addition to this, we have seven departmental libraries of which three are quite spacious. we do not feel that the figures we have shown are very impressive. Financial constraints do not allow us to equip the libraries as we want them to be.

### Scholarships and Stipends

Our of 2193 students 871 enjoy scholarships from various sources. More or less the distribution is as follows:

| | |
|---|---|
| National Merit scholarship | 125 |
| National loan " | 1 |
| District " " | 1 |
| University " " | 25 |
| PTA merit-cum-means-cum conduct scholarships | 37 |
| PTA poor students scholarships | 28 |
| Endowment Scholarship | 45 |
| Other Scholarships | 25 |
| Educational Concessions to SC/ST groups | 240 |
| " " to DEC/OBC | 211 |
| " " under KPCR | 133 |
| TOTAL | 871 |

### Co-Curricular and Extra-Curricular activities

we have got innumerable sections belonging to co-curricular and extra-curricular activities A good number of students engage in these activities and enrich

themselves and contribute to the welfare of the society. A team of dedicated and hard-working teachers are behind them to guide and assist them in these endeavours. we make a mention of a faw of them.

## NSS Activities For The Year1991-92

This year 325 dynamic and enthusiastic students enrolled as NSS volunteers. A senior volunteer leader, Mr Baretto F. represented the unit in this year's Republie day Parade.

The activities were formally inagurated in a colourful programme by Sri Titus, the Directer, SOS Village, near Alwaye. The NSS volunteers celebrated Gandhi Jayanthi with a cleaning programme of the premises of the General Hospital, Ernakulam.

Important programme of the year included an Inter/ collegiate rally in the city against drugs and narcotics and a pledge by the volunteers against the use of drugs and Narcotics. leadership - cum-orientation camp in the campus, a voluntary collection of a sum of Rs-250 from among themselves for the treatment of a poor patient. bringing out a manuscript magazine which was sent up for university leval competition. leader ship in organising a 'Bharath Darsan' programme in Bhimadole, a remote Village in Andra Pradesh where in volunteers were exposed to the Village life - A blood testing -cun-donation camp organised in the college when nearly 90 volunteers donated blood to the patients in various hospitals, effective functioning fo cloth bank by which around 100 Pairs of dress were distributed to the needy, joining hands with Women's cell of this college in orgnising a Poster Exhibition this year

This year's major camp was organised at Parathod, in Idukki District and we constructed a stretch of 3Km road- Our volunteers got active support and encouragement from the local people.

### Women's Cell

The women's cell of our college had a busy schedule of activities during the academic 1991 - 1992. This year, the cell concentrated more on learning throu[gh] responding to situations promptly The Cell activities included submitting a memorandu[m] to the city police commissioner f[or] getting better travel facilities, especiall[y] for women students. protesting against th[e] Pre-natal diagnostic technique. submittin[g] a memorandum to the Secretary General o[f] LoK Sabha supporting the Bill against sex determination test. a three day inter-collegi ate camp in our college with the particip ation of eight neighbouring colleges i[n] which eminent men and women from al[l] over the country were invited as resource persons. organisation of a recipe contest for developing the cooking skill of the women studentes of our college Consequ ntly, three of our students were selected in the inter - collegiate recipe contest. The cell conducted an outreach programme to an adivasi colony at Attappadi to foster creative education. a visit to the "Aiswarya gram" at Kalady Celebration of Kerala day 1st Nov-1991. a Poster cum 'college' exhibition, in which around 300 competitive entries were made by the students on "Social evils and Injustice" in India. The winners were given prizes too.

A symposium on "The relevance of dowry" was organised in our college in which nine colleges participated. Under the auspices of the cell, a manuscript magazine "SMRUTHY" was released on 24th Feb. by Rev. Fr. Melesius CMI, the manager of the college.

The cell participated in all the activities held in the college and took the rightful position the society has given to women.

Besides, Sr. Elizabeth William, the President of the cell, attented the Nationa[l] Orientation Progrmme for women's cell leaders held at Bangalore, during the month of May 1991. Sr. EliZabath William as also chosen for the PTA award for wthe best Student Service Activity by the staff in the college.

Congratulations to Sr. William and the member of women's Cell!

## Aicuf 1991-92

The AICUF unit of the college was functioning this year under the able leader ship of the Chaplain Rev. Fr. Joseph Poonely, Staff Advisers. Sr. Elizabeth williams, and Mr. R. K. Varghese. Student functionaries, Jiji Joseph, as President Saji Jose and Merlyene Sebastian as Vicepresidents. Bobby Berchmans as secrary. Elizabath V. D as Jt. Secretary and Austin K. M. as Treasurer

The formal inaguration of the AICUF unit of the college for the year 1991-92 was done on 12th August, 1991 in the college Auditorium by Prof. Leelamma Jose of Maharaja's college, Ernakulam. It has a subscribed strength of 125 members. Some of them attended various camps and seminars conducted all over Kerala and outside Our unit secretary was elected the Regional Secretary by the State Team.

**Activities:**

On 22nd July, the unit members distributed a set of Time - Table cards to almost every student of the college. On23rd July-it organised a welcoming programme for newly arrived I PDC students inthe college auditorium during the noon intervel. It was a programme of awareness creation and enlightenment for the new comers.

AICUF was invited to put up a Refresment Stall in the college in connection with the coclourful HEARTIFEST-91 programme organised by the staff and students' of the college. It was an excellent experience for the AICUFers in team work and collaboration.

During 20. 21, 22 of Sept..1991 the AICUF unit organised an Intercollegiate camp on 'Personality Development', About 40 students from various colleges attended this camp which proved intersting and enlightening with lot of discussion, group activities, and classes by renowned personalities. There wasdemandformoresuch camps during the year.

The AICUF members cleaned the premises of the primary Health Centre, Kalamassery, on the Gandhi Jayanthi Day. About 37 members & 5 teachers from our college were present for this voluntary service.

In addition to the Inter-University Chavara Speech Competition. our AICUF unit organised an Inter collegiate Debate Competition in which 8 teams form different colleges in and around Kochi, participated. AICUF' Ever Rolling Trophy and cash award for the Best Team and also for the Best Speaker were given. Ernakulam Law college was adjudged first and Maharaja's the second; Mr.Abhilash of Maharaja's was the best speaker.

The unit is holding a meeting every Monday in the chavara Hall during which talks/discussions related to social, intellectual, and spiritual growth of the students are being arranged.

The valedictory meeting held on 14-2-1992 elected the following office-bearers for the year 1992-1993.

| | | |
|---|---|---|
| President | : | Jovy C. P. |
| Vice-President | : | Preethy Peter |
| Secretary | : | Alex Joseph |
| Jt. Secretary | : | Avish J. |
| Treasurer | : | Julie Joy.. |

**Campus Ministry**

Campus ministry of the college is headed by Rev. Fr. Joseph poonely of the Dept. of Hindi. The aim of this ministry is an over all and integrated development of the students. In the process we also try to reach out to the parents. This year the first day of the I PDC classes we had such a reach out programme. Every minute of their stay in the campus that day from 9-30 a.m. 4-30 P.m., every one of the parents and students enjoyed. A good many of the parents reported that it was a very tenriching experience for them and they wanted more of such occasions. Many of our constraints in the campus prevented us from finding out time for calling the parents for such a programme once again although we had given such a promise to them. we are sorry for the breach of promise, but we will try to keep it up in the future.

In addition to what I have stated, we had a three day renewal programme for the students in which eminent leaders from

budget of around Rs-45,000/ which they spend for student amenites, merit -cum-means-cum conduct scholarships, awards to teachers and students, etc. They actively cooperate with the college authorities for the development of the college and for the welfare of the students. Last Thursday was fhe PTA Awards Day of the year. On that day the PTA has distributed 62 awards scholarships and prizes to the teachers and the students. The present Vice-President is Mr. K. Koshi and the Secretary Prof. A. A. Varghese. These office-bearers and their colleagues in the executive body and the Trust are a source of immense help to me and other members of the staff. They are always ready to come to our assistance at any moment, sacrificing their precious time and other resources. My hearty congratulations and sincere thanks to the members of the PTA and the office-bearers.

### NCC

we have two wings in NCC, one Naval and another Army. Under the able leadership of Prof. A. M. Chacko for Navy and Prof. George Philip and Sibi Mathew for Army. our units are performing very well. Our cadets were selected for the Republic Day parade. Some of our cadets are in the process of being selected for direct commissioning in the respective service wings as officers. Congratulations to the NCC units and thier commanders and group captaians.

### Computer Education

we have started our computer education in the campus in the year 1990-91. This year we had a modest expansion of the computer department with the addition of three P. Cs. to the two XTs we had earlier. With this we have tried to give computer instruction to a good many of our students and few outsiders. More than 60 students from the college joined our courses here. That was the maximum capacity we could have accommodated. we are poised for a major expansion in the field, of course, with borrowed money. we are venturing into this risky field because we realise that this is the need of the hour and our students need computer education to fare well in their future career. The department is run under the leadership of Rev. Fr Saviance Who is also our Bursar

### The College Union

College Union elections were conducted on 16th October, 1991. Mr. Shibu Varghese was elected as the Union Chairman, Miss Harripriya as the Vice-Chairperson, Mr. Baiju Chacko as the General Secretary, Messrs. Sebastian and Gopalakrishnan as university union councillors, Mr. Siju Paul as the Magazine Editor. Mr. Sudhir as the Arts Club Secretary and others in the various positions. Due to various politcal and social disturbances outside the campus we have lost a number of working days and so the college union had many constraints to find time for its activities. However, the union has a creditable record of activities, no less than any previous unions and they have been very active and vigilant to care for the needs of the students. I congratulate the union office-bearers for their achievements and sincerely thank them for their co-operatian and goodwill.

### SPORTS AND GAMES 1991-1992

This has been a very significant year in the field of sports and games. Two of our college teams, Basket ball and Lawn Tennis won Mahatma Gandhi University Champioships for the second year in succession. Congratulations to the Captains JiJi Abraham and Joemon Joseph and members of the Basket ball and Tennis teams.

In Basket ball this year we have participated in seven major tournaments and out of that we won four troph;es including university championship and in the remaining three tournaments we were runners-up.

This year also we made very generous

contributions to the state and University teams as shown below:

We have JiJi Abraham, P J Sebastian and Nazeer MM in our University Basket ball team and Tenson Vincent in our State team. Dileep Kumar represents us in Volley ball. Krishnakumar P. in ball badminton. P. BalaKrishnan in Tennis, Padmakumar in Shuttle and Miss Vidya Vishal in the Table Tennis teams of the University.

Miss Vidya Vidshal has just recently won the inter-nniversity trophy in Table Tennis. Congratulations to Vidya and all other team members.

In the College Annual sports meet held on 6th and 7th Feb-1992, the Green house won the Men's Champion ships Securing 59 points followed by yellow house with 54 points. In women Section Yellow house got first place with 53 points and Red house second place with 23 points. In men section Vinodkumar P. K., II PDC and Lenin P. T., II BSC won the individual champioship with 18 points each and in the women's Prabhavathi M. V., II PDC, won with 18 points.

In the Staff Section Sri W. T. Paul of Maths Dept. annexed the individual championship with 21 points

In the Body beauty contest held in the college. Devraj V. of III DC was declared aa MR. THEVARA 1992.

**Heartifest 1991**

This was a unique programme of the year, It was intended to encourage and foster the cultural talents of the students, teachers and the parents. We believe that a college should also be a cradle for the development of the cultural and artistic talents of the people involved. Accordinly, we planned in collaboration with the PTA executive for such a festival. We had three sections in the festival, namely, an orchestra, a dance programme and a small skit. Both the teachers and students were participants in the various items.

In the programme of Heartifest, our aim was not necessarily to present cent per cent professioal pieces of cultural and artistic programmes, but rather to give emphasis to the management of such an event and to convey an educative value of such a presentation. We hope that we have achieved this our aim.

Through this programme we wanted to have a day for the parents of our students to come to the college and enjoy an evening with their wards and the teachers and other staff members of the college. We hoped that this would enlarge our cooperation and collaboration in the educational process of our young generation Our aims was to create many more such occasions if the parents and students were to be convinced of need and utility of such on endeavour. We do have a few positive comments from the parents, but not sufficient enough to conclude that they subscribe to our view. Besides, if they are positively oriented for such programmes, they will have to finance such programmes in a big way.

**Golden Jubilee of the College**

Sacred Heart College started functioning on list July, 1944 and it will complete 50 years of its existence on 30th June, 1994. We are thinking about celebrating the jubilee in a big way in collaboration with the PTA, Alumni Association, The Managment, Well-wishers and Benefactors. After the initial investments for the college only very little structural developments have taken place in the college. At the same time the activities, courses and Programmes in the college. have grow manifold making use of the very limited facilities and infra - structures. There is need and demand for further programmes and facilities for which we do not have enough space, equipments, furnishing and other infra-structural facilites This inertia in the development of facilites was due to the scarcity of funds with the management. Incidently, we are happy to state that through out the long career of the college, the management have never

accepted any donation or capitation fees either from the students in connection with admission or from the teachers or other staff members in connection with appointment. The mangment intends to continue the same policy.

In the circumstances, development of the college is possible only if the parents, old students, well-wishers and other benefactors come forward in a big way to help the college authorities to finance the future developments. This body will have to think eriously about this point.

The college has already started earnestly to think and plan for major development activities. we have various major committees constituted at different levels We have one Committee at the Management level, one Committee from the faculty of the college which will be the apex Cordinating body in the college for all clanning and execution of the Jubilee programmes. Under this apex body three Sub-committee are already functioning in usll earnest. They are Committees for(1) Planning, (2) Publicity and (3) Old Students Acssociation.

We are in the porocess of devising a comprehensive plan for the development of the college, taking into account the existing facilities, the additions needed to continue the present level of actvity in the college and the future requirements of the students and of society. Discussions are being held at various levels. New courses and programmes in the college are being planned. The future generation that have to pass the portals of this august institution will definitely have something serious and enduringly beneficial to look upon in our programme list, definitely more and superior than what the present generation have now We do not promise you the moon, but we reserve the right to dream and we invite parents, wellwishers, benefactors and every one of good will to share this dream with us. with great expectation and optimism and trust in the providence of God, we look forward to the future.

**Conclusion**

I take this opportunity to express my hearty thanks to the Manager, Rev. Fr. Melesius CMI who inspires us in all our endeavours and share and add to our vision for the future. I also thank our Bursar. Rev. Fv. Saviance, the members of the college Council Who are strong stalwarts of support to me in the daily administration of the college, all the members of the teaching staff who keep the cream of the Institution fresh and sweet, the executive members of the PTA and welfare Trust who remain as the second line support to the institution, the office staff who work in close collaboration with me, the student union leaders, and to every one of you who are sources of inspiration and support to me.

Thank you, Dr. P. U. Varghese for so kindly accepting our invitation to preside over our college day functions. We are more than glad to have you in our midst today and are eagerly waiting to listen to your words of wisdom. we are in the process of exploring to find out how best this institutionand the type of organistion in which people like you are involved can work together for the shaping the future generations of our country.

May the Sacred Heart of Jesus to whom this institution is dedicated bless all of us to be the light of the world and the salt of the earth, to walk in the path of truth, to bring liberation and freedom in to world, Amen.

Thank You,
Fr. Varghese Palamattam CMI
Principal
27th February 1992

# എന്റെ ചങ്ങാതി



ഏതോ ദുസ്വപ്ന ഭീതിദ രാത്രിയിൽ
എന്നെത്തലോടിയുണർത്തിയ,
ഗദ്ഗദ കണ്ഠനെയുഴലും നേരമെന്നെ
തഴുകിയുണർത്തിയ,

നിർമ്മല സൗഹൃദപ്പൂമാല കൊണ്ടെന്റെ
വരണ്ടമനസ്സും ബന്ധിച്ച,

കുളിരുമ്മ നൽകിയെൻ ഹൃത്തിനെ
താലോലിച്ചുറക്കിയ,
ഉത്തമ ചങ്ങാതിയായ് മാറിയെൻ
സൗഹൃദ സാമ്രാജ്യത്തെ വെട്ടിപ്പിടിച്ച,

നിർമ്മലഹൃദയനാം ചക്രവർത്തി!
ദുഃഖത്തിന്റെ നിഴൽക്കുമ്പാരത്തിൽ

മറഞ്ഞു തുടങ്ങിയ എന്നെ
കൈതന്നുയർത്തിയ മനോഹരനാം ചങ്ങാതി!
സ്വർഗലോകത്തിലെ നിഷ്കളങ്കരാം
മാലാഖമാരുടെ രാജ്യത്തു നിന്ന്

എന്നെക്കാണുവാൻ; രുചിയില്ലാത്തൊരെൻ
വിരുന്നുണ്ണാനെത്തിയ,

എന്നോമൽ ചങ്ങാതി നിനക്കെൻ പ്രണാമം!
മധുര സംഗീതമൊഴുകുന്ന നിൻ മുരളിയിൽ
കാതോരം ചേർത്താനന്ദ നിർവൃതിയിൽ
ലയിക്കാൻ വെമ്പുമെൻഹൃത്തിനെ

കടിഞ്ഞാണിടാൻ
ആർക്കുമാവില്ലെന്നറിയുന്നു ഞാൻ.

കാരണം 'സൗഹൃദ'മെന്നാത്മനിറക്കൂട്ടിൽ
കലങ്ങിച്ചേർന്ന
മങ്ങാത്ത നിറമാണു ചങ്ങാതി!
കാലം തീർത്ത മതിലുകൾ

ഉയർന്നു നില്ക്കുമ്പൊഴും,
കാററിലണയാത്ത പൊൻചെരാതായ്, നീ
ഇന്നുമീഹൃത്തിൽ വസിപ്പൂ, സഖേ...!!

ABHILASH FRAIZER
II P. D. C
III GROUP.

# നിനക്കായ്....

GOPAN. V
FINAL. B.A. ECONOMICS



ശാലീനസൗകുമാര്യങ്ങളുമായ്
മൃദുലാസ്യമോഹിനിയരികെ-
യെന്നറിയുമ്പോഴെൻ മോഹങ്ങൾ
നിദ്രവിട്ടുണരുന്നു സംഭ്രമമായ്

മൃദുസ്പന്ദന നിനദമായെത്തും
കുളിർതെന്നലേ, നിൻതംബുരു വി-
ലൊരു ശ്രുതിചേർത്തുമയങ്ങാൻ,
ഒരു നൂറിതളുള്ള പനിനീർപുഷ്പമായ്

ചികുരഭാരങ്ങളിലൊതുങ്ങിനിൽക്കാൻ,
ഒളിചിമ്മിനിൽക്കുന്ന മിഴിയമ്പിൻ
തുമ്പിലൊരുരേണുവായ്തീർന്നിടാൻ
ഓരോനിമിഷവുമാഗ്രഹിക്കുന്നു ഞാൻ.

വാചാലമാം മൗനങ്ങൾ -
വഴിനീളെ പുതുക്കുന്ന സൗഹൃദങ്ങൾ
എന്നും ചിരിക്കുന്ന ചെങ്കതിരൊളികളും
മാറോടണയ്ക്കുന്ന മൃദുമർമ്മരങ്ങളും.

ഈ മണ്ണും വിണ്ണുമെൻ കളിത്തോഴരല്ലോ
ഇവിടെയെൻ മനസ്സിന്റെ ശാന്തിയും.
ദീപ്തിയും കൈകോർത്തൊഴുകുന്നു.
തപ്തമാം നിമിഷങ്ങളിലെൻ

ആർദ്രസങ്കല്പങ്ങൾ നൃത്തം ചവിട്ടുന്നു.
ശരത്കാല സന്ധ്യകൾശ്രുതിമീട്ടി നില്ക്കവേ.
ഒരു ഗാനഗന്ധർവ്വൻപാടുമീ-

രാഗധാരയിലൊരിക്കലെങ്കിലും നീ
കാല്ച്ചിലമ്പണിഞ്ഞിടുമെങ്കിൽ
ഞാൻ ധന്യനായ്...

★

# ആദരാഞ്ജലികൾ

സത്യജിത്‌റേ

അംജത്‌ഖാൻ

ആലംമൂടൻ

വിൻസെന്റ്

പൊഞ്ഞിക്കര റാഫി

ശ്രീമൂലനഗരം വിജയൻ

വി. കെ. ഗോകക്

ഇന്ദുചൂഡൻ

കടവനാട്ട് കുട്ടികൃഷ്ണൻ

ഐസക് അസിമോവ്

വിക്‌ടർലിനസ്

കുമാർ ഗന്ധർവ്വ

മഹാരാജപുരം സന്താനം

പണ്ഡിറ്റ് മല്ലികാർജ്ജുൻ

മൻസൂർ

കെ. കെ. വിശ്വനാഥൻ

അച്യുത് പട്‌വർദ്ധൻ

കൂടാതെ..............................

..............................വർഗീയതയുടെ തീച്ചൂളയിൽ കത്തിയമർന്ന ഒരായിരം നിരപരാധികൾക്കും..............................

# കോളേജ്‌യൂണിയൻ - പ്രവർത്തനറിപ്പോർട്ട്

തേവര തിരുഹൃദയ കലാലയ യൂണിയന്റെ ഒരു വർഷത്തെ പ്രവർത്തന റിപ്പോർട്ട് അവതരിപ്പിക്കുവാൻ എനിക്ക് അഭിമാനവും സന്തോഷവുമുണ്ട്. ജനാധിപത്യത്തിന്റെ പരിശീലനക്കളരികളായ കോളേജുയൂണിയനുകളുടെ അനുദിന പ്രവർത്തനം കൂടുതൽ വ്യാപകവും സൃഷ്ടിപരവുമായ മേഖലകളിലേക്ക് തിരിച്ചു വിടാൻ കഴിഞ്ഞു വെന്ന് അഭിമാനത്തോടെ പറയട്ടെ. രാഷ്ട്രത്തിന്റെ സാമൂഹികവും സാംസ്കാരികവുമായ പാത വെട്ടിത്തെളിക്കുന്നതിൽ കാമ്പസുകൾക്കുള്ള പങ്ക് നിർണ്ണായകമായിരിക്കെ, പല പരിമിതികൾക്കുള്ളിൽ നിന്നുകൊണ്ടുപോലും വിപുലമായ കർമ്മ പദ്ധതിയുമായി മുന്നോട്ടുപോകുവാൻ കഴിഞ്ഞു എന്നതിൽ ഞങ്ങൾക്ക് സംതൃപ്തിയുണ്ട്.

വിദ്യാർത്ഥി യൂണിയൻ വിദ്യാർത്ഥികളുടേതാണ്. അതിൽ മുഴങ്ങിക്കേൾക്കേണ്ടത്. കലാലയത്തിലെ ഓരോ വിദ്യാർത്ഥികളുടെയും ശബ്ദമായിരിക്കണം. പാരമ്പര്യം സമ്മാനിച്ച നിഷ്ക്രിയത്വവും, ഫണ്ടിന്റെ അപര്യാപ്തതയും, വിവിധ തുറകളിൽ നിന്നും നേരിടേണ്ടി വന്ന ഭീഷണികളും ഞങ്ങളെ നിരാശപ്പെടുത്തിയെങ്കിലും, പുത്തനുണർവ്വുകളും, പുത്തനാശയങ്ങളുമായി മുന്നോട്ട് പോവുവാൻ കഴിഞ്ഞു. മുൻ വർഷങ്ങളിൽ നിന്നു വിരുദ്ധമായി, കാമ്പസിൽ ആക്രമങ്ങളുടെയും കുടിപ്പകയുടെയും സ്ഥാനത്ത്, സമാധാനത്തിന്റെയും ശാന്തിയുടെയും, സൗഹാർദ്ദത്തിന്റെയും വർണ്ണപ്പൂക്കൾ വിടർത്താൻ കഴിഞ്ഞു. കോളേജുയൂണിയന്റെ പ്രഥമവും പ്രധാനപ്പെട്ടതുമായ പ്രവർത്തന വിജയമെന്ന് ഞങ്ങളിതിനെ വിശേഷിപ്പിക്കട്ടെ.

സമാധാന പരവും എന്നാൽ വീറും വാശിയുമേറിയ തെരഞ്ഞെടുപ്പിൽ കൂടി ഒക്ടോബർ മാസത്തിലാണ് ഈ യൂണിയനിലെ ഭാരവാഹികൾ തെരഞ്ഞെടുക്കപ്പെട്ടത്. പ്രതികൂല സാഹചര്യങ്ങൾ മൂലം ഡിസംബർ മാസത്തിലാണ് യൂണിയൻ ഉത്ഘാടനം നടന്നത്. ഡിസംബർ ആദ്യവാരത്തിൽ, മലയാള സിനിമാരംഗത്തെ യുവ ഗാനരചയിതാവ് ശ്രീ കൈതപ്രം ദാമോദരൻ നമ്പൂതിരിയാണ് യൂണിയൻ പ്രവർത്തനങ്ങൾ ഔപചാരികമായി ഉത്ഘാടനം ചെയ്തത്. പ്രൗഢഗംഭീരമായ ചടങ്ങിൽ വച്ച്, കൈതപ്രം തന്റെ കവിതാസിദ്ധി പ്രദർശിപ്പിച്ചു കൊണ്ട് കവിതകളും, സിനിമാഗാനങ്ങളും പാടി. തുടർന്നു നടന്ന ഗാനമേള ഒരുവൻ വിജയമായിരുന്നു.

നവംബർ ഒന്ന് കേരളപ്പിറവിദിനമായി ആഘോഷിച്ചു. വർണ്ണങ്ങൾക്കും വൈവിധ്യങ്ങൾക്കുമിടയിൽ മലയാളത്തെ സംരക്ഷിക്കണമെന്ന ആവശ്യം ഉയർന്നുപൊങ്ങി.

യൂണിയൻ സംഘടിപ്പിച്ച പൂക്കള മത്സരത്തോട് വിദ്യാർത്ഥികൾ ക്രിയാത്മകമായി പ്രതികരിച്ചു. കക്ഷിരാഷ്ട്രീയത്തിന്റെ ഭീഷണികൾക്ക് നടുവിൽ പതറാതെ, വർണ്ണങ്ങൾ ജ്യാമിതീയതകൾ തീർത്തപ്പോൾ പൂവുകളും മുള്ളുകളും മനസ്സിന്റെ ബലഹീനതയായി.

ബസ് സമരവും നിരന്തരപ്രശ്നങ്ങളും ആർട്ട്സ് ക്ലബ്ബിന്റെ ഉത്ഘാടനം വൈകിച്ചു. തണുപ്പേറിയ ഡിസംബറിലെ പ്രഭാതത്തിൽ ഉത്ഘാടകനായി എത്തിയ തിലകന്റെ സാന്നിദ്ധ്യം ഞങ്ങൾക്ക് പ്രചോദനമായി. ആർട്ട്സ് ക്ലബ്ബ് സെക്രട്ടറി സുധീർ സുകുമാർ സ്വാഗതമാശംസിച്ചു. പ്രിൻസിപ്പാളും, കോളേജ് യൂണിയൻ ചെയർമാൻ ഷിബുവും ആശംസകൾ നേർന്നു. എഡിറ്റർ സിജുപോൾ നന്ദി പറഞ്ഞു. തുടർന്ന് ദേവദാസും സംഘവും നയിച്ച സംഗീത സായാഹ്നം അരങ്ങേറി.

യൂണിയത്തിന്റെ ഈ വർഷത്തെ പ്രവർത്തന നേട്ടങ്ങളിൽ മറ്റൊരു പ്രധാനപ്പെട്ടത്, ആൺകുട്ടികളുടെ ടോയ്‌ലറ്റിന്റെ അറ്റകുറ്റപ്പണികൾ നടത്തി മേൽക്കൂരയിട്ടതാണ്.

കോളേജ് ആനുവൽ സ്പോർട്ട്സ് മീറ്റിലും യൂണിയന്റെ ഭാഗം വ്യക്തമായിരുന്നു. യൂണിയൻ നിർദ്ദേശിച്ച ജനറൽ ക്യാപ്റ്റനാണ് സ്പോർട്ട്സിലും ഗെയിംസിലും പ്രധാന പങ്കു വഹിച്ചത്. നമ്മുടെ കലാലയത്തിൽ നടത്താനുദ്ദേശിച്ചിരുന്ന വിദ്യാഭ്യാസസെമിനാർ അവസാനം മാറ്റിവച്ചെങ്കിലും, നമ്മുടെ കോളേജിൽ നിന്നും പരമാവധി വിദ്യാർത്ഥികളെ അതിൽ പങ്കെടുപ്പിച്ചു. ഒന്നുകൂടി - പരിമിതികൾ ഭീഷണിപ്പെടുത്തിയതിനാൽ യൂണിയനു ഉദ്ദേശിച്ച പരിപാടികളെല്ലാം ഭംഗിയായി മുന്നോട്ടുകൊണ്ടു പോവാനായില്ല. ഞങ്ങൾക്ക് കലവറയില്ലാത്ത പിന്തുണ നല്കിയിരുന്ന വിദ്യാർത്ഥിസുഹൃത്തുക്കളോട് ഈ യവസരത്തിൽ നന്ദിപ്രകാശിപ്പിക്കട്ടെ.

പ്രിൻസിപ്പൽ വർഗ്ഗീസ് പാലമറ്റം, സ്റ്റുഡൻറ് അഡ്വൈസർ ശ്രീ സിറിയക് എന്നിവരോടും അകൈതവമായ നന്ദിപ്രകാശിപ്പിക്കുന്നു.

ജയ്ഹിന്ദ്

ജനറൽ സെക്രട്ടറി
ബൈജു ചാക്കോ.

ഇന്നലെകൾ

വിസ്മൃതിയിലാണ്ടവയാണ്.

കാഴ്ചകൾകണ്ടു പാകം വന്ന കണ്ണുകൾക്കും

കാണാൻ കൊതിക്കുന്നവർക്കും

സ്വാഗതം, സുസ്വാഗതം.

തിരുഹൃദയ കലാലയത്തിന്റെ
വാതിലിനുമപ്പുറം
നിങ്ങൾ നില്ക്കുന്നു.

കൊഴിഞ്ഞുപോയ
ഒരു വർഷത്തിലെ
ചരിത്രാനുഭവങ്ങളിലേക്ക്
നിങ്ങളുടെ ആകാംക്ഷ
കണ്ണുകളെ ക്ഷണിക്കുന്നു.

CHAIRMAN

# UNION CA BI NET



SHIBU VARGHESE

Vice - Chairman



HARIPRIYA P. S.

Gen. Secretary



BYJU CHACKO

## UNIVERSITY UNION COUNCILLORS



SEBASTIAN ANTONY



GOPALAKRISHNAN

ARTS CLUB SECRETARY



SUDHIR SUKUMAR

## EDITOR



SIJU PAUL



Lady Representatives

Mary Mitzy

Mini James





I PDC Rep
Deepak Jose



II PDC Rep
Riju V.



Ist DC Rep
Paul Xavier



IInd DC Rep
Anirudhan



IIIrd DC Rep
Santhosh

# യൂണിയൻ ഉത്ഘാടനം



ഉത്ഘാടനം:–

കൈതപ്രം ദാമോദരൻ
നമ്പൂതിരി

അദ്ധ്യക്ഷ പ്രസംഗം

ചെയർമാൻ
ഷിബുവർഗീസ്





**ഹാർട്ടി**

**ഫെസ്ററ്**

**91**

ഉൽഘാടനം:-

**മാനേജർ Rev : Fr : മെലേഷിയസ് പാലാട്ടി**



**കലാസന്ധ്യയിൽ**

**നിന്ന്**

**ഒരു**

**നിമിഷം**


arts
92




ഹൃദ്യമായ
സ്വാഗതം
ആർട്ട്സ്
ക്ലബ്ബ് സെക്രട്ടറി
സുധീർ സുകുമാർ



ആർട്ട്സ്
ക്ലബ്ബ്
ഉത്ഘാടനം



കലയുടെ ദീപം
തെളിയുന്നു
ആർട്ട്സ് ക്ലബ്ബ്
ഉത്ഘാടനം
ശ്രീ തിലകൻ



ഉജ്ജ്വല
ശബ്ദാഢ്യൻ
സദസ്സുമായി
സംവേദിക്കുന്നു.

---

ഒരായിരം
നന്ദിയോടെ
എഡിറ്റർ
സിജു പോളം





## ഇവരെ പരിചയപ്പെടുത്തട്ടെ

### N. S. മോഹൻദാസ്

1991ലെ കേരള സാഹിത്യ അക്കാദമിയുടെ നിരൂപണത്തിനുള്ള അവാർഡ് ജേതാവ്. ''കെ. കെ രാജയുടെ കാവ്യലോകത്തെക്കുറിച്ചുള്ള ഗവേഷണ പ്രബന്ധമായിരുന്നു ഈ യുവസാഹിത്യകാരനെ എല്ലാവരും കൊതിക്കുന്ന മഹോന്നതപദവിക്കർഹനാക്കിയത്. കണ്ണീരും, തപ്തനിശ്വാസങ്ങളും നിറഞ്ഞ തന്റേതുമാത്രമായ ലോകത്തിലൂടെ യാത്രനടത്തുന്ന ഈ ഏകാന്തപഥികന് ദുരന്തത്തിന്റെ ഭീഷണികൾക്കുമുമ്പിൽ പതറാതെ ഉന്നതങ്ങളിലേക്കു കുതിച്ചുയരാൻ കഴിയട്ടെ.

### ബിജു വിൻസെന്റ് ടി.



അനുഗ്രഹീതനടൻ കോളേജിലും, ജീവിതത്തിലും, അരങ്ങിലും ഒരേപോലെ പ്രതിഭ. തനതായ ശൈലിയിലൂടെ ഏതുകഥാപാത്രത്തേയും ഈ യുവനടൻ തന്മയത്വത്തോടെ അവതരിപ്പിക്കുന്നു. അഭിനയത്തിന് മുൻതൂക്കം ഏറിവരുന്ന ആസുരമായ നമ്മുടെ കാലത്ത്, ഈ കലാകാരൻ വിജയത്തിന്റെ പടവുകൾ കയറി വിരാജിക്കട്ടെ.



### ഭാസുരൻ

കോളേജ് കലാ പ്രതിഭ. ക്യാൻവാസിൽ നിറങ്ങളിലൂടെ അത്ഭുതങ്ങൾ സൃഷ്ടിക്കുന്നതോടൊപ്പം തൂലികകൊണ്ട് സാഹിത്യലോകത്ത് തനതായ ശൈലിയിൽ ആത്മനൊമ്പരങ്ങളുടെ കഥപറയുന്ന പ്രതിഭ. പെയിന്റിംഗ്, കൊളാഷ്, കഥ, കവിത മുതലായ മീഡിയകളിൽ പുതിയ അർത്ഥഭാവതലങ്ങൾ സൃഷ്ടിച്ചുകൊണ്ട് ഭാസുരന്റെ മൗനം ഇനിയും സാന്ദ്രമാകട്ടെ.

## First in M. G. University Festival Quiz




RINKU ALEXANDER

SANDEEP SREEKUMAR

---

FIRST IN LIGHT MUSIC- STALLIONS INTERNATIONAL

FIRST IN UNIVERSITY POETRY RES ITATION




RAGHU RAM

SELEENA VELAYUDHAN



അർഹതക്ക് അംഗീകാരം
പ്രൊ. കെ. എം. തരകനിൽനിന്നും
N. S. മോഹൻദാസ് കേരള സാഹിത്യ
അക്കാദമി അവാർഡ് ഏറ്റുവാങ്ങുന്നു.



വർണ്ണങ്ങളും വൈവിദ്ധ്യങ്ങളും
തീർത്തപ്പോഴും
സമ്മാനം നേടിയ
രണ്ടാം വർഷ ഇക്കണോമിക്സിന്റെ പ്രകടനം.

# SPORTS - '92



തുടക്കം കുറിച്ചുകൊണ്ടു നടന്ന
മാർച്ച് പാസ്റ്റിൽ നിന്ന്

GENERAL
CAPTAIN
JOSE KURIAKOSE



കരുത്തിന്റെ
മനോഹാരിത
ശരീര സൗന്ദര്യ
മത്സരവിജയി
ജോബിജോൺ
രണ്ടാംവർഷ
ഇക്കണോമിക്സ്



# COVER STORY

# "DON'T KILL OUR WORLD"

Sincere Thanks To
CANEDIAN REPORTS

---

## കടപ്പാട്

| | | |
|---|---|---|
| മറക്കാനാവാത്ത പ്രേമങ്ങൾ (Biju Vincent) | — | കേരള കൗമുദി (ഓണപ്പതിപ്പ്) |
| പ്രശ്നം അദ്ധ്യാപകരോ കലാലയരാഷ്ട്രീയമോ? (Thomas) | — | കലാകൗമുദി |
| കമ്മ്യൂണിസത്തിലെ പ്രതിസന്ധി (Siju Paul) | — | ഭാഷാപോഷിണി |
| പ്രണയപൂർവ്വം<br>പ്രണയവും പ്രാർത്ഥനയും<br>മററ് ഉദ്ധരണികളും | — | ഭൂമിയുടെ മനസ്സിൽ (മരംബറി പ്രസിദ്ധീകരണം) |

# കോളേജ് ദിനാഘോഷം



ആത്മാവോളം കടന്നു ചെല്ലുന്ന
ദീപനാളം
കോളേജ് ദിനാഘോഷങ്ങളുടെ
ഉത്ഘാടനം
**പി. യു. വർഗ്ഗീസ്**
(MPEDA) നിർവ്വഹിക്കുന്നു.



"എന്റെ കോളേജ്
ലൈഫിനെക്കുറിച്ച്"..............
ഉത്ഘാടകൻ സംസാരിക്കുന്നു.



നാടക കലയ്ക്ക് ഒരു
അനുബന്ധം
പ്രതിഭകളുടെ കരുത്തുററ
പ്രകടനം
**'തീൻമേശയിലെ ദുരന്തം'**
എന്ന നാടകത്തിൽ
**ബിജുവിൻസെൻറും**
**അനിരുദ്ധനും**

ഏകാങ്കം

# കളിയും കാര്യവും

[കർട്ടൻ ഉയരുമ്പോൾ സ്റ്റേജിൽ ഒരു ബഞ്ചിൽ ഒരാൾ കിടക്കുന്നു.

കുറച്ചുകഴിഞ്ഞ് നാലുപേർ രംഗത്തുവന്ന് പ്രേക്ഷകരെ നോക്കി പട്ടാളച്ചിട്ടയിൽ നിരന്നുനിൽക്കുന്നു. പരിഭ്രമവും ഉൽക്കണ്ഠയും മുഖത്തു കാണാം.

എന്താനും നിമിഷങ്ങൾക്കകം മാനേജർ പ്രവേശിക്കുന്നു. നിരന്നുനിൽക്കുന്ന നാലുപേരെയും പട്ടാളച്ചിട്ടയിൽ പരിശോധിക്കുന്നു.]

മാനേജർ—കൊള്ളാം. നിങ്ങളിൽ 'ഹീറോ' ആയിട്ടു മുമ്പു നാടകം കളിച്ചിട്ടുള്ളവർ കൈ പൊക്കണം.

[വീണ്ടും നാലുപേരും ഒരുമിച്ചു കൈ പൊക്കുന്നു.]

മാനേജർ—ടൈറ്റ് കോംപറ്റിഷനാണല്ലോ! ആട്ടെ. നിങ്ങളിൽ നാടകം കളിച്ച് അവാർഡു മേടിച്ചിട്ടുള്ളവർ...... ..

[നാലുപേരും ധൃതിയിൽ കൈ പൊക്കുന്നു.]



മാനേജർ—അയ്യോ, കാര്യ, മനസ്സിലായല്ലോ.

[ആരും മിണ്ടുന്നില്ല].

മാനേജർ— മൂന്നുപേരു മതി നാടകത്തിന്. നിങ്ങൾ നാലുപേരുണ്ട്. അതുകൊണ്ട് ഒരു സിലക്ഷൻ വേണ്ടിവരും,

[ആരും മിണ്ടുന്നില്ല[.

മാനേജർ—ഓൾ റൈറ്റ്: നിങ്ങളിൽ ഇതിനുമുമ്പ് നാടകം കളിച്ചിട്ടുള്ളവർ കൈ പൊക്കണം.

[നാലുപേരും കൈപൊക്കുന്നു.

മാനേജർ—[കുറച്ചുനേരം ആലോചിച്ച്] നിങ്ങളിൽ ഏററവും കൂടുതൽ കല്ലേറുകൊണ്ടിട്ടുള്ളവർ ........

[നാലുപേരും കൈപൊക്കാൻ തുടങ്ങുന്നു. പിന്നീട് അബദ്ധം മനസ്സിലായി ഉടൻതന്നെ കൈ താഴ്ത്തുന്നു.]

മാനേജർ—[പുഞ്ചിരിയോടെ] ഉം, ശരി. അവസാ[...]മായി ഒരു മാർഗ്ഗമേയുള്ളു. നമു[...]നറുക്കെടുക്കാം.

[ഏതാനും കടലാസുചുരുളുകൾ എടുത്ത്, നറുക്കെടുപ്പിന്റെ എല്ലാഭാവത്തോടെയും മത്സരക്കാരെ സമീപിക്കുന്നു. ഓരോരുത്തരുമായി നറുക്കെടുക്കുന്നു.]

മാനേജർ—ഒന്നാമനു കിട്ടിയ നറുക്കു വായിക്കുന്നു] "വേണം"...........

[രണ്ടാമന്റെയും മൂന്നാമന്റെയും നറുക്കുകൾ ഇപ്രകാരം വായിക്കുന്നു] "വേണം"......"വേണം"......

[നാലാമന്റെ നറുക്കു വായിച്ച്, അൽപം നിശ്ശബ്ദതയ്ക്കുശേഷം] 'വേണ്ട' ... [പിന്നെ, ആശ്വസിപ്പിക്കുന്നമട്ടിൽ] പുവർ ചാപ്പ്! ... എന്തുചെയ്യാം! മോസ്റ്റ് അൺലക്കി!

[നാലാമൻ സ്തബ്ധനായി നിൽക്കുന്നതുകണ്ട്] ഈ നാടകത്തിൽ താൻ ഔട്ട്.

[നാലാമൻ ശങ്കിച്ചു നിൽക്കുന്നു]. തനിക്കു റോളില്ല. പോകാം.

[നാലാമൻ നിരാശനായി പോകുന്നു.]

[പെട്ടെന്നു തന്നെ ബെഞ്ചിൽ ഇതുവരെ കിടക്കുകയായിരുന്ന ആൾ ചാടിയെണീററ്. മുദ്രാവാക്യം വിളിക്കുന്ന രീതിയിൽ, ഉച്ചത്തിൽ വിളിച്ചു പറയുന്നു: "ഇതൊന്നും ശരിയല്ല". വീണ്ടും ബെഞ്ചിൽ ചുരുണ്ടുകൂടി കിടക്കുന്നു]

മാനേജർ—[സദസ്സിനോടായിട്ട്[ അയാൾ പറയുന്നതു കാര്യമാക്കേണ്ട. കേന്ദ്രമന്ത്രി അജിത്പാഞ്ജ് "ശോറിയല്ലേ? ശോറിയല്ലേ?" എന്ന് നമ്മളോട് ചോദിച്ച അന്നു തുടങ്ങിയതാണ് ഇയാളുടെ ഈ സൂക്കേട്.

[പെട്ടെന്ന് തിരിഞ്ഞ്, തിരഞ്ഞെടുത്ത മൂന്നുപേരോടായിട്ട്]

വെൽ കൺഗ്രാചുലേഷൻസ്! നിങ്ങൾ ഈ നാടകത്തിനായി തിരഞ്ഞെടുക്കപ്പെട്ടിരിക്കുന്നു. ഭാഗ്യവാൻമാർ.

[മൂന്നുപേർക്കും ഹസ്തദാനം ചെയ്യുന്നു.]

ഒന്നാമൻ—സാർ പേരു ചോദിച്ചില്ല. എന്റെ പേര്...

മാനേജർ—പേരും പേറി നടക്കുന്നതിലെന്തർത്ഥം മിസ്റ്റർ? നാടകത്തിൽ നിങ്ങൾക്കു പേരില്ല. അൺഡർസ്റ്റാൻറ്?

രണ്ടാമൻ—സാർ, കളിക്കേണ്ട നാടകം എതാണെന്ന്...

മാനേജർ—പറയാൻ പററില്ല മിസ്റ്റർ. നിങ്ങൾ കളിക്കേണ്ട നാടകം ഏതാണെന്ന് ഞാൻ എങ്ങിനെ പറയും? നിങ്ങൾ കളിക്കേണ്ട നാടകം നിങ്ങൾതന്നെ കണ്ടുപിടിക്കണം ങ്, .... വേഗം വേണം. നമുക്കു സമയമില്ല. സദസ്സ് ഇരുന്നു മുഷിയുന്നു.

മൂന്നാമൻ—റിഹേഴ്സലുകളില്ലാതെ ഇപ്പോത്തന്നെ കളിക്കാൻ......

മാനേജർ—പററും. പററണം. എല്ലാനാടകാവതരണവും റിഹേഴ്സലുകളാണു മിസ്റ്റർ; അല്ലെങ്കിൽ എല്ലാറിഹേഴ്സലുകളും നാടകാവതരണങ്ങളാണ് .... ങ്. .... പറഞ്ഞു നിൽക്കാൻ നേരമില്ല. തുടങ്ങട്ടെ.

[മൂന്നുപേരും നാടകം കളിക്കാൻ തയ്യാറെടുക്കുന്നു. എന്താണു ചെയ്യേണ്ടതെന്നറിയാതെ പരുങ്ങുന്നു.]

മാനേജർ—[ധൃതികൂട്ടുന്നമട്ടിൽ] വേഗമാവട്ടെ..... ങുംതുടങ്ങണം.

ഒന്നാമൻ—ഒരു 'തീം' എങ്കിലുമില്ലാതെ...

മാനേജർ—കളിച്ചു തുടങ്ങുമ്പോ തീം താനെ വരും.

രണ്ടാമൻ—ആരാ പ്രോംപ്റ്റ് ചെയ്തു തരിക?

മാനേജർ—പ്രോംപ്റ്റർക്കു വകുപ്പൊന്നുമില്ല.

മൂന്നാമൻ—സദസ്സിൽനിന്ന് ആരെയെങ്കിലും വിളിച്ചാലോ?

മാനേജർ—പിന്നെ, പിന്നെ!......നാടകം കാണാൻ വന്നിരിക്കുന്നവരാ അവർ. അല്ലാതെ തനിക്കു പ്രോംപ്റ്റ് ചെയ്തുതരാനല്ല.

[പെട്ടെന്ന് ബെഞ്ചിൽ ഉറങ്ങുന്ന ആൾ ചാടിയെഴുന്നേററ് ഉച്ചത്തിൽ—"ഇതൊന്നും ശരിയല്ല കേട്ടോ......"വീണ്ടും കിടക്കുന്നു.]

മാനേജർ—[നടൻമാരോട്] നിങ്ങളിങ്ങനെ സമയം കളയല്ലേ.

ഒന്നാമൻ—[ഡയറക്ടർ പദവി സ്വയം ഏറെറടുത്തമട്ടിൽ മററുരണ്ടുപേരോട്] ശരി. നമുക്കുതുടങ്ങാം. ഒരു ഡിററക്ടീവ് സ്റ്റോറി തന്നെയാവാം. ഒരു ഭീകരമായ കൊലപാതകം നടന്നുവെന്നു വിചാരിക്കുക.

മാനേജർ—[അക്ഷമനായി] വിചാരിച്ചുകൊണ്ടിരുന്നാൽ പോരാഹേ. നടത്തണം വേഗം.

ഒന്നാമൻ—[മൂന്നാമനോട്] താൻ ഒരു വല്യ മൊതലാളി. രാത്രി കിടന്നുറങ്ങുന്നു. അപ്പോ

[രണ്ടാമനോടായിട്ട്] താൻ ഊരിപ്പിടിച്ച കത്തിയുമായി പ്രവേശിക്കുന്നു.

മൂന്നാമൻ—ചുമ്മാ കിടന്നുറങ്ങാനാ റോളെങ്കിൽ എനിക്കുവയ്യ.

ഒന്നാമൻ—പിന്നെ എപ്പഴാ കൊല്ലുക? താൻ പറഞ്ഞേ

മൂന്നാമൻ—ഞാൻ എന്റെ വൈഫുമായി ഒരു കോണ്ടസ കാറിൽ ഉല്ലാസ സവാരി നടത്തവേ......

ഒന്നാമൻ—വല്ല്യ മൊതലാളി എന്നു പറഞ്ഞിട്ട് പിന്നെ വൈഫുമായിട്ടാണോ ഉല്ലാസയാത്രയ്ക്കു പോവുക? താനെന്തൊരു .....

മാനേജർ—മാത്രമല്ല, കാറ്. ബസ്സ് എന്നൊക്കെ പറഞ്ഞാൽ സ്റ്റേജിൽ കൊണ്ടുവരാൻ പ്രയാസമാ നടക്കുന്ന കാര്യം വല്ലതും പറ.

രണ്ടാമൻ—കത്തികൊണ്ടു കുത്തിക്കൊല്ലുന്നതൊക്കെ പഴഞ്ചൻ പരിപാടിയാ ആശാനെ.

ഒന്നാമൻ—(ദേഷ്യത്തോടെ) പിന്നെ എന്തു കുന്തം കൊണ്ടാടോ താൻ കൊല്ലുക?

രണ്ടാമൻ—ഗൺ വേണം. ഒരു മെഷീൻ ഗൺ, അല്ലെങ്കിൽ ഒരു ഗ്രനേഡ്.

മാനേജർ—യാതൊരുവിധ രാഷ്ട്രീയവും ഈ നാടകത്തിൽ പററില്ല. ഗണ്ണും ഗ്രനേഡും ഒന്നും നടക്കാത്ത കാര്യമാണ്.

രണ്ടമാൻ—എന്നാ കഴുത്തുഞെരിച്ച് ശ്വാസം മുട്ടിച്ചു കൊന്നാലോ?

മൂന്നാമൻ—അതൊന്നും വേണ്ട. [രണ്ടാമനോട്] താൻ എന്റെ ബട്ലർ ആയിവന്ന് ഭക്ഷണത്തിൽ വിഷംകലർത്തി കൊന്നാൽ മതി.

രണ്ടാമൻ—അതു മനസ്സിലിരിക്കട്ടെ. ചത്താലും വേണ്ടില്ല, എന്നെ ബട്ലറാക്കണമല്ലെ, പററില്ല.

ഒന്നാമൻ—നിങ്ങളിങ്ങനെ വഴക്കിട്ടാൽ നാടകം എങ്ങിനെ നടക്കും?

മാനേജർ—[സന്തോഷത്തോടെ] നാടകം നടക്കുകയല്ല, നാടകം ഓടും. ശരിയായി ഓടും. നാടകമാണെങ്കിൽ ഇത്മാതിരി സംഘട്ടനം വേണം.

മൂന്നാമൻ—എന്നാൽ ഞാൻ ഒരു കാര്യം പറയാം. എല്ലാവരും തമ്മിൽ തമ്മിൽ കൊല്ലട്ടെ.

ഒന്നാമൻ—അതു പററില്ല. അപ്പൊപിന്നെ ആരാ ഡിററക്ടീവ് ആയിട്ടു വരിക?

(ഈസമയത്ത് നേരത്തെ സിലക്ഷൻ കിട്ടാതെപോയ നടൻ ഒരു ലോട്ടറി ടിക്കററുകാരന്റെ വേഷത്തിൽ പ്രവേശിക്കുന്നു.]

ലോട്ടറി—[മാനേജരെയും നടൻമാരെയും സമീപിച്ച്] നാളെ .. നാളെ നാളെയാണ് നറുക്കെടുപ്പ്, നാളെയാണ് ഭാഗ്യം ഭാഗ്യദേവത നിങ്ങളെ മാടിവിളിക്കുന്നു .. .. ഒരെണ്ണം എടുക്കണം സാർ .....

മാനേജർ—[ദേഷ്യത്തിൽ] കൊണ്ടുപോടോ തന്റെ ഒരു ടിക്കററ്! കളിയ്ക്കിടയ്ക്കാ അയാളുടെ ഒരു കച്ചോടം!

[സദസ്സിനെ ചൂണ്ടിക്കാട്ടി] ദാ, താൻ താഴെയ്ക്ക് ഇറങ്ങിച്ചെല്ല്. ഓഡിയൻസിനുവല്ലോം വേണോ എന്നു ചോദിക്ക് [സദസ്സിനിടയിലേക്ക് ഇറങ്ങിച്ചെല്ലുന്ന ലോട്ടറിക്കാരനെ നോക്കി] പക്ഷെ സൂക്ഷിക്കണേ. നാടക ടിക്കററ് എടുത്തു മുടിഞ്ഞിരിക്കുന്നവരാ അവര്. താൻ ലോട്ടറി ടിക്കററും കൊണ്ടുചെന്നാ

[ലോട്ടറിക്കാരൻ സദസിനെ സമീപിച്ച് ടിക്കററു വിൽക്കാൻ ശ്രമിക്കുന്നു.

കുറിപ്പ്:—ടിക്കററ് യഥാർത്ഥത്തിലുള്ളതാണെങ്കിൽ, ഭാഗ്യമുണ്ടെങ്കിൽ, വല്ലതും ചിലവാകും.

[നാടക കൃത്ത്]

ഒന്നാമൻ—[മാനേജരോട്] സാറേ. നമുക്ക് ഈ പ്രശ്നം ഒന്നു പരിഹരിയ്ക്കണമല്ലൊ.

മാനേജർ—[ദേഷ്യത്തോടെ] എടോ. നാടകമാണെങ്കിൽ പ്രശ്നം ഉണ്ടാകും. ഇത് ഒരു പ്രശ്നനാടകമാണെന്ന് വെച്ചോ.

ഒന്നാമൻ—അതല്ല പ്രശ്നം

രണ്ടാമൻ—കൊലപാതകമാണു പ്രശ്നം

മാനേജർ—ഛെ! നിങ്ങാം ഇത്ര കഴിവുകെട്ടവരായല്ലൊ! ദിവസം എത്രകൊലപാതകം വേണം? നിങ്ങാം ന്യൂസ് പേപ്പറൊന്നു വായിച്ചു നോക്ക്.

മൂന്നാമൻ—എന്നാലും നാടകത്തിലാവുമ്പോ...

മാനേജർ—'നാടകം വേറെ ജീവിതം വേറെ' എന്നില്ല. നാടകത്തിലാണെങ്കിലും കൊലകൊലയാണ്. മനസ്സിലായോ?

രണ്ടാമൻ—എങ്ങിനെ കൊല്ലണമെന്ന്... ...

മാനേജർ—മാങ്ങാത്തൊലി! എങ്ങിനെയെങ്കിലും കൊല്ലടോ. നാടകം നടക്കട്ടെ.

[ബഞ്ചിൽ ഉറങ്ങുന്നയാൾ ചാടിയെണീററ് ''ഇതൊന്നും ശരിയല്ലെ'' എന്ന് ഉച്ചത്തിൽ ആക്രോശിക്കുന്നു.]

മാനേജർ—ദേ, ആ പറഞ്ഞതാ ശരി. നിങ്ങൾ ഇങ്ങിനെ തർക്കിച്ചു നിന്നാൽ പററില്ല. കൊന്നേ പററൂ.

ഒന്നാമൻ—ഞാൻ ഒരു കാര്യം ചെയ്യാം. ഞാൻ തൽക്കാലം സ്റ്റേജിൽനിന്നു മാറിനിൽക്കാം. ഡിററക്ടീവല്ലെ. കൊലകഴിഞ്ഞിട്ടുവരുന്നതാശരി. [പോകാൻ ഭാവിക്കുന്നു]

രണ്ടാമൻ—[ഒന്നാമനോട്] എങ്ങിനെ കൊല്ലണമെന്നു പറയാതെ പോയാൽ എങ്ങിനെ?

ഒന്നാമൻ—അതു ഡിററക്ടീവാണോ പറയേണ്ടത്? നിങ്ങള് കൊല്ല്. പിന്നീട് ഞാൻ കണ്ടു പിടിക്കാം. [പോകുന്നു.]

രണ്ടാമൻ—[മൂന്നാമനോട്] എന്നാ താൻ തന്നെ പറ. ഞാൻ തന്നെ എങ്ങിനെ കൊല്ലണം?

മൂന്നാമൻ—അതു തന്റെ പ്രശ്നമാണ്. ഞാൻ മൊതലാളിയായിട്ട് കുറച്ചു നേരമെങ്കിലും ഇരിക്കട്ടെ. താൻ കൊല്ലാൻ നേരത്ത് അങ്ങോട്ടുവന്നാൽ മതി [പോകാൻ തുടങ്ങുന്നു].

മാനേജർ—[മൂന്നാമനോട്] ടോ ടോ ഇവിടെ ..... ഇവിടെ ഇവിടെ സ്റ്റേജിലാ താൻ മൊതലാളി മനസ്സിലായോ?

മൂന്നാമൻ—''നാടകം വേറെ, ജീവിതം വേറെ'' എന്നില്ല ആശാനെ. ഞാൻ വൈഫുമായിട്ട് കോണ്ടസ കാറിൽ ഒന്നുചുററട്ടെ [പോകുന്നു].

മാനേജർ—താൻ എന്നെ പററിച്ചല്ലോടോ ഇനിയിപ്പൊ എന്തുചെയ്യും? കൊലപാതകമാ' തീം' എന്നും പറഞ്ഞുനടന്നിട്ട് ഇപ്പൊ എന്തായി? [രണ്ടാമനോട്, അരിശത്തിൽ] താനെന്തൊരു മനുഷ്യനാണെടോ? കൊല്ലൻ പറഞ്ഞിട്ട് ......

രണ്ടാമൻ—[മൂന്നാമൻ എവിടെഎന്ന മട്ടിൽ] അതിന് ആരെ കൊല്ലാനാ?

മാനേജർ—ആരെയെങ്കിലും കൊന്നു തൊലയ്ക്ക്

രണ്ടാമൻ—എന്നു പറഞ്ഞാ ...

മാനേജൻ—കേട്ടില്ലെ? ആരെരെയങ്കിലും കൊന്നു തൊലയ്ക്കാൻ .. ..

[രണ്ടാമൻ വിഷണ്ണനായി നില്ക്കുന്നു]

മാനേജർ—[ദേഷ്യത്തിൽ രണ്ടാമനെ പിടിച്ചു കുലുക്കി] കൊല്ലടോ ഉം വേഗം കൊല്ല് കൊല്ല് വേഗം ..

[രണ്ടാമൻ സ്വയം നിയന്ത്രിക്കാൻ പാടുപെട്ട് പരാജയപ്പെടുന്നു. അവസാനം സഹികെട്ട് മാനേജരുടെ കഴുത്തിനു പിടിയ്ക്കുന്നു]

രണ്ടാമൻ—കൊല്ലാം ... താൻ ഒന്നടങ്ങ് ....... തന്നെത്തന്നെ കൊല്ലാം. [കഴുത്തു ഞെരിച്ചു കൊണ്ട്] അങ്ങിനെ അങ്ങിനെ ..

[മാനേജർ സാവധാനം നിലത്തുകുഴഞ്ഞു വീഴുന്നു.

സദസ്സിനിടയിൽ ചുററിക്കറങ്ങിയിരുന്ന ലോട്ടറിക്കാരൻ മടങ്ങി സ്റ്റേജിൽവന്ന് രണ്ടാമനോട്—''നാളെ... നാളെ നാളെയാണു ഭാഗ്യം ..... ഒരെണ്ണം എടുക്കണം സാർ .....''

ഉറക്കക്കാരൻ ചാടിയെഴുന്നേററു സദസ്സിനോടായിട്ട്—''ഇതൊന്നും ശരിയല്ല, ഒട്ടും ശരിയല്ല.'']

കർട്ടൻ

സി. എസ്. ജയറാം
ഇംഗ്ലീഷ് ഡിപ്പാർട്ടുമെന്റ്

കുട്ടികളും അവരുടെ രക്ഷിതാക്കളോടൊപ്പം (ചിലരുടെ കുടുംബസമേതം) ഇന്റർവ്യൂവിനെത്തിയിരിക്കുന്നു. ടൂത്ത് പേസ്റ്റിന്റെ പരസ്യത്തിലെന്നപോലെ ഓരോരുത്തരുടെ മുഖത്തും 'പാൽ'(?) പുഞ്ചിരി വെട്ടിത്തിളങ്ങി നിൽക്കുന്നു. കൈയിൽ 'സർട്ടിഫിക്കറ്റുകൾ നിറച്ച മനോഹരമായ ഫയലുകൾ.

മുറിക്കുപുറത്തു നിൽക്കുന്ന പ്യൂണിന് പ്രിൻസിപ്പാളിനില്ലാത്ത ഗൗരവം. വിദേശമായ ചുമതലാബോധത്തോടെ അയാൾ ഓരോരുത്തരെ ഹാഫ്ഡോർ തുറന്ന് അകത്തേക്കു കടത്തിവിടുന്നു. തിരക്കിനിടയിലും പെൺകുട്ടികൾ അധികമുള്ള ക്യൂവിലേയ്ക്ക് ഒളികണ്ണിട്ടുനോക്കാൻ അയാൾ മറക്കുന്നില്ല.

വൈകിയവേളയിലാണെങ്കിലും ഈയുള്ളവനും ക്യൂവിന്റെ പിറകിൽ സ്ഥാനമുറപ്പിച്ചു. പിന്നെയും പാമ്പു പോലെ വളഞ്ഞു പുളഞ്ഞു കിടക്കുകയാണ് ക്യൂ. ക്യൂവിൽ നിന്നുകൊണ്ടു തന്നെ ഞാൻ പ്യൂണിനെ നോക്കി ഒരു ചിരി പാസ്സാക്കി. പക്ഷെ രസിക്കാത്ത മട്ടിൽ ആ വഷളൻ മുഖം തിരിച്ചു കളഞ്ഞു.

പെട്ടെന്ന് പിറകിൽ നിന്നും ഒരു കൈ എന്റെ ചുമലിൽ വീണു. ഞെട്ടിത്തിരിഞ്ഞപ്പോൾ ഏകദേശം നാല്പതിനോടടുത്തു പ്രായമുള്ള ഒരു ചെറുകഷണ്ടി.

''രക്ഷകർത്താവായി ആരും കൂടെയില്ലെ''?

മനസ്സിലാകാത്ത മട്ടിൽ ഞാനൊന്നു തറപ്പിച്ചു നോക്കി.

ഇന്റർവ്യൂവിനു വന്ന കുട്ടിയുടെ പിതാവാണ്. കൂടെ മാതാവുമുണ്ട്.

ചെറുതായൊന്നു ചിരിച്ചു ഞാൻ പറഞ്ഞു.

''ഇല്ല. അവർക്കു വരാൻ കഴിഞ്ഞില്ല.''

''അയ്യോ! ഇവിടെ വളരെ കർശനമാണ്. ഇന്റർവ്യൂവിന് ഹാജരാകണമെങ്കിൽ രക്ഷകർത്താവിനെ കൂടിയേ തീരൂ''

ഇതു കേട്ട് ബോംബു വിഴുങ്ങിയവനെപ്പോലെ നിന്ന എന്നെ തട്ടി അദ്ദേഹം തുടർന്നു:

''ഒരുകാര്യം ചെയ്യ് തല്ക്കാലം ആരെയെങ്കിലും സംഘടിപ്പിക്ക്.'' ഈ മഹത്‌വചനങ്ങൾ ഉരുവിട്ടുകൊണ്ട് ആ മഹാനുഭാവൻ എന്നെ പിറകിലാക്കി മുമ്പിൽ കടന്നുനിന്നു. കൂടെ ഒരു 70mm ചിരിയും. അയാൾക്കെന്നു പോരായ ഒപ്പാറം ആടിന്റെ ചൂര് എന്റെ നാസാരന്ധ്രങ്ങളെ കുത്തി പിളർത്തുന്നതു ഞാനറിഞ്ഞു. വല്ല ആടിന്റെ ജന്മസുമാകും!

പ്രിൻസിപ്പാളിന്റെ മുമ്പിൽ, വിനയം, ഭക്തി, തെളിമ തുടങ്ങിയ നവരസങ്ങളിൽ പലതും പ്രകടമാക്കാൻ ഒരുങ്ങിനിന്ന എന്റെ മനസ്സ് കാറ്റൊഴിഞ്ഞ ബലൂൺപോലെ ശൂന്യമായി.

ഇനിയെന്തു ചെയ്യും?

ഞാൻ ക്യൂവിൽ നിന്നും പുറത്തിറങ്ങി. വീട്ടിൽ നിന്നും 'വാത്സല്യനിധിയായ' രക്ഷാകർത്താവിനെ കൂട്ടിക്കൊണ്ടു വരാമെന്നുവച്ചാൽ സമയം കഷ്ടിയാണ്. മാത്രമല്ല പിതാശ്രീ എവിടെയായിരിക്കുമെന്നാർക്കറിയാം? സത്യം പറഞ്ഞാൽ ഞാനീവിഷയം രാവിലെ വീട്ടിൽ അവതരിപ്പിച്ചതാണ്. സ്നേഹത്തിന്റെ അക്ഷൗഹിണിപട തന്നെ മനസ്സിൽ കരുതിവച്ചിരുന്ന രക്ഷകർത്താവിന്റെ മറുപടി താഴെ പറയും പ്രകാരമായിരുന്നു.

''പതിനെട്ടു കഴിഞ്ഞവർ എല്ലാവരും പൗരന്മാരാണ്. അവർ സ്വന്തം കാലിൽ നിന്ന് സ്വന്തം കാര്യങ്ങൾ നോക്കണം. പഠിക്കണം. 1970കളുടെ അവസാനത്തിൽ ബർമ്മയിലെ മാണ്ടിഡിൽ നടന്ന പൗരാവകാശധ്വംസനവും അതിനെതിരെ സ്വന്തം കാലിൽ ഉറച്ചുനിന്ന വിദ്യാർത്ഥികളെയും നീ മാതൃകയാക്കുക........ ...............''പിതാവിന്റെ വചനപ്രഘോഷണങ്ങൾ ഇങ്ങനെ നീണ്ടുപോകുന്നു. അതായത് ചുരുക്കത്തിൽ

തൂ തുമാര കാര്യ് ദേഖ്‌ലോ–എന്ന സാരം. ഓ. സന്തോഷം!

സർക്കാർ ഇന്ത്യൻ പൗരത്വം ഇരുപത്തൊന്നിൽ നിന്നും പതിനെട്ടാക്കി കുറച്ചതിന് രക്ഷകർത്താക്കൾ കടപ്പെട്ടിരിക്കുന്നു.

തിരുവായ്ക്കെതിർവായ് ഇല്ലെന്നാണല്ലോ ഓൾഡ്‌മൊഴി! അഥവാ എതിർവായ് പറഞ്ഞാൽ പിതാശ്രീ പ്രപഞ്ച വിജ്ഞാനത്തിന്റെ വാതിൽ തുറക്കും. കൂടെ നല്ലകാലത്ത് അഭിനയിച്ച നാടകത്തിന്റെ ഡയലോഗുകളും ഉണ്ടാവും.

ക്യൂവിനു പുറത്തിറങ്ങിയ ഞാൻ ആദ്യമായി ബ്രോഡ്‌വേയിൽ അകപ്പെട്ടവനെപോലെ



പകച്ചുനിന്നു. പെട്ടെന്നു് പണ്ടെങ്ങോ ഏതോ മഹാൻ പറഞ്ഞ വാക്കുകൾ എന്റെ ഉന്തണ്ട തലയിൽക്കൂടി കടന്നുപോയി ''സമയം നമുക്കുവേണ്ടി കാത്തുനില്ക്കുന്നില്ല. ഇനിയുള്ള ഓരോ സുനിമിഷവും പ്രവർത്തിക്കാനുള്ളതാണ്".

ശരിയാണ്. ഇത് ആലോചിക്കാനുള്ള സമയമല്ല. പ്രവർത്തിക്കാനുള്ളയാണ്.

അതിനിപ്പോ എന്താ ചെയ്യ്ക?

അതു മഹാൻ പറഞ്ഞിട്ടുമില്ല.

ഞാൻ പണ്ടൊക്കെ ആദ്യമെന്നെ ഉപദേശിച്ച മാതാപിതാക്കളുടെ അടുത്തേക്കു ചെന്നു. രാവം– ശോകമയം. പണ്ടെങ്ങോ സ്കൂളിൽ പഠിക്കുമ്പോൾ നാടകത്തിൽ ശ്രീരാമന്റെ അമ്പേറ്റു മരിക്കാൻ കിടക്കുന്ന ബാലിയുടെ മുഖം മേക്കപ്പില്ലാതെതന്നെ അഭിനയിച്ച് കൈകയ്യടി വാങ്ങിച്ചവനാണ് ഞാൻ!

അരികിൽ ചെന്ന് സീറ്റു നഷ്ടപ്പെട്ട M. L. A. യെപോലെ ഞാൻ വിളിച്ചു:–

''മാഷേ..........''

മാന്യദേഹം തിരിഞ്ഞു നോക്കി.

''മാഷോ? ....... ഏതു മാഷ്? എനിക്ക് K. S. R. T. C യിലാ ജോലി. അല്ലാതെ വാദ്ധ്യാരുദ്യോഗമല്ലെടോ''.......

ഒ.......... സന്തോഷം!

എന്റെ പ്രജ്ഞയിൽ പുതിയൊരു 'സാധനം' അപ്പോൾ കടന്നുവന്നു. എന്റെ ഗ്രൂവയ്യർ ഡാഡി പിന്നെങ്ങിനെയാ ഇയാളെ അഭിസംബോധന ചെയ്യുക? ഇദ്ദേഹത്തിന്റെ ശരിയായ തസ്തിക അറിയാനും മേല. കണ്ടക്ടറാണോ? അതോ ഡ്രൈവറാണോ? ചെക്കറാണോ? മെക്കാനിക്കാണോ? അതോ ട്രാൻസ്പോർട്ട് മന്ത്രിയാണോ? എന്തപ്പാ കോതമംഗലം! ഏതായാലും അഭിസംബോധന ഒഴിവാക്കി നോക്കാം....

ഞാൻ ഉണർന്നു.......

പ്രിൻസിപ്പാൾ കൈ ചൂണ്ടി:- ,,ഇരിക്ക്''

ഒരു കസേരയേ ഉള്ളു. ഞാൻ ചാടിയിരുന്നു. പ്രിൻസിപ്പാൾ, ,,ഛെ... ....താനെന്താ ഈ കാട്ടിയത്. തന്റെ രക്ഷകർത്താവിനോടടാ. തലക്ക് മൂത്തവരെ എന്തൊരു ബഹുമാനം''.

ഞാൻ ചമ്മി. എഴുന്നേറ്റു. ചേട്ടനിരുന്നു.

പ്രിൻസിപ്പാൾ:- ''ഇതാരാ കൂടെ?''

ഞാൻ :-,,ചേട്ടൻ''

പ്രിൻസിപ്പാൾ :- ,,നേരെ ചേട്ടനോ....അതോ'' ചേട്ടൻ ഞെട്ടുന്നു. പരുങ്ങുന്നു. വിറക്കുന്നു. പറയുന്നു.

''നേരെ...:... നേരെ ഒരു വളവുമില്ലസാർ,,

എല്ലാവരും ചിരിക്കുന്നു.

അപ്പോഴിതാ മറ്റൊരുശനി...........

ഇടിവെട്ടേറ്റവനെ പാമ്പുകടിച്ചവനെപ്പോലെ പഴയ്,സാർ, (പ്യൂൺ) എന്തോ ഒപ്പിടീക്കാൻ പെട്ടെന്ന് ഓഫീസിലേക്ക് കടന്നുവന്നു.

എന്നെ അടിമുടിവല്ലാത്തൊരുനോട്ടം.

ഛെടാ........ ഇത്രയും പെട്ടെന്ന് രക്ഷയുമില്ലകർത്താവുമില്ലാതിരുന്ന ഒരുത്തന് ഇത്രയുംപെട്ടെന്നൊരു കർത്താവോ?

ഇവനാരെടാ?

നോട്ടത്തിന്റെ അർത്ഥം അതായിരുന്നു. ഞാൻ ശരിക്കും നിന്നുവിയർക്കാൻ തുടങ്ങി. ഇന്നു രാവിലെ മേൽകഴുകാൻ ഞാനിത്ര വെള്ളം ഉപയോഗിച്ചില്ല. അതിലും ശക്തിയായ. വിയർക്കൽ

ഞാനീ സമയത്ത് ലോകത്തുള്ള സകല ദൈവങ്ങളേയും വിളിച്ചു കൃഷ്ണനെ, ക്രിസ്തുവിനെ അള്ളായെ എന്തിന് കുട്ടിച്ചാത്തനെവരെ

ഈ കാലമൊന്നാഴിഞ്ഞുകിട്ടിയെങ്കിൽ ഏതിനാണ് കൂടുതൽ ശക്തിയെന്നറിയില്ലല്ലോ എന്തായാലും അദ്ദേഹം ഉപദ്രവിച്ചില്ല. എന്റെ സ്ഥിതി കണ്ടിട്ടാവാം.

ഇന്റർവ്യൂ കഴിഞ്ഞു. പുറത്തിറങ്ങി.

ജീവപര്യന്തം കഴിഞ്ഞു പുറത്തിറങ്ങിയ പ്രതീതി.

ചേട്ടനു നന്ദിപറഞ്ഞു............

മുന്നോട്ട് നടക്കുമ്പോൾ, ദാ, മുമ്പിൽ പഴയ 'സാർ'.......ഞാൻ പതുക്കെ തൂണിന്റെ മറവിലേക്ക് പിൻവലിഞ്ഞു.

എന്നാൽ സാറെന്നെ കണ്ടുകഴിഞ്ഞു. ഓടി അടുത്തുവന്നു. തുറിച്ചുനോക്കി. മൈറ്റർ ചീററൽ... .......

''എനിക്ക് നിന്നെപ്പോലെ ഏഴനിയന്മാരാ. അവരുടെ ബുദ്ധിമുട്ടെനിക്കറിയാം. അതു കൊണ്ടുമാത്രം നീ രക്ഷപ്പെട്ടു.... .......''

എന്തോ മഹാപരാധം ചെയ്തപോലെ ഞാൻ നിന്നു.

ഭാവം ശോകം തന്നെ.

കുട്ടികൾ നോക്കുന്നു.

എനിക്ക് കരച്ചിൽ വരുന്നു.

എന്റെ പുറത്തു തട്ടി അദ്ദേഹം തുടർന്നു.

''എന്തായാലും നീ ചെയ്തതു തെറ്റുതന്നെ. അഡ്മിഷൻ കിട്ടിയല്ലോ.........പോട്ടെ ....... സാരമില്ല''

ഞാൻ കലാലയത്തിൽ നിന്നും പുറത്തിറങ്ങി. ഗേറ്റിനരികിലുള്ള തണൽ മരത്തിനു കീഴെക്കു നടന്നു. ആകെ ഒരു തരം ഉന്മാദം. സിരകളിൽ നിന്നും സിരകളിലേക്ക് കത്തിക്കയറുന്നു. മരത്തിനുചുറ്റും വീണു കിടക്കുന്ന മഞ്ഞപ്പൂക്കളിൽ ആത്മാവിന്റെ സ്പന്ദനം........ വർണ്ണപരവതാനി പോലെ അവ ചിതറി കിടക്കുന്നു. കരിഞ്ഞ് മണ്ണടിയുമ്പോൾ, വീണ്ടും മരം ജനനപ്രക്രിയക്ക് തുടക്കമിട്ടിരിക്കും. ഞാനിനി ഇവിടെ എത്രയോ ജനിമൃതികൾ കാണേണ്ടിവരും...........ഒരു ദുരന്തം കണക്കെ കടന്നു വരുന്ന മഞ്ഞിന്റെ തണുപ്പ് ആ വൃക്ഷവൃദ്ധനെ കണക്കറ്റ് ഉപദ്രവിക്കും. ഇലകൾ കൊഴിഞ്ഞ് ദയനീയമായ മിഴികൾ അനന്തവിഹായസ്സിൽ നട്ട്, അത് അടുത്ത വസന്തത്തിനു വേണ്ടി കാത്തിരിക്കും.

ഒരു പക്ഷേ അപ്പോഴവൻ അനാഥത്വത്തിന്റെ വേദന അനുഭവിച്ചറിയും. ശവപ്പെട്ടിക പോലെ കെട്ടിക്കിടക്കുന്ന അനാഥത്വം എന്നും എവിടെയും പ്രശ്നമാണല്ലോ. നിറഞ്ഞ ഇലകളോടെ, കനത്ത ചില്ലകളോടെ, പുഷ്പാലംകൃതമായ മേനിയോടെ പടിഞ്ഞാറൻ കാറ്റിൽ ഒന്നാടി ഉലയണം. അതു മാത്രമേ അവനൊരു ആശയുള്ളൂ. പെട്ടെന്ന് ഞാനും അനാഥനായ പോലെ. മനസ്സിനകത്ത് വല്ലാത്ത വിമ്മിട്ടം, ഭാരം കൂടിയതുപോലെ. സർട്ടിഫിക്കറ്റുകൾ നിറച്ചിരുന്ന പഴയ കീറിത്തുടങ്ങിയ മാസികയുടെ പേജുകൾ ഒന്നൊന്നായി ഞാൻ മറച്ചുകൊണ്ടിരുന്നു.

ഞാൻ ചെയ്തതു തെറ്റാണോ?

ഒരു പക്ഷെ താൽക്കാലിക രക്ഷാകർത്താവിനെ ഹാജരാക്കിയിരുന്നില്ലായിരുന്നെങ്കിൽ എന്റെ പഠനം, അനിശ്ചിതത്വത്തിൽ ആയേനെ.

അപ്പോഴും ആ മഹാൻ പറഞ്ഞതോ ആലോചിക്കരുത്, പ്രവർത്തിക്ക് സമയം കാത്തുനില്ക്കുന്നില്ല, എന്നൊക്കെ...........

ഞാൻ ചെയ്യുന്നതിലേതാണ് ശരി........ ഒരെത്തും പിടുത്തവും കിട്ടുന്നില്ല.

അപ്പോഴും മഞ്ഞപ്പൂക്കൾ കൊഴിഞ്ഞു വീണു കൊണ്ടിരുന്നു.

എത്രപെട്ടെന്നാണ് വർഷം ഒന്നുകഴിഞ്ഞത്. നിമിഷങ്ങളുടെ നീരൊഴുക്കിനു പഴയതിനേക്കാളും ശക്തി കൂടിയതു പോലെ. ജീവിതത്തിന്റെ ഏകാന്തതയെ കീറിമുറിച്ചുകൊണ്ട് കടന്നുപോയ ഏതാനും വർണ്ണസ്വപ്നങ്ങൾ - വിശപ്പിന്റെ വിഹ്വലത, ഹൃദ്യമായ സൗഹൃദത്തിന്റെ മനോഹാരിത - എത്രപെട്ടെന്നാണ് ഒരു വർഷത്തിന്റെ അവസാനമായിയത്.

ദുഃഖത്തിന്റെ കനം കുറഞ്ഞതായി തോന്നിയിട്ടുള്ള കുറെ നല്ല നിമിഷങ്ങൾ - എന്നാലും ആഴ്ചയിലെ കുറഞ്ഞ ദിവസങ്ങൾ മാത്രമേ പഠനത്തിനായി നീക്കിവെക്കാറുള്ളൂ........ ...

നീയെന്തേ ഈ അനാസ്ഥ കാട്ടുന്നു. കൂട്ടുകാരുടെ സ്നേഹം നിറഞ്ഞ ചോദ്യങ്ങൾ.

ഒഴിഞ്ഞു മാറാൻ വേണ്ടി എന്തെങ്കിലും തമാശ നിറഞ്ഞ ഉത്തരങ്ങൾ സൃഷ്ടിക്കുന്നു.

അതിൽ അവരും പൊട്ടിച്ചിരിക്കുന്നു.

അതെ.

ഏറ്റവും ദുഃഖം അനുഭവിക്കുന്നവനേ ഏറ്റവും നല്ല കോമാളിയാകാൻ പറ്റൂ.

ഇന്ന്.

പുതിയ വിദ്യാലയവർഷാരംഭം.

നീണ്ട വെക്കേഷനു ശേഷം വീണ്ടും കോളേജു തുറന്നിരിക്കുന്നു പരീക്ഷകളുടെ ടെൻഷൻ എല്ലാവരും മറന്നിരിക്കുന്നു.

മാസങ്ങൾക്കുശേഷമുള്ള കൂടിച്ചേരൽ. വരാന്തകളിൽ വർണ്ണപ്രപഞ്ചം. ചിരികളും തമാശകളും ഉയർന്നുകേൾക്കാം.

എങ്ങും ശബ്ദമുഖരിതം.

ഈ വർഷം ഞാൻ ലാബിലെ ചെടിയുടെ ആത്മാവു തേടണം - കീറിമുറിക്കണം അതിനായി തയ്യാറെടുക്കുകയാണ്.

പ്രിൻസിപ്പാളിന്റെ മുറിക്കുമുമ്പിൽ നീണ്ട ക്യൂ. ഈ വർഷത്തെ ഡിഗ്രിക്കുള്ള പ്രവേശനം ഇന്റർവ്യൂവാണ് ഞാൻ വെറുതെ ഒന്നെത്തി നോക്കി. ആരെങ്കിലും എന്നെപ്പോലെ, രക്ഷകർത്താവില്ലാതെ -

ഇല്ല. ആരുമില്ല. ചെറിയൊരാശ്വാസം തോന്നി. ഈയുള്ളവനെ പോലെ തെറ്റു ചെയ്യാൻ നിന്നു വിയർക്കാൻ ആർക്കും ഇടവരാതിരിക്കട്ടെ

എല്ലാവരുടെയും കൈകളിൽ സർട്ടിഫിക്കറ്റുകൾ നിറച്ച തിളക്കമാർന്ന ഫയലുകൾ. അവർ രക്ഷകർത്താക്കളോടൊത്തെന്തൊക്കെയോ ചിരിച്ചു സംസാരിക്കുന്നു.

അവരുടെ കാൽമുട്ടുകൾ വിറക്കുന്നില്ല........ മുഖം വാടുന്നില്ല........വാക്കുകൾ പതറുന്നില്ല.

മനസ്സിൽ ചിരിവന്നു. തിരിഞ്ഞു നടന്നു പെട്ടെന്ന് എന്റെ കണ്ണുകൾ ഒരു പഴയ കീറിയ മാസികയിൽ ഉടക്കി അതിൽ സർട്ടിഫിക്കറ്റുകൾ നിറഞ്ഞിരിക്കുന്നു ഞാൻ മുഖമുയർത്തി നോക്കി.

അതെ കീറിയ ഷർട്ടും മുണ്ടുമുടുത്ത്....... തൂണും ചാരി എന്നെപ്പോലൊരുവൻ...... .......

അവൻ ആരെയോ പരതുകയാണ്.

ഞാനവന്റെ അടുത്തുചെന്നു. അതെ ഞാനന്വേഷിച്ചവൻ തന്നെ - ഇവൻ, അല്ല ഞാൻ തന്നെയാണിവൻ

ആരൊക്കെയോ ഉണ്ടായിട്ടും ആരും സ്വന്തമായിട്ടില്ലാത്തവൻ - ഒറ്റ വാക്കിൽ അനാഥൻ

അവന്റെ തളർന്ന കണ്ണുകൾ എന്റെ നേരെ ഉയർന്നു. പിന്നെ എന്തോ പറയാനെന്നപോലെ നാവെടുത്തു...........

ഞാൻകയ്യുയർത്തി വിലക്കി.

അവൻ എന്നെ തുറിച്ചു നോക്കുന്നു - എനിക്കെല്ലാം മനസ്സിലായി.

പിന്നെ അവനെയും കൂട്ടിമുമ്പോട്ടു നടന്നു. ക്യൂവിലേക്ക്....... ...

അപ്പോഴും ഗേറ്റിനരികിലെ മഞ്ഞപ്പൂക്കളും പുതച്ച തണൽമരം നനുത്തകാറ്റിൽ ആടിയുലയുകയായിരുന്നു.





പ്രേമത്തെക്കുറിച്ചാണ് ഇവിടെ പറയാൻ പോകുന്നത്. ആനുകാലിക ജീവിതത്തിൽ അത്യന്തം ദുഷ്കരമായ ഒരു പ്രശ്നമാണിത് എന്താണ്, അനുരാഗങ്ങളില്ലാത്ത ഒരു കാലഘട്ടത്തിലൂടെയാണ് നാം കടന്നുപോകുന്നത്. മരവിച്ച് എവിടെയും ശൂന്യതയാണ്! കണ്ണെത്താദൂരം പരന്നുകിടക്കുന്ന പാടത്തിന്റെ വരമ്പിലൂടെ കൈകോർത്ത് നടന്നുപോകുന്ന മിഥുനങ്ങൾ കഴിഞ്ഞുപോയ ഏതോ ഒരു മൃതകാലാഭിരതി പോലെ ഏതെങ്കിലും പിന്നാമ്പുറങ്ങളിലെവിടെയോ വിങ്ങുന്നു. ആർക്കാണിവിടെ പ്രേമിക്കാൻ സമയം?

ആവിഷ്കാരം നല്കേണ്ട മനുഷ്യമനസ്സിൽ നിന്നും വിഷലിപ്ത ചിന്തകൾ കുടിയേറിയതാണോ കാരണം? ഉൽകൃഷ്ടമായ പ്രേമകഥകളിലേക്ക് ഒരു എത്തിനോട്ടം.

പുറക്കാട്ടുകടപ്പുറത്ത് ഞെട്ടിക്കുന്നതിൽ നനഞ്ഞ ഒരു പ്രഭാതത്തിൽ കൈക്കുഞ്ഞിനെയും തോളിലിട്ട് ''ചേച്ചീ'' എന്നുകരഞ്ഞുകൊണ്ടുള്ള പഞ്ചമിയുടെ വിളി മാറ്റൊലികണക്കെ നാം ഹൃദയത്തിന്റെ അകത്തളത്തിൽ സൂക്ഷിച്ചിട്ടുണ്ട്. പഞ്ചമിയുടെ ചേച്ചി ഇനി തിരിച്ചുവരില്ല. അവളുടെ ചേച്ചി പോയി മറയുകയാണല്ലോ. പുറക്കാട്ടുകടപ്പുറത്തുകൂടി നടക്കുമ്പോൾ ഇവിടെ എവിടെയായിരുന്നു പഞ്ചമിയുടെ കുടിൽ എന്നു സംശയം തോന്നാം. നനഞ്ഞുകുഴഞ്ഞ പഞ്ചാരമണലിലെ അനേകം കാൽപ്പാടുകളിൽ അവളുടെ പാദപ്രതിബിംബങ്ങളുണ്ട്. ദൂരെ വഞ്ചിയുടെ പുറത്ത് ചിന്താമഗ്നനായി അലകടലിലേക്കു നോക്കിയിരിക്കുന്നത് ആരാണ്? പരീക്കുട്ടിയോ? ആയിരിക്കില്ല. പരീക്കുട്ടി മരിച്ചല്ലോ ആ ഗാനവും നിലച്ചല്ലോ!

മലയാളിയുടെ മനസ്സിന്റെ ഏതോ ഒരു

# മറക്കാനാവാത്ത പ്രേമങ്ങൾ

ബിജു വിൻസെൻറ്, ടി.
മൂന്നാം വർഷ ഇക്കണോമിക്സ്.

ഒരു കലാകാരന് ഒപ്പിയെടുക്കാൻ പാകത്തിൽ ധ്യാനത്തിന്റെ അംശമുള്ള പ്രേമങ്ങൾ ഈ കാലഘട്ടത്തിനു നഷ്ടമായിരിക്കുകയല്ലേ? അക്ഷരങ്ങളെ അകർഷിക്കാൻ തക്ക ആത്മാവുള്ള പ്രണയങ്ങൾ ജനിക്കുന്നില്ലന്നാണോ? അതോ ഉദാത്ത പ്രേമങ്ങൾക്ക് അക്ഷരത്തിലൂടെ

ദശാസന്ധിയിൽവച്ച് പ്രണയത്തിന്റെ പൂക്കാലം കൊഴിഞ്ഞുപോയോ? സ്ത്രീ പുരുഷബന്ധത്തിന്റെ മാസ്മരിക പാരുഷ്യ ഏതൊക്കെ കഥകൾക്കു വേണ്ടതായി? ഈ വൈകുന്നേരവഴിയിൽ, ഈ പാർക്കിൽ, ഈ തീരത്തിൽ, ഈ കാമ്പസിൽ നാം പ്രണയജോടികളെ ഒന്നും കാണുന്നില്ലല്ലോ ഉണ്ടല്ലോ!



മാധുര്യമേറിയ ആ വികാരം അവർ പങ്കിടുന്നുണ്ടാവാം എങ്കിലും സുഹ്റായെയും മജീദിനെയും. പോലെയായിരിക്കുമോ?

നമുക്കറിയാം സുഹ്റായും മജീദും കളിക്കൂട്ടുകാരും അതേ സമയം ബദ്ധ ശത്രുക്കളുമായിരുന്നു

അങ്ങനെയിരിക്കേ മാമ്പഴക്കാലം വന്നെത്തി. ഒരു പ്രേമത്തിന്റെ ആരംഭമാണ്

കുന്നിൻ മുകളിൽ താനൊരു മാളിക പണിയുമെന്ന മജീദ്.

''അപ്പം മാളികേടെ പൊക്കം എത്രോം കാണും''–സുഹ്റ

''ഒത്തിരി''

ഒത്തിരിയെന്നുവച്ചാൽ എത്രയെന്ന സുഹ്റക്ക നിശ്ചയമില്ല അവൾ ചോദിച്ചു.

''വാഴോളം''

''വാഴോളം'' അവനു രസിച്ചില്ല. വാഴോളം പൊക്കമുള്ള മാളിക! ''ത്ഫൂ''! എന്നു പറഞ്ഞിട്ട് സുഹ്റയെ നോക്കി.

അവൾ ചോദിച്ചു ''തെങ്ങോളം''?

അതിനെയും അവൻ പരിഹസിച്ചതുകണ്ട് സുഹ്റ ആകാശത്തേക്ക മുഖം ഉയർത്തി സംശയാധീനയായി ചോദിച്ചു– 'മാനത്തോളം'

''അതെ'' മജീദ്'' സമ്മതിച്ചു.

''അതില് ചെക്കൻ ഒററക്കാതാമസിക്കാമ്പോണെ''?

''അല്ല'' അവൻ അറബിക്കഥകളെ ഓർത്തുപറഞ്ഞു .

'ഞാനും ഒരു രാജകുമാരീം,

രാജകുമാരന്റെയും കുമാരിയുടെയും കഥയല്ല. ബഷീർ പറഞ്ഞത്. ആ പ്രണയം പൂത്തുതളിർത്തില്ലെങ്കിലും അത് മലയാളികളുടെ മനസ്സിൽ ഒരു നിത്യവസന്തം തീർത്തു ബാല്യകാലസഖിയിലൂടെ വർഷങ്ങൾ പലതും കഴിഞ്ഞിട്ടും ആ കുസുമം വാടാതെ ഇന്നും നിലനില്ക്കുന്നു. ഒന്നാന്തരമൊരു പ്രണയകഥയത്രെ ബാല്യകാലസഖി.

മലയാളിക്ക് മറക്കാനാവാത്ത പ്രണയങ്ങൾ. അത്ര നിരവധിയാണ്. മധുരമൂറുന്ന ആദ്യത്തെ അഞ്ചാറെണ്ണം നിങ്ങളുടെ മനസ്സിൽ ചെലുത്തുന്ന വികാര സാന്ദ്രത പലതായിരിക്കും. ഇതിൽ നിന്നും ഒന്നോ രണ്ടോ എടുത്തുമാററി പകരം നിങ്ങളുടെ പ്രണയ സാഹസം വിവരിക്കാം പക്ഷെ ഒരിക്കലും ഇതിൽ പറയുന്നവരെ ഒഴിവാക്കി മലയാള കഥ കവിതാസാഹിത്യത്തിന് പൂർണ്ണ രൂപം നൽകാനാവില്ല. പ്രേമം സാർവ്വലൗകികവും ഒന്ന് മററൊന്നിൽ നിന്നും വിഭിന്നവുമാണ്.

മലയാളിയുടെ ഹൃദയസംഗീതമായി മാറിയ രമണനോ? നാലുകോണിലും പ്രേമത്തിന്റെ വർണ്ണനിറക്കൂട്ടുകൾ കോരിയൊഴിച്ച ലോകത്തുനിന്നുമാണ് ആ അനർഗ്ഗളമായ സംഗീത ധാര.

'ഇന്നുമുതൽ ഞാനേകനായോ–
കുന്നിൽ ചെരുവിലിരുന്നു പാടും;
ഉച്ചക്ക് പച്ചമരത്തണലിൽ
സ്വപ്നവും കണ്ടുകിടന്നുറങ്ങും;
ഇന്നു ഞാൻ കാണും കിനാക്കളെല്ലാം
പൊന്നിൻ കളിച്ചുള്ളതായിരിക്കും.
നിർബാധം ഞാനിന്നു നിർവൃതിയിൽ
പാറിപ്പിടിക്കുവാൻ സമ്മതിക്കും
ഏകനായ് ഞാനിതാക്കാട്ടിലേക്ക്
പോകട്ടെ, പോകട്ടെ, ചന്ദ്രികേ ഞാൻ'

ചുണ്ടിൽ വേണുമായി രമണൻ മറയുമ്പോൾ മലയാളിയുടെ ഹൃദയത്തിൽ ഒരു ലയമുയർന്നു. ഒരു തലമുറമുഴുവൻ അതിൽ ലയിച്ചു. ഒരു കാലഘട്ടത്തിന്റെ കാമുകീകാമുകന്മാരായിരുന്നു ചന്ദ്രികാരമണന്മാർ.

''മാനസം കല്ലുകൊണ്ടല്ലാത്തതായുള്ള
മാനവരാരാനുമുണ്ടെന്നിരിക്കുകിൽ
ഇക്കല്ലറതൻ ചവിട്ടുപടിയിലൊ—
രല്പമിരുന്നു കരഞ്ഞേച്ചുപോകണേ,'

യഥാർത്ഥ പ്രേമത്തിലുപരി നമ്മുടെയെല്ലാം മനസ്സിൽ സുന്ദരമായ ഒരു പ്രേമസങ്കല്പമുണ്ട്. രമണനിലൂടെ ചങ്ങമ്പുഴ വരച്ചുകാണിച്ചത്. അത്തരത്തിലൊന്നാണ്. അതൊരല്പം കടുത്ത നിറത്തിലായിപ്പോയി എന്നുമാത്രം. മലയാളത്തിലെ ഏററവും നല്ല പ്രേമനായകനാണ് ചങ്ങമ്പുഴ കുട്ടനാടൻ കർഷകനായ തകഴി നമ്മോട് വികാരസാന്ദ്രമായ സ്വരത്തിൽ

ഒരന്ത്യഗഗനം, ഒരന്ത്യ സമാഗമത്തിൻ ഗഗനം
ഇരുണ്ടതാം ഗൃഹം.........നോക്കി നിന്നേൻ ഞാൻ-
കടന്നുചെന്നു.

കിടപ്പറ ജാലകത്തിൻ ക്ഷണികമായ്
മഞ്ഞവെളിച്ചം ജ്വലിച്ചു നിർവ്വികാരമായ്,
-അന്ന അഹ്മത്തോവ

പറഞ്ഞ പുറക്കാട്ടുകടപ്പുറത്തെ സംഭവം:-അതാകട്ടെ ചെമ്മീനിലൂടെ പുതിയൊരു സംവേദന ശീലത്തിനു വഴിതെളിച്ചു പച്ചമനുഷ്യരായ കറുത്തമ്മയും പരീക്കുട്ടിയും കടലിനെ സാക്ഷിയാക്കി വളർന്ന ബന്ധം എങ്ങുമെത്താതെ മുരടിച്ചു കറുത്തമ്മ മറ്റൊരാളുടെ ഭാര്യയായി. പിന്നെയും പരപുരുഷനെ സ്നേഹിക്കാൻ കഴിയുമോ? കഴിയുമെന്നു പറഞ്ഞുകൊണ്ട് തകഴി കഥയവസാനിപ്പിച്ചു.

അമ്മച്ചിയെയും അച്ഛനെയും വിളിച്ചുകരയുന്ന കുഞ്ഞിനെയുമെടുത്തുകൊണ്ട് പഞ്ചമി കടൽക്കരയിൽ നിന്നുകരയുകയാണ്. രാത്രി ചൂണ്ടക്കുപോയ ചെമ്പനെയും, ഉറങ്ങാൻ കിടന്ന കറുത്തമ്മയെയും കാൺമാനില്ല.

കരഞ്ഞുകൊണ്ടവൾ കുഞ്ഞിനെതലോടി

രണ്ടുനാൾ കഴിഞ്ഞ് ആലിംഗനബദ്ധരായ രണ്ടു ശവങ്ങൾ കരക്കടിഞ്ഞു. അവ കറുത്തമ്മയുടെയും പരീക്കുട്ടിയുടേതുമായിരുന്നു.

എന്നാലും ചെമ്മീൻ മലയാളികളുടെ മനസ്സിന്റെ കണ്ണാടിയിൽ കുടുങ്ങിക്കിടക്കുകയാണ്.

മറ്റൊരു സന്ദർഭമിതാ:-

കറുത്തമ്മ പറഞ്ഞു:-

''അമ്മച്ചി ഇപ്പം വരും''

''അതിനെന്താ?''

അവൾ പേടിച്ചു പറഞ്ഞു

''അയ്യോ, അതുതെറ്റാ കററമ..........''

''കറുത്തമ്മ അകത്താ, ഞാൻ പൊറത്താ''

അതും അയാളെ പറഞ്ഞു മനസ്സിലാക്കണം

എങ്ങിനെ?

പരീക്കുട്ടി ചോദിച്ചു.

''കറുത്തമ്മക്കെന്നോടിഷ്ടമാണോ?''

അവൾ പെട്ടെന്നു പറഞ്ഞു

''ഇഷ്ടമാ''

ആവേശത്തോടെ പരീക്കുട്ടി ചോദിച്ചു

''പിന്നെന്താ കറുത്തമ്മ പൊറത്തുവരാത്തത്?

''ഞാൻ വരത്തില്ല.''

''ഞാൻ ചിരിപ്പിക്കത്തില്ല. ഞാനൊന്നുകണ്ടേച്ചും പൊക്കോളാം''

നിസ്സഹായിനിയായി ''അയ്യോ വേണ്ട'', എന്നു മാത്രം പറഞ്ഞു. അൽപനേരം കഴിഞ്ഞ് അയാൾ പറഞ്ഞു

''എന്നാല് ഞാനുപോണ്''

അതിനുമറുപടിയെന്നോണം അകത്തുനിന്നും ഒരു ശബ്ദമുണ്ടായി.

''എനിക്കെന്നും ഇഷ്ടമായിരിക്കും.''

അതിൽക്കൂടുതൽ പരീക്കുട്ടിക്ക് എന്താണുവേണ്ടത്?

മനസ്സിരമ്പുന്ന കടലോടെ ചെമ്മീൻ വായിച്ചു തീരുമ്പോൾ സാഗര വിസ്തൃതിയാണ് നാം ദർശിക്കുന്നത്.

* * *



പ്രേമിക്കൽ
സമരമാണ്
രണ്ടുപേർ ചുംബിച്ചാൽ
ലോകം മാറുന്നു.
-ഒക്ടേവിയോ പാസ്

പ്രേമത്തിന് അല്പം ഭ്രാന്തിന്റെ അംശമുണ്ടല്ലോ. പക്ഷെ അത് ആദ്യം വിളിച്ചുപറയാൻ ധൈര്യപ്പെട്ടത് കുമാരനാശാനാണ്. അല്ലെങ്കിൽ രണ്ടായിരം വർഷങ്ങൾക്കുമുമ്പ് ഉത്തരമധുരാപുരിയുടെ ഉത്തരോപാംഗത്തിലുള്ള ഒരു വേശ്യ ബുദ്ധ ശിഷ്യനെ പ്രേമിച്ച കഥ ആശാൻ പറയുമായിരുന്നില്ല. പ്രേമത്തിനു സാദ്ധ്യതയില്ലാത്ത മേഖലയിൽപെട്ട വരാണല്ലോ കാമുകീകാമുകന്മാർ.

വാസവദത്തയുടെ ചിതക്കരികിൽ ഇററിററു വീണ കണ്ണീർക്കണങ്ങൾ കാമുകഹൃദയത്തിന്റേതായിരുന്നോ?

ആശാൻ പറയുന്നു.
"കരുതാം മറെറാന്നല്ലരു്" 'കരുണ' തൻ കയത്തിലെ പരിണിതോജ്ജ്വലമുക്താഫലമല്ലാതെ

സ്ഥലകാല അവസ്ഥാഭേദങ്ങൾക്കതീതമായ പ്രേമമാണ് ആശാൻ കരുണയിൽ പറഞ്ഞത്. ഒരു വേശ്യത്തരുണിക്കു പ്രേമിക്കാൻ കഴിയുമോ? അന്ധമായ പ്രേമത്തിന്റെ അലൗകിക സൗന്ദര്യം നമുക്കു പകർന്നുതന്നത് ആശാനാണ്–ആശാൻ മാത്രമാണ്.

ഇവിടെ ആശാന്റെ പ്രധാന പ്രണയകാവ്യം ഏതെന്നു ചോദിച്ചാൽ ഒററകാവ്യവുമായി പറയുക ബുദ്ധിമുട്ടാണ്. നളിനിയോ, ലീലയോ, മാതംഗിയോ, വാസവദത്തയോ അതോ കരുണ തന്നെയോ ? നിങ്ങൾ തീരുമാനിച്ചാൽ മതി.

* * *

മലയാള സാഹിത്യത്തിലെ ഒരു നിറഞ്ഞ പ്രേമമിതാ - ഉറൂബെന്ന പി. സി. കുട്ടികൃഷ്ണന്റെ മായൻ - ഉമ്മാച്ചുമാരുടെ പ്രണയം.

മായനെ സ്നേഹിച്ച് വീരാനെ കെട്ടേണ്ടിവന്ന ഉമ്മാച്ചു. അസ്വസ്ഥമായ ആ രാത്രി ഉമ്മാച്ചുവിന്റെ ഹൃദയം കൂടുതൽ അസ്വസ്ഥമായിരിക്കുകയാണ്. ഒരാഴ്ചയായി മായൻ നാട്ടിൽ വന്നിട്ട്. അവൻ ഇതിനിടക്ക് പല തവണ ഉമ്മാച്ചുവിന്റെ പടിക്കലൂടെ കടന്നുപോയി. വേലിക്കരികിലിരുന്നു മീൻ മുറിക്കുമ്പോളാണ് അവൾ അവനെ ആദ്യമായി കണ്ടത്. ഞെട്ടിപ്പോയി.......... ........... ഹോജരാജാവായതമ്പിരാനേ.................. .......ഒരു നിമിഷത്തേക്ക് ഒന്നും വിചാരിക്കാൻ കഴിഞ്ഞില്ല. അതിനിടക്ക് മായൻ ചുററും നോക്കിയിട്ട് ചോദിച്ചു:-

"എന്തേയ്" ?
"എന്തേയ്; മിണ്ടൂലേ?"
"ഹെപ്പളേ ബന്ന്?"
"ഇന്നലെ"
ഇത്രയുമായപ്പോഴേക്കും ഉമ്മാച്ചുവിനെ ശ്വാസം വീണു. അവൾ വേലിക്കരികിലേക്കു നീങ്ങി നിന്നു ചോദിച്ചു.
"ഇപ്പോ എബിടേ്യാ?"
"എബിടാച്ചാൽ ഇപ്പോ അനക്കെന്ത്യ ? ജ്ജ് ഞമ്മളെ ഒയിച്ചില്ലേ ? "
"തിഥി കൈ അറിയാലോ. പിന്നെ എന്തിരുത്തിനാ ഇച്ചേല് മുള്ള പറേന്ന്"
"ഞമ്മള് ഇപ്പം മുള്ളായി. പുഗ്ഗ്ബേറിയം ആയി, അല്ലേ ?.... ...........ഉം ...................."

മായന്റെ ഒച്ച പതറി. അതൊരു ഗുഹയിൽ നിന്നു പുറപ്പെടുന്നതുപോലെ മുഴങ്ങി. അവൻ ഉമ്മാച്ചുവിനെ അടിമുടിനോക്കി. കാലം അവളിൽ കുറെ മാററങ്ങൾ വരുത്തിയിട്ടുണ്ട്. എന്നാലും അവളൊരു ഹൂറിതന്നെ. അതിരിന്മേലുള്ള തെങ്ങിൻ ചാരിനില്ക്കുന്ന അവൾ ഒരു മുന്തിരിക്കുല തന്നെയാണ്. കാക്ക ഇരുന്ന് അല്പമൊന്നു താഴ്ത്തിയിട്ട മുന്തിരിക്കുല !
"അപ്പോ...........ഞമ്മള് ബരട്ടെ ?"
"പൊഗ്ഗായോ ? "
"നിന്നിട്ടെന്തിനാത്താ ജ്ജ് ഒയരാത്ത; ഞമ്മള് തയ്യത്തും ആട്ടെ, അനക്ക് സൊഹംബറനാലോ ? "



ഉമ്മാച്ചുവിന്റെ കണ്ണുകൾ നിറഞ്ഞു.

''ഇപ്പോ എവിട്യാ'' തൊണ്ടയിടറി ഉമ്മാച്ചു ചോദിച്ചു.

''ബല്ലിച്ച ബയനാടൻ മലേയും മഞ്ഞും തണുപ്പും, അട്ടകടീം കൊണ്ട് കയ്യിന്ന്. ഇഞ്ഞിപ്പോ എബടെ കയിഞ്ഞാലെന്താന്ന്..?''

''എന്നക്കൊള്ള ദേഷ്യം തോന്നരുത്''

''ഞമ്മക്കൊ ? എന്തിന് ? ബേണ്ടാന്ന് ബക്കാനും ബേണന്ന് ബക്കാനും അനക്ക് അകബാസം ഇല്ലേ?''

''ഞാൻ ബേണ്ടാന്ന് ബെച്ചതല്ല''

''പിന്നെ? അന്റെ മേല് ബന്ന് ബീയ്യേ?. കഴിഞ്ഞതെപ്പറ്റിബെറുക്കനെ നൌതാരി കണ്ട''

''ഹത് ഹെന്റെ മേത്ത് ബന്ന് ബീണതു അന്ന്യാ''

''അപ്പോ അനക്ക് തട്ടാർന്നില്ലേ?''

''പെണ്ണായി പ്പോയില്ലേ'' ആ കണ്ണുകളിൽ നിന്നും മിഴിനീരടർന്ന് മാറത്തു വീണു ചിതറി.

മറ്റൊരുവൻ സ്വന്തമാക്കിയ തന്റെ കാമുകിയെ വീണ്ടെടുക്കാൻ ഉറുമ്പിന്റെ ആ നായകൻ പുറപ്പെടുമ്പോൾ ഉമ്മാച്ചുവിന്റെ മനസ്സിൽ ഒരു മല്ലിടൽത്തന്നെ നടക്കുകയായിരുന്നു. പ്രേമവും ജീവിതവും തമ്മിൽ. മായൻ തന്റെ ഭർത്താവായ ബീരാനെ കൊല്ലുമ്പോൾ ഉമ്മാച്ചുവിന്റെ മാതൃഹൃദയം നൊന്തു. എന്നാൽ അവളുടെ സ്ത്രീ ഹൃദയം അചഞ്ചലമായിരുന്നു. അതുമായനനുകൂലമായിരുന്നല്ലോ. ഇവിടെ നിഷ്കളങ്കമായ പ്രണയത്തിന്റെ വിജയമാണ്

* * *

മറ്റൊരു പ്രണയത്തിന്റെ പാരാവാരമിതാ. പ്രേക്ഷകരിൽ ഊഞ്ഞാലാടുന്ന തരളഹൃദയങ്ങൾ. ''ഊഞ്ഞാൽ'' എന്ന കൃതിയിലൂടെ വിലാസിനി ഉത്കൃഷ്ട പ്രണയത്തിന് അടിവരയിടാൻ ശ്രമിക്കുന്നു.

സ്നേഹിച്ച പെൺകുട്ടി മറ്റൊരാളുടേതായി എന്നും സംഭവിക്കാവുന്ന സിറ്റ്വേഷൻ. വിദേശത്തായിരുന്ന വിജയൻ സ്പഷ്ടമെങ്കിലും അസ്പഷ്ടമായ, ആശാമേദുരമെങ്കിലും നൈഷ്ഫല്യഭീതി നിറഞ്ഞ മനസ്സുമായി ആ പഴയ പൂവണിപ്പാതയിലേക്കു വരികയാണ്. അയാളുടെ മനസ്സാകട്ടെ പകുതി ഇവിടെയും മറ്റേ പകുതി മറ്റൊരു ലോകത്തുമാണ്. അത് ഊഞ്ഞാൽ പോലെ ആടിക്കൊണ്ടിരിക്കുന്നു

ഉറക്കം വരുന്നില്ല. വരാൻ പ്രയാസമാണ്. കഴിഞ്ഞതൊക്കെ ആലോചിക്കുമ്പോൾ മനസ്സിൽ സന്തോഷമോ സംശയമോ അധികമെന്നു പറയാൻ പ്രയാസം, പ്രതീക്ഷിക്കാത്ത പലതും സംഭവിച്ചു. സ്വപ്നങ്ങൾ ചിലതൊക്കെ സാധിച്ചു. പക്ഷേ ചോദിച്ച പ്രധാന ചോദ്യത്തിനു മാത്രം ഉത്തരം ലഭിച്ചില്ല. പലവട്ടവും ചോദിച്ചു. തീർത്തു പറയൂ, വിനു എന്റെ കൂടെ പോരാമോ? ഒരേ പല്ലവി തന്നെ. ഇപ്പോ നിർബന്ധിക്കരുത് വിജയാ എനിക്കാലോചിക്കണം. ഇത്രയൊക്കെയായിട്ടും ഇനിയും ആലോചിക്കണോ? വേണം. ഞാനാലോചിച്ച് പറയാം. എന്നും പറയുന്ന മറുപടി തന്നെ.

എന്താണീപെണ്ണിന്റെ മനസ്സിൽ? ഓരോ ചലനവും ആയിരംവട്ടം അപഗ്രഥിച്ചു കഴിഞ്ഞു. എന്നിട്ടും........മുറുകെ . കെട്ടിപ്പുണർന്ന് തന്റെ സർവ്വസ്വവും വിജയനാണ്, വിജയാ എന്നുപറഞ്ഞ വിനു തന്നെയാണ് മറുനിമിഷത്തിൽ ആലോചിക്കാമെന്നു പറഞ്ഞത്. ഇത്രയൊക്കെ ചിന്തിക്കാനെന്തിരിക്കുന്നു. അവൾ വരും. തീർച്ചയായും വരും. അല്ലെങ്കിൽ എന്റെ മടിയിലിരിക്കുമോ? ഉമ്മവയ്ക്കുമോ? ഹായ്!

ആലോചിക്കാനെന്തുരസം. ഓ..........ഞാൻ സ്വപ്നലോകത്താണോ. അല്ല യാഥാർത്ഥ്യത്തിന്റെ ലോകത്തുതന്നെയാണ് എന്തൊരു നിലാവാണിത്? കൊളുത്തിവച്ച ചന്ദ്രനു ചുററും കൈകൊട്ടിക്കളിക്കുന്ന ദിക്കുകളുടെ വെൺപട്ടുവസ്ത്രാഞ്ചലം പോലെ ലോലമായ മേഘങ്ങൾ ചക്രവാളത്തിൽ കിടന്നലയുന്നു.

പക്ഷെ വിലാസിനി വരച്ചുകാണിച്ച വിജയൻ - വിനു ബന്ധം എങ്ങുമെത്താതെ നില്ക്കുന്നു, ഈ സ്വപ്നലോകത്തിനാകട്ടെ ഉദാത്തമായ ചാരുതയാണുള്ളത്.

* * * *

തികച്ചും പുതുമനിറഞ്ഞ ഒരു പ്രേമകഥയാണ് നവാഗതനും മാമ്മൻ മാപ്പിള അവാർഡുജേതാവുമായ ഇ. വി. പവിത്രൻ തന്റെ ചില്ലുകൊട്ടാരങ്ങളിലെ കാവല്ക്കാരിലൂടെ അനുവാചകനു നല്കുന്നത്.

സ്നിഗ്ദ്ധമായ സ്നേഹത്തിന്റെ ഹൃദ്യത കൊച്ചുകൊച്ചു കലഹങ്ങളിലൂടെയുള്ള മധുരതരമായ വേർപാട് ഒടുവിൽ എങ്ങുമെത്താതെ മൃത്യുവിന്റെ അഗാധകയങ്ങളിലേക്കുള്ള യാത്രയാകുമ്പോൾ ഗതകാലം പോലെ തന്നെ ഭാവിയും വ്യത്യസ്തമല്ല എന്നു നാം മനസ്സിലാക്കുന്നു.

ഒരു ടൂർ പ്രോഗ്രാമിനോടു ബന്ധപ്പെട്ടാണ് ജോണിയും ഫെലിക്സും കണ്ടുമുട്ടുന്നത്. വിനോദയാത്ര കഴിയുമ്പോഴാകട്ടെ അനുരാഗബദ്ധരായ രണ്ടു തരള ഹൃദയങ്ങളെയാണ് നാം കാണുക. ജോണിക്കുവേണ്ടി മരിക്കാൻവരെ തയ്യാറായ സുഹൃത്തുക്കൾ. പക്ഷെ അവർക്കും അവനെ രക്ഷിക്കാനായില്ല. ഫെലിക്സ് തന്റെ മാതാപിതാക്കളുടെ നിർബന്ധത്തിനു വഴങ്ങി വിദേശത്തേക്കു പോകുമ്പോൾ നീറിക്കത്തിക്കൊണ്ടിരുന്ന മാനസിക സംഘർഷം ഒരുതരം സൂയിസൈഡൽ സിൻഡ്രോം ആയിമാറുന്നു.

കഥാന്ത്യത്തിൽ ജോണി ആത്മഹത്യയുടെ നനുത്ത വീചികളിൽ അഭയം തേടുമ്പോൾ സഹൃദയന്റെ കണ്ണിൽനിന്നും കണ്ണീരുറ്റുക തന്നെ ചെയ്യും. ഉത്തമമായ പ്രേമസാഹിത്യത്തിന്റെ ആവിഷ്കാരമാണിത്.

* * * *

അടുത്ത പ്രണയം നിങ്ങളുടേതാകട്ടെ. കലാലയത്തിന്റെ ഇരുളടഞ്ഞ ഗോവണികളിൽ നിന്നും, അല്ലെങ്കിൽ സ്കൂളിന്റെ അകത്തളങ്ങളിൽ നിന്നും പൂവിടുന്ന കൗമാരപ്രണയങ്ങൾ! സ്വപ്നങ്ങളും മിഥ്യയും ഇടകലർന്ന ഒരുതരം മായാലോകം. അല്ലെങ്കിൽ അത് കളിക്കൂട്ടുകാരിയുടെ നേരമ്പോക്കുകളും, നർമ്മഭാഷണങ്ങളും നിറഞ്ഞ സുന്ദരമായ സായംസന്ധ്യയായിരിക്കാം.

ഹൈസ്കൂൾക്ലാസുകളിൽ കണ്ണുകൾ പരസ്പരം ഇഴകൾ നെയ്യുമ്പോൾ നെഞ്ചിലെ താളം മുറുകിയോ? പാടാത്തപൈങ്കിളിയും, ഇണപ്രാവുകളും ഒററയിരിപ്പിനു വായിച്ചുതീർത്ത നിറഞ്ഞ സന്ധ്യകൾ മനസ്സിലിടമില്ലെങ്കിലും മുട്ടത്തു വർക്കിയും, കാനം ഇ. ജെ. യും കൗമാരപ്രണയത്തിന്റെ സ്മാരകശിലകളെന്ന രൂപത്തിൽ നിങ്ങളുടെ മനസ്സിലില്ലെന്നു പറയാനാവുമോ?

കൗമാരത്തിന്റെ ഏതു ഘട്ടത്തിൽവച്ചാണ് അനുരാഗം ജീവിതത്തിന്റെ ഭാഗമായത്? നനവൂറുന്ന ചിന്തകളിലൂടെ തന്റെ കാവ്യഭാവനയെ സംപുഷ്ടമാക്കിയ പെൺകുട്ടിയോട് മയത്തിൽ താനാണ് എന്റെ എല്ലാം എന്നു പറയുന്ന യുവ കലാകാരനോട് മയത്തിൽ പെരുമാറാൻ, ചീഞ്ഞളിഞ്ഞ നഗരസംസ്കാരത്തിന്റെ സന്തതിയായ അവൾക്കു ഹൃദയമില്ലല്ലോ.

ഇവിടെ വിശുദ്ധപ്രണയം മരിച്ചുകഴിഞ്ഞു.



# മ്യൂസിക് ക്ലബ്ബ്-പ്രവർത്തന റിപ്പോർട്ട് 1991-92

കോളേജു വിദ്യാർത്ഥികളുടെ സംഗീത വാസനയെ കണ്ടെത്തുന്നതിനും പ്രോത്സാഹിപ്പിക്കുന്നതിനുംവേണ്ടി രൂപം കൊടുത്തിട്ടുള്ള ഒന്നാണ് മ്യൂസിക് ക്ലബ്ബ്. ഇതിന്റെ 1991ലെ പ്രവർത്തനങ്ങൾക്ക് അധ്യയനവർഷാരംഭത്തോടുകൂടിത്തന്നെ തുടക്കമിട്ടു.

വൈസ് പ്രിൻസിപ്പാൾ ഫാ: ഡോ: ജോസഫ് പീറ്റർ പിട്ടാപ്പിള്ളിൽ രക്ഷാധികാരിയായുള്ള ഈ ക്ലബ്ബാണ് അംഗസംഖ്യകൊണ്ട് കോളേജിലെ ഏറ്റവും വലിയ ടാലന്റ് ക്ലബ്ബ്. ഏതാണ്ട് 200 ഓളം കലാകാരന്മാർ (കാരികൾ) ക്ലബ്ബിലൂടെ തങ്ങളുടെ കഴിവുകൾ വളർത്തിയെടുക്കുന്നു, വോക്കൽ സെക്ഷനിലാണ് കൂടുതൽ കലാകാരന്മാരെങ്കിലും വയലിൻ: മൃദംഗം, തബല, ഗിറ്റാർ, ഹാർമോണിയം, ഡ്രംസ് എന്നിവയിലും അഭിരുചിയുള്ളവരുടെ എണ്ണവും ചെറുതല്ല. അതിൽതന്നെ പലരും പല മേഖലകളിലും പ്രശസ്തരാണെന്നുള്ളതാണ് ക്ലബ്ബിന്റെ പ്രത്യേകത.

കഴിഞ്ഞവർഷം മ്യൂസിക് ക്ലബ്ബ് നേട്ടങ്ങളുടെ വർഷമായിരുന്നു. ആഴ്ചയിലെ എല്ലാ തിങ്കൾ, ബുധൻ, വെള്ളി ദിവസങ്ങളിൽ ക്ലബ്ബംഗങ്ങൾ ഒന്നിച്ചുകൂടുകയും, കഴിവുകൾ പ്രാഥമിക പ്രദർശനമെന്നവിധം അവതരിപ്പിക്കുകയും ചെയ്തിരുന്നു. കോളേജിലെ ''ഹാർമ്മണിഫെസ്റ്റ് 91'' ൽ ഓർക്കെസ്ട്ര അവതരിപ്പിച്ചത് മ്യൂസിക് ക്ലബ്ബിന്റെ നേതൃത്വത്തിലാണ്. കഴിഞ്ഞ അധ്യയനവർഷത്തിൽ ക്ലബ്ബംഗങ്ങൾ ആദ്യമായി ''സ്റ്റാലിയൻസ് ഇന്റർ നാഷണൽ കേരള'' സംഘടിപ്പിച്ച യൂത്ത് ഫെസ്റ്റിവലിൽ പങ്കെടുക്കുകയും കോളേജ് ചാമ്പ്യൻഷിപ്പിൽ രണ്ടാം സ്ഥാനം നേടിയെടുക്കുകയും ചെയ്തു. നൃത്ത അഭിനയ മത്സരങ്ങളിൽ ആരുംതന്നെ പങ്കെടുക്കാതിരുന്ന നമ്മുടെ കോളേജിന് രണ്ടാംസ്ഥാനം നേടിത്തന്നത് സംഗീതം ഒന്നുമാത്രമാണ്. യൂണിവേഴ്സിറ്റി യുവജനോത്സവത്തിൽ നമ്മുടെ ക്ലബ്ബ് കോളേജിനെ പ്രതിനിധീകരിച്ചു പങ്കെടുത്തെങ്കിലും ആവർത്തനവിരസമായ ഗാനം ആലപിച്ചതുകൊണ്ടോ എന്തോ നമുക്ക് നാലാം സ്ഥാനത്തേക്ക് പിൻവാങ്ങേണ്ടിവന്നു. എന്നിരുന്നാലും മുപ്പത്തഞ്ചോളം ടീമുകൾ പങ്കെടുത്ത ''ഗാന്ധിഫെസ്റ്റിൽ'' നാലാംസ്ഥാനം ചെറിയസ്ഥാനമൊന്നുമല്ല. മ്യൂസിക് ക്ലബ്ബംഗമായ സർലീന വേലായുധൻ (രണ്ടാം വർഷ സുവോളജി) കവിതാപാരായണത്തിൽ ഒന്നാം സ്ഥാനം നേടി. അതേപോലെ തന്നെ വെസ്റ്റേൺ ഗ്രൂപ്പ് മ്യൂസിക്കിലും നമ്മുടെ കോളേജ് ഒന്നാം സ്ഥാനം നേടി. മധുമേനോൻ (ഒന്നാം വർഷ സുവോളജി) രമേഷ്കുമാർ (ഒന്നാം വർഷ കെമിസ്ട്രി) സ്വപ്ന അന്ന ജോസഫ് (ഒന്നാം വർഷ കെമിസ്ട്രി) എന്നിവരാണ് ട്രൂപ്പിനെ നയിച്ചത്. കൂടാതെ കേരളത്തിനു പുറത്തും നിരവധി പരിപാടികളിൽ മ്യൂസിക് ക്ലബ്ബ് പങ്കെടുത്തിട്ടുണ്ട്. അങ്ങിനെ നമ്മുടെ കലാലയത്തിന്റെ നാമം കേരളത്തിനു പുറത്തെത്തിക്കുവാനും കഴിഞ്ഞു. ഇതിൽ Y. V. രാജേഷ് (ഒന്നാം വർഷ ഫിസിക്സ്) യാസർ മാത്യു (ഒന്നാം വർഷ മാത്സ്) എന്നിവർ തികച്ചും അഭിനന്ദനാർഹരാണ്. കോളേജ് ദിനാഘോഷപരിപാടികളിൽ പ്രിയ A. V. മേരിനോമ പ്രശാന്ത അന്നിവർ ആലപിച്ച പ്രാർത്ഥനാഗാനം മുതൽ പരിപാടിയുടെ അവസാനംവരെ മ്യൂസിക് ക്ലബ്ബിന്റെ സാന്നിദ്ധ്യം നിറഞ്ഞുനിന്നിരുന്നു.

സഹദേവൻ (സെക്രട്ടറി) ഒന്നാം വർഷ ബോട്ടണി, അനുപമപോൾ (ലേഡീ സെക്രട്ടറി) രണ്ടാം വർഷ പ്രീഡിഗ്രി എന്നിവർ മേൽനോട്ടം വഹിച്ച മ്യൂസിക് ക്ലബ്ബിന്റെ കഴിഞ്ഞവർഷത്തെ പ്രവർത്തനങ്ങൾക്ക് സാമ്പത്തികമായി ഫണ്ടൊന്നുമില്ലാതിരിക്കെ നേടിയ നേട്ടങ്ങളെയെല്ലാം നമ്മുടെ പ്രിൻസിപ്പാൾ അഭിനന്ദിക്കുകയും 92-93 വർഷത്തെ പ്രവർത്തനങ്ങൾക്ക് സഹായങ്ങൾ വാഗ്ദാനം ചെയ്യുകയും ചെയ്തു.

കഴിഞ്ഞ അധ്യയന വർഷാവസാനത്തോടെ വൈസ് പ്രിൻസിപ്പാളിന്റെ നേതൃത്വത്തിൽ അവസാനയോഗം കൂടുകയും അദ്ദേഹം എല്ലാവർക്കും മധുരം വിതരണം ചെയ്യുകയും ചെയ്തു. അടുത്തവർഷത്തെ പുതിയ കലാകാരന്മാർക്കും കലാകാരികൾക്കും സ്വാഗതമോതിക്കൊണ്ട് മ്യൂസിക് ക്ലബ്ബിന്റെ 91ലെ പ്രവർത്തനങ്ങൾ അവസാനിച്ചു.

സെക്രട്ടറിമാർ

SAHADEVAN
ANUPAMA PAUL

# THE SPIRIT OF ADVENTURE IS NOT DEAD

1. The Spirit of adventure means the inspiration and enthusiasm to perform brave deeds. It generally refers to the pursuit after sensational attainments. For example, we feel a thrill of joy to hear such names as Columbus, Vasco de Game, Hilari and Tenzing, Robert Peary, Captain James Cook, Armstrong and Wright Brothers. The cause of this excitement is the achievements associated with these persons namely, the discovery of America, seafaring, conquest of the Everest, expedition to the North pole, the discovery of Antartica, the first landing on the moon, and the invention of the aeroplane respectively. We qualify these renowned men as adventurers solely from the view point of their primacy in the corresponding fields. Then, what about the endeavours and sacrifices of their precursors? Do we accredit their successors on an equal footing? It is explicit therefore that the spirit of adventure is not dead.

II. The spirit of adventure is a unique quality of man because he is a rational being It is an aspect of human nature which remains unchanged. Therefore every sane person is adventurous in some area or other. Adventures have become so common phenomena that we just ignore them. We notice only the most conspicuous adventures. It follows that the spirit of adventure is dynamic in this age of magnificent obscession with greatness. Every invention is a flower and every discovery is a fruit of the Autumnof adventure.

III. It is the spirit of adventure that drives personal endowments or talents to flourish in the form of achievements. History is the scientific record of hnman attainments, we read of the rise and fall of civilizations and empires. The Egyptian, the Greek, the Mesopotanian and the Indusvalley civilizations speak volumes on the spirit of adventure of our ancestors. We admire the glory of the Roman empire. We pride over the Maurian empire, but we are dismayed by the disintegration of the Mughal empire that paved the way for the British Colonialism in India. It was the spirit of adventure that animated men of vision to exploit the opportunities. History repeats itself in the sense that the same spirit of adventure is the foundation of this "brave new world".

IV. It is in the sphere of national integration, unity of mind and heart, that we experience imperssively the ambitiouts spirit of adventure The buoyant emergence of modern India as the largest democracy is an effulgent dimension of national adventure. We celebrate the memories of several apostles of national integration. And I may specify here the spectacular celebrities of the lot sirdar Vallabhai Patal' the iron man of India tops the list. His wisdom facilitated the consolidation of independent India that had been divided into petty kingdoms. Pandit Jawaharlal Nehru, the architect of modern India, made adventurous experimenrs with secularism and non-alignment. He won laurels for the nation and enhanced national integration through his books, public speeches, edifying conduct, and enlightened policies particulary socialism. Indira Gandhi followed the footprints of her illustrious father. She championed the cause of territorial integrity as well as emotional integration. Her vicissitudes in the political career leave behind indelible impressions and her political martyrdom culminates the spirit of adventure. The era of Rajiv Gandhi faced new challeges which the hero encountered in the light of the Nehruvian political legacy. His dream of the XXI century comprised national integration, economic sufficiency and total literacy. The tragedies of the mother and the son resound the historic exclamation of Joan of Arc in Bernad Shaw's **Saint Joan** "O God that made this beautiful earth, when will it be ready to receive thy Saints? How long, O Lord, how long?"

V. In the contemporary world the spirit of adventure enlivens humenitarianism, ferments commerce, promotes education and evangelizes the whole world. It the Gulf wer was the symptom of dehumanization, the yeoman's services of Mother Teresa are

redemptive. The conversion of Russia is an ever fresh triumph in the annals of political adventures. Nelson Mandela's non-violent approach to apartheid confirms that the Gandhian spirit of adventure is not dead. Thousands of Christian missionaries and other religious leaders volunteer to preach the priority of spirituality in human life. The periodical innovations in education and the preparedness of teachers to teach by what they are before what they know, brings home to us that the spirit of adventure is not dead. The advance in non formal education, the liberal harnessing of all human resources, the various provisions for adequate job-opportunities at home and abroad express the impact of the spirit of adventure. Scholars in the various departments of learning evince the Ulyssian aspiration "to strive, to seek, to find and not to yield".

Vi. Let me strengthen my argumente quoting philosopher Ralph Emerson:

Not gold, but only men can
Make a people great and strong.
Men who for truth and honour's sake
Stand fast and suffer long
Brave men who work while others sleep
who dare while others flee
നിയോ റിയലിസ്റ്റ് ശൈലിയിൽ പൂർത്തിയാക്കിയ ഡിസിക്കയാണ് (Vittoria Desica) ആണ് റായിയെ സിനിമ നിർമ്മിക്കുന്നതിലെ ഗൗരവം ബോധ്യപ്പെടുത്തിയത്. BillaThieves-ൽ നിന്നാണ് തന്റെ സിനിമാ ചിന്തകം തുടങ്ങുന്നതെന്നു റായി പറയുന്നു. തന്റെ 'ചെറുപ്പകാലത്ത് കൽക്കട്ടയിൽ വന്നുകൊണ്ടിരുന്ന ഹോളിവുഡ് സിനിമകളും സിനിമയുടെ രൂപത്തെക്കുറിച്ച് തന്നെ ബോധവാനാക്കി'. ഇതിനിടയിൽ റായി ഡിസൈനറായി ജോലിനോക്കിയിരുന്ന കമ്പനി പരിശീലനത്തിനായി ഇംഗ്ലണ്ടിലുള്ള അവരുടെ ഹെഡ്ഡാഫീസിലേക്കയച്ചു. റായിയെ സംബന്ധിച്ചിടത്തോളം ഇതൊരു വലിയ അനുഗ്രഹമായിരുന്നു. ആറുമാസം കൊണ്ട് സുഹൃത്തുക്കളുടെയും ലണ്ടനിലെ ഫിലിംസൊസൈറ്റികളുടെയും സഹായത്താൽ വിശ്വസിനിമകളിൽ പ്രധാനപ്പെട്ടതെല്ലാം കണ്ടുതീർത്തു. ഇംഗ്ലണ്ട് യാത്രക്കുമുമ്പുതന്നെ ഫ്രഞ്ചുസംവിധായകനായ ഴാങ്റെനോയറിന്റെ 'റിവർ' (River) എന്ന സിനിമയുടെ സഹസംവിധായകനാവാൻ റായിക്ക് അവസരം ലഭിച്ചിരുന്നു. ഗംഗാനദിയുടെ പശ്ചാത്തലത്തിൽ ജീവൻവച്ച പ്രശസ്ത സിനിമയാണ് റിവർ.

ഇംഗ്ലണ്ടിൽനിന്നും തിരിക്കുമ്പോഴേക്കും റായി ചില പ്രധാന തീരുമാനങ്ങളെടുത്തിരുന്നു. ഇല്ലസ്ട്രേറ്ററുടെ ജോലി രാജിവച്ചു. യാത്രക്കിടയിൽ മുഴുമിച്ച 'പാഥേർ പാഞ്ചാലി' തിരക്കഥയായതോടെ സാക്ഷാത്കാരത്തിനുള്ള ശ്രമമായി. സ്വാതന്ത്ര്യപൂർവ്വകാലഘട്ടത്തിൽ എഴുതപ്പെട്ട മഹത്തായ ഒരു കൃതിയാണ് 'പാഥേർ പാഞ്ചാലി'.

വിഭൂതിഭൂഷൻ ബന്ദോപാദ്ധ്യായയുടെ നോവൽ സിനിമയാക്കാൻ പലരും അദ്ദേഹത്തെ സമീപിച്ചിരുന്നു. എല്ലാവരും നിരാശരായിടത്ത് ഒരു മുൻപരിചയവുമില്ലാത്ത റായിക്ക് അവസരം ലഭിച്ചു. ഇല്ലസ്ട്രേഷനുകളും ക്യാമറയുടെ, ആംഗിളുകളും ഫ്രെയിമിന്റെ വിസ്താരവുമെല്ലാം തികഞ്ഞ ഒരു തിരക്കഥയായിരുന്നു റായിയുടേത്. പക്ഷെ നിർമ്മാണത്തിന് വല്ലാതെ ബുദ്ധിമുട്ടേണ്ടിവന്നു. തന്റെ ഭാര്യവുടെ സ്വർണ്ണാഭരണങ്ങളെല്ലാം വിറ്റു. എല്ലാം വിറ്റുപെറുക്കി നീണ്ട എട്ടുവർഷത്തെ ദുരിതങ്ങൾക്കും കഷ്ടപ്പാടുകൾക്കും ശേഷം അന്നത്തെ ബംഗാൾ മുഖ്യമന്ത്രിയായിരുന്ന ബി. സി. റോയി സഹായധനം റായിക്കു നൽകി.

നീണ്ട കാത്തിരിപ്പിനും വിശ്രമമില്ലാത്ത അദ്ധ്വാനത്തിനും ശേഷം 1956 ൽ കാൻ ചലചിത്രോത്സവത്തിൽ പ്രദർശനത്തിനായി "പഥേർ പാഞ്ചാലി" എത്തി അവിടെ വച്ച് വിശ്വസിനിമകളുടെ ഇതിഹാസത്തിലെ രണ്ട് അതികായൻമാരുടെ അരങ്ങേറ്റമായിരുന്നു പഥേർപാഞ്ചാലിയുമായി റായിയും, റാഷോമോണുമായി അതിരാകുറോസോവയും. മികച്ച ഹ്യൂമൻ ഡോക്യുമെന്ററി ചിത്രമായി പഥേർപാഞ്ചാലി തെരഞ്ഞെടുക്കപ്പെട്ടു. ഹരിഹർ എന്ന ഗ്രാമീണന്റെ അനാഥമായ കുടുംബം പട്ടിണിയുടെ കൊടുംവേനലിൽ നിസ്സഹായരായി ജീവിതം തള്ളിനീക്കുന്നതിന്റെ യഥാർത്ഥ ചിത്രീകരണമാണു് പഥേർപാഞ്ചാലി. വറുതിബാധിച്ച സ്വന്തം ഗ്രാമം വിട്ട് ജോലി തേടി ഹരിഹർ വീടുവിട്ടുപോകുന്നു. മക്കളായ ദുർഗ്ഗയുടെയും അപ്പുവിന്റെയും പ്രായമായ അമ്മായിയുടെയും ചുമതല ഹരിഹറിന്റെ ഭാര്യയുടെ ചുമലിലാകുന്നു. പ്രതാപം സ്വയാഹ്നമാക്കാനുള്ള ബദ്ധപ്പാടിലാണു് ഹരിഹറിന്റെ ഭാര്യ. വിശപ്പൊരിക്കലും തീരാത്ത തള്ളയും, മോഷ്ടിക്കുന്ന ദുർഗ്ഗയെപ്പറ്റി പരാതിപറയുന്ന അയൽക്കാരിയും എല്ലാം തന്നെ അവരുടെ അസ്വാസ്ഥ്യം വർദ്ധിപ്പിക്കുന്നു. ക്രോധത്താൽ ഒരു തവണ തള്ളയെയും ദുർഗ്ഗയെയും വീട്ടിൽനിന്നിറക്കിവിടുകയും ചെയ്യുന്നു. പിന്നീട് ഉണങ്ങിയ മരങ്ങൾക്കിടയിൽ കളിക്കുമ്പോൾ അപ്പുവും ദുർഗ്ഗയും മരിച്ച് മരവിച്ചു കിടക്കുന്ന തള്ളയെ കാണുന്നു. നിഗൂഢമായനിയതിയുടെ ആവേശ

ടി. ആർ. രാജേഷ്

സത്യജിത്റായി
ഇന്ത്യൻ സിനിമയിലെ
അത്ഭുതം



# സത്യജിത് റായി ഇന്ത്യൻ സിനിമയിലെ അത്ഭുതം

ഗത്തിനുമുമ്പിൽ ദുർഗ്ഗയും അപ്പുവും നിസ്സഹായരായിത്തീരുന്നു ഈ ദർശനത്തിന്റെ പ്രതീകമാണ് നീണ്ടുവളർന്ന പുല്ലുകൾക്കിടയിലൂടെ കടന്നുപോകുന്ന തീവണ്ടി.

വേനലിന്റെ ക്രൗര്യത്തിനും നെടുനിശ്വാസങ്ങൾക്കുമൊടുവിൽ ആകാശത്ത് കാർമേഘങ്ങൾ കനത്തു. തിമിർത്തു പെയ്യുന്ന മഴക്കുകീഴെ അപ്പുവും ദുർഗ്ഗയും ഏററവും നിഷ്കളങ്കതയോടെ തമ്മിൽ ചേർന്നു നിൽക്കുന്നു. പുതുമഴയുടെ ചുവട്ടിൽ നിൽക്കുന്ന അപ്പുവും ദുർഗ്ഗയുമറിയുന്നതു് പ്രകൃതിയുടെ ഭാവപ്പകർച്ചയാണ്. രോഗബാധിതയായി ക്ഷണത്തിൽ ദുർഗ്ഗ മരിക്കുന്നു. പരിപൂർണ്ണമായ തകർച്ചയിൽ നിന്നും പ്രകൃതിജീവന്റെ തുടർച്ച വീണ്ടെടുക്കുന്നു. അതിന്റെ മനോഹാരിത അത്യുജ്ജ്വലങ്ങളായ ദൃശ്യബിംബങ്ങളിലൂടെനമുക്ക് അനുഭവവേദ്യമാക്കിത്തരുന്നു.

മറെറാരിടത്ത് ജോലി സാധ്യതകണ്ടെത്തിയ ഹരിഹർ തിരിച്ചുവന്നു് ദുരന്തം നക്കിയെടുത്ത തന്റെ കുടുംബവുമായി കാളവണ്ടിയിൽ കയറിപ്പോകുന്നതാണ് അവസാന രംഗം. ഒരു രാഗഗീതത്തിന്റെ അഗാധതയോടെ ആ രംഗം ഇപ്പോഴും മനസ്സിൽ നിറയുന്നു. ദാർശനികന്റെ അപാരമായ കരുണയോടും രജശില്പിയുടെ വൈദഗ്ധ്യത്തോടും സൃഷ്ടിച്ച പഥേർ പാഞ്ചാലി എന്നും ഒരു വിസ്മയമാണ്. കൊടുങ്കാററിൽ ഇളകിയടർന്നു പോയ ഒരു കുടുംബം നീണ്ടവേനലിന്റെ ഇരുണ്ട മഴയിലേക്കു നടത്തുന്ന യാത്രയാണു് പഥേർപാഞ്ചാലി. ജീവിതത്തിന്റെ പ്രപഞ്ചതത്വം അത്യന്തം വെളിവാക്കുന്നിടത്താണ്. പഥേർപാഞ്ചാലിയുടെ ഔന്നത്യം.

1951ലെ വെനീസ് ചലച്ചിത്രമേളയിൽ പ്രദർശിപ്പിച്ച അപരാജിതോ-റായിയുടെ സർഗ്ഗശക്തിയെ ഒന്നുകൂടി വെളിവാക്കി. Golden lion of saint Mark അവാർഡും അപരാജിതോക്കുലഭിച്ചു.

പട്ടണത്തിലേക്കു കുടിയേറിയ ഹരിഹർ പിന്നീടവിടെത്തന്നെ സ്ഥിരമാക്കുന്നു. അവിടെ വച്ച് അപ്പുവും അമ്മയും പുതിയ ഭാവവൈവിധ്യങ്ങൾക്ക് അടിമപ്പെടുന്നു. വളർന്നുവരുന്ന അപ്പു എപ്പോഴും തന്റെ അരികത്തുണ്ടായിരിക്കണമെന്നു് അസുരക്ഷിതത്വം ഏതാണ്ട് ജനനം മുതൽ അനുഭവിച്ച അവരാഗ്രഹിച്ചു. തൻമൂലം ഘർഷണാത്മകമായ അവസ്ഥയിലേക്കു് ആ ബന്ധം വളർന്നു. (Oedipus Complex) ഒരു നാൾ അപ്പുവീടുവിട്ടുപോകുന്ന മകന്റെ വരവും കാത്തിരിക്കുന്ന അമ്മയുടെ കഥയാകുന്നു ഒടുവിൽ അപരാജിതോ. ഈ സിനിമയിൽ അർത്ഥപൂർണ്ണമായ ഉപദർശനം രൂപപ്പെടുത്തിയെടുക്കുന്നതിൽ റായിപൂർണ്ണമായും വിജയിച്ചിരിക്കുന്നു. മരിക്കാറായ തന്റെ അമ്മക്കു ഗംഗാജലം കൊണ്ടുവരാനായി അപ്പു പുഴക്കരെയിലെത്തുന്നു, നേരം പുലർന്നിട്ടില്ല. ഗംഗശാന്തയായി നിറഞ്ഞൊഴുകുന്നു. ഗംഗാജലം മുക്കിയെടുക്കുന്നതിനുമുമ്പേ അപ്പു സ്ഥലമാകെ വീക്ഷിച്ചു. ഒററത്ത്. കായികാഭ്യാസം നടത്തുന്ന ഫയൽവാനെ അയാൾ സാകൂതം നോക്കിനിൽക്കുന്നു. കുറച്ചുകഴിഞ്ഞ് ജലവുമായി വന്ന് മരിച്ചുതുടങ്ങുന്നയാളുടെ വായിൽ ഇററിക്കുന്നു. വിടപറയുന്നതിനുമുമ്പേ അയാളുടെ ആത്മാവ് ഒന്നു വലിഞ്ഞുമുറുകുന്നു. ക്ലോസപ്പിൽ വരുന്ന മുഖം നിലവിട്ട് താഴുന്നു. പിന്നീട് കാണുന്നത് സിത്താറിന്റെ വലിഞ്ഞുമുറുകിയ കമ്പിനാദത്തോടൊപ്പം, പുഴയുടെ തീരത്തെ ഏതോ ഒരു ക്ഷേത്രത്തിന്റെ മുകളിൽനിന്നും അസംഖ്യം പക്ഷികൾ ചിറകടിച്ചുപറക്കുന്നതാണ്. പിന്നീട് കൃമമവന്നുനിൽക്കുന്നത് ഒന്നും സംഭവിച്ചിട്ടില്ലാത്ത മട്ടിൽ ഒഴുകുന്ന ഗംഗയിലാണ്. സിനിമാററിക് എക്സ്പ്രഷനിസം (Cinematic Expressionism) എന്ന സങ്കേതത്തിന്റെ അപൂർവ്വ സാഫല്യമാണ് അപരാജിതോയിലെ മേൽപറഞ്ഞ രംഗം.

സത്യജിത്റായി പ്രമേയത്തിന്റെ സ്വഭാവത്തോട് വിധേയത്വം ഉണ്ടാകുന്നത് ഇഷ്ടപ്പെട്ടിരുന്നില്ല. ഗൗരവസ്വഭാവമുള്ള സിനിമകൾക്കുശേഷം ഹാസ്യത്തിന് മുൻതൂക്കമുള്ള 'പരസ്പാഥർ' നിർമ്മിച്ചതിൽനിന്നും നമുക്കിതു മനസ്സിലാക്കാം. റായി ഏതെങ്കിലും പ്രത്യേക ലേബൽ ഇഷ്ടപ്പെട്ടിരുന്ന ആളല്ല. വിലകുറഞ്ഞ മെററലുകളെല്ലാം സ്വർണ്ണമാക്കാൻ കഴിയുന്ന പരസ്പാഥർ കിട്ടിയതോടെ ഒരു ഗവൺമെൻറു ക്ലർക്കിന്റെ സ്വൈരജീവിതവും സ്വാസ്ഥ്യവും നശിക്കാൻ തുടങ്ങി. പരസ്പഥറിനായി ആർത്തിപൂണ്ടു വരുന്നത് പണക്കാർ തന്നെയെന്നുകണ്ടപ്പോൾ പണത്തിന്റെ വ്യർത്ഥതയെക്കുറിച്ചയാൾ ബോധ

ടി. ആർ. രാജേഷ്

ത്തടുക്കും ചിട്ടയും നഷ്ടപ്പെട്ട തന്റെ വിചാരങ്ങളും പേടികളും വെളിവാക്കുന്നു. മധ്യത്തിൽ റക്ഷ നേടുന്ന നായക് തീവണ്ടിയിൽ യാത്രചെയ്യുന്നത് തലസ്ഥാനത്ത് തനിക്ക് പ്രഖ്യാപിച്ച അവാർഡ് സ്വീകരിക്കുന്നതിനാണ്. തനിക്ക് നഷ്ടമായ, തന്റെ പഴയ നാടകട്രൂപ്പ് ഉടമസ്ഥന്റെ ആദർശവും സ്നേഹവും, തൊഴിലാളി നേതാവായ സുഹൃത്തിന്റെ നിർബന്ധത്തിനുവഴങ്ങാതെ തൊഴിലാളികളെ അഭിസംബോധന ചെയ്യാതിരുന്നതും, തനിക്കുണ്ടാകുന്ന സ്ഥിരം ദുഃസ്വപ്നവും (നോട്ടുകൾക്കു നടുവിൽ ആണ്ടുപോകുന്നതും) എല്ലാം ഓർക്കുന്ന നായക് വല്ലാത്തൊരു പ്രതിസന്ധിയെ നേരിടുന്നു. ഒടുവിൽ തലസ്ഥാനത്ത് എത്തിച്ചേരുമ്പോൾ തന്റെ ചോദ്യങ്ങളോടൊപ്പം അയാൾ ആരാധകർക്കിടയിൽ അപ്രത്യക്ഷനാകുന്നു.

യാത്രയുടെ വൈവിധ്യത്തെ ഇന്ത്യൻ പശ്ചാത്തലത്തിൽ വിവരിക്കുകയാണ് റായിയിവിടെ ചെയ്തത്. പാശ്ചാത്യ സിനിമകളിൽ ഇതിന്റെ അത്യുജ്ജ്വലങ്ങളായ മൂന്നു മാതൃകകളാണ് ബെർഗ്മാന്റെ (wild straw-berries) (1957) ഗോദാർദിന്റെ (weekend) (1967) തർക്കോവ്സ്കിയുടെ ഡൊളാരിഷ് (1972) ബെർഗ്മാന്റെ പ്രൊ: Brog തന്റെ ജീവിത സായാഹ്നത്തിൽ അപൂർവ്വമായൊരു ബഹുമതി സ്വീകരിക്കുന്നതിനായി സ്റ്റോക്ക് ഹോമിലേക്ക് യാത്രതിരിക്കുന്നു. ഈ യാത്രക്കു സമാന്തരമായി നഷ്ടബോധത്താലും കുററ ചിന്തയാലും പിടയുന്ന അയാളുടെ മനസ് ഭൂതകാലസ്മൃതികളിൽ ഊളിയിട്ടിറങ്ങുന്നു. സ്വപ്നത്തിന്റെയും ഫ്ളാഷ്ബാക്കിന്റെയും ഉപയോഗത്തിലൂടെയാണ് ബെർഗ്മൻ തന്റെ കഥാനായകൻ വർത്തമാന നിമിഷത്തിൽ കാറിലൂടെ ഒരു ദൂരസ്ഥലത്തേക്ക് സഞ്ചരിക്കുന്നതിനിടയിൽ മനസുകൊണ്ട് കാലത്തിലൂടെ

മടക്കയാത്ര ചിത്രീകരിച്ചിട്ടുള്ളത്. Prof.Borgന്റെ ചിന്തകൾക്ക് പിരിമുറുക്കം നൽകുന്നത് തന്റെ കാറിൽ വഴിയിലെവിടെയോ വച്ച് കയറിയ ദമ്പതികളുടെ സംസാരവും പ്രവൃത്തികളുമാണ്. തന്റെ വ്യക്തിജീവിതത്തിനും ഇവരുടെ പെരുമാററങ്ങൾക്കും തമ്മിൽ സാദൃശ്യമുണ്ടെന്ന് Borg മനസിലാക്കുന്നു. പിന്നീട് ജീവിതത്തിന്റെ വൈവിധ്യമെന്ന് നാം കരുതുന്ന ഘട്ടങ്ങളുടെ ആവർത്തനത്തിന്റെ പൊരുൾ പ്രേക്ഷകരുമായി ബോർഗിന്റൊപ്പം ബെർഗ്മാനം പങ്കുവക്കുന്നു.

ശാഖാപ്രശാഖയുടെ പേരിൽ ചിദാനന്ദദാസ് ഗുപ്തയും റാ

മായി ഴുകി. ഉന്നതനായ അച്ഛന്റെ മക്കളെല്ലാവരും ഉയർന്ന പക്ഷെ ശ്രേണികളിലെത്തിപ്പററി പക്ഷെ അച്ഛൻ പ്രതിനിധാനം ചെയ്ത ആദർശങ്ങളും ലക്ഷ്യങ്ങളും അവർക്കു നഷ്ടമായിരുന്നു. കളളപ്പണം ഒളിപ്പിക്കാനും ആഡംബരത്തിൽ വിലസുവാനും മാത്രം അവർ ശ്രമിച്ചു. കണക്കുകൂട്ടിയുള്ള കൂടിക്കാഴ്ചകൾക്കും അ... മിനയങ്ങൾക്കുമിടയിൽ അവർ മാനുഷികബന്ധങ്ങൾ മറന്നും രണ്ടാമത്തെ മകൻ കുതിരയോട്ടത്തിൽ കമ്പം മൂത്ത് സമ്പത്തുമുടിച്ചു. അയാളുടെ ഭാര്യ മനസിന്റെ സ്വാതന്ത്ര്യത്തിൽ വീർപ്പുമുട്ടി. സ്വയം സൃഷ്ടിച്ച പ്രശ്നലോകത്തിൽ നിസഹായരാവുന്ന ഇവരെ സൗമിത്രയുമായി താരതമ്യപ്പെ



''ഒടുവിൽ ഞാൻ കാണുമ്പോൾ ആ കൈയിലെ പൈപ്പ് അണഞ്ഞുപോയിരുന്നു. തിരികെ നടക്കുമ്പോൾ ശരത്കാല രാവായിട്ടും എനിക്കു ചൂടനുഭവപ്പെട്ടു. ആ ഉള്ളു നിറഞ്ഞു നിൽക്കുന്ന അഗ്നിയിൽ നിന്ന്............'' റേയുമായുള്ള അവസാനകൂടിക്കാഴ്ചക്കുശേഷം അരവിന്ദൻ കുറിച്ചിട്ട കാരിക്കേച്ചറും വരികളും.

ധ്യയും തങ്ങളുടെ [illegible] ചാരപ്രതി വാദം പ്രസിദ്ധമാണല്ലോ. നാടകത്തിന്റെ നിലവാരം വിട്ടുയരാൻ കഴിയാത്തതിനെയാണ് ദാസ് ഗുപ്ത വിമർശിച്ചത്. മിക്കവാറും വിമർശനങ്ങളെ അംഗീകരിക്കാത്ത റായി സ്വാഭാവികതയെയും ചൊടിച്ചു. എങ്കിലും സൗമിത്ര ചാററർജിയുടെ കഥാപാത്രം സിനിമയിൽ മിഴിവാർന്നു നിൽക്കുന്നു. ലണ്ടനിൽവച്ചുണ്ടായ കാറപകടത്തിൽ ഓർമ്മനശിച്ച് വിദ്യാഭ്യാസമവസാനിപ്പിച്ച് തിരിച്ചുപോരുന്ന സൗമിത്രയ്ക്ക് ബാക്കിയായത് ഒടുവിൽ സംഗീതം മാത്രം മൊസാർട്ടും, ബാക്കും, ബീഥോ

വനും, ഷൂബർട്ടും ശൂന്യമായ അയാളുടെ ജീവിതത്തിൽ അനാഥ ടുത്തുമ്പോളാണ് സിനിമയുടെ സാംഗത്യം വെളിവാകുന്നത്. മരണം കാത്തുകിടക്കുന്ന അച്ഛൻ പോലും തന്റെ ആദർശങ്ങളുടെയും പ്രവൃത്തികളുടെയും വ്യർത്ഥത അറിയേണ്ടിവരുന്നു.

കഥാപാത്രങ്ങളുടെ സംഭാഷണത്തിൽ റായി പ്രകടിപ്പിച്ച കൃത്യതയും മിതഭാഷിത്വവും ഉജ്ജ്വലമാതൃകയാണ്. ഒരിക്കൽ ആദർശശാലിയായ ഏററവും ഇളയ മകൻ ജ്യേഷ്ഠനായ സൗമിത്രയുമായി സംസാരിക്കാനൊരുമ്പെടുന്നു. ജീവിതത്തിന്റെ മൂല്യത്തെ

ടി ആർ. രാജേഷ്

സത്യജിത്ത് റായി
ഇന്ത്യൻ സിനിമയിലെ
അത്ഭുതം



കർഷ്യയിലും മനുഷ്യന്റെ ആസ ക്തികളിലും അന്യസ്ഥനായി രുന്ന അയാൾ വികാരങ്ങൾക്കതോ രെ സമരിക്കയോടു പറയാനൊ രുങ്ങി. നിശബ്ദനായി കേട്ടി രുന്ന സത്രീത്വം അയാൾ പറഞ്ഞ വാക്കുകൾ ആവർത്തിക്കാൻ തുട ങ്ങി. സാവധാനം തുടങ്ങി [ക്ര മാതീതമായി പിന്നീട് ആവർത്തനം വൈകാരികമായും ബുദ്ധിപരമായും [പശ്നങ്ങളെ മനസിലാക്കുന്നതുപോലെയും നി ർവചിക്കുകയാണിവിടെ. ആശയ വിനിമയത്തിന്റെ ദുസാദ്ധ്യത യെക്കുറിച്ചുള്ള സൂചനയാവാം റായി ഇവിടെ നൽകിയിരിക്കുന്ന ത്.

1981ലെ പുരസ്കാരങ്ങ ളൊന്നു കൂടുകയാണ് ചെയ്ത ത്. ലെസ്കർ, മരാത്ത്ം. തുട ങ്ങി ജാതിവിശേഷങ്ങളുയരു ന്ന മറാഠനെത്തേടിയെത്തി, ജാതിയുടെ യുക്തിയോ, യുക്തിഭംഗമോ ചർച്ചാ വിഷയമാകുന്നില്ല. ആ ദ്യകാലം [ഫ്രഞ്ചു] പ്രസിദ്ധനായി രുന്ന അവരുടെയും എന്തെങ്കിലു [പ] തിഫലനങ്ങളെ ആകുന്നുള്ളൂ. ഇ ന്ത്യയുടെ സാംസ്കാരികപൈതൃ കം സംബന്ധിച്ചിടത്തോളം റാ യി ഒരു 'കൊളോസസ്' (Coloss- us) ആണ്. അനിഷേധ്യമായ [പ തിഭയും. നവോത്ഥാനത്തിന്റെ തിരുശേഷിപ്പായി പാർക്കുർ പ്പോകാശി ശയിയായ നവോത്ഥാനത്തിന്റെ ബംഗാളി [പചാരസമിതിയുടെ പുരോഗമനപരവും റാ

യിയുടെ രചനകളിൽ ദേശീയതയും സുതാര്യതയും വലിയൊരളവിൽ ചേർത്തിരിക്കുന്നു. എന്നാൽ വി ക്ടോറിയൻ നോവലുകളിലെ മ ത്തേതം.

സത്യജിത് റായി വിമർശകരു ടെ ദൃഷ്ടിയിൽ നെഹ്റു യുഗ ത്തിലെ അപരിഹാര്യമായ ധൈ തിക [പശ്നങ്ങളിലൊന്ന് പഴമ യും പുതുമയും തമ്മിലുള്ള സം ഘർഷമായിരുന്നു. ശാസ്ത്രസാ ങ്കേതിക വിദ്യകളിൽ വിശ്വാസമർ പ്പിക്കുന്ന അവസരത്തിൽതന്നെ പ ഴമയുടെ സമ്പന്നമായ ജീവിതവ്യവ സ്ഥിതിയുടെ സുഖങ്ങൾ കൈ മോശം വന്നതിനെച്ചൊല്ലി വിഷാ ദം കൊള്ളുന്നശീലം നെ[ഹ്രു]യു ഗക്കാർക്കുണ്ടായിരുന്നു. അതു കൊണ്ടുതന്നെ ഒരുപരിധിവരെ അടൂർ ഗോപാലകൃഷ്ണനൊഴി ച്ചുള്ള ഇന്ത്യൻ സംവിധായകരെ ല്ലാം തന്നെ റായിയുടെ ആസ്വാദന രീതിയെയും വീക്ഷണകോണി നെയും തള്ളിപ്പറയുകയാണുണ്ടാ യത്. കുമാർ ഷഹാനി, മണി കൗൾ, അരവിന്ദൻ, ജോൺ എ[ബ്രഹാം തുടങ്ങിയവരെല്ലാം ഒരു ത ലത്തിലല്ലെങ്കിൽ മറ്റൊരുതരത്തിൽ റായിയുടെ സ്വാധീനത്തെ ബോ ധപൂർവ്വം നിഷേധിച്ചവരാണ്. ഇവരുടെ [പധാനപ്പെട്ട ആരോപ ണം റായിയുടെ ശൈലി സമകാ ലീന സമൂഹം ഉയർത്തുന്ന വെ ല്ലുവിളികളും ആരോപണങ്ങളും ആവിഷ്കരിക്കാൻ പര്യാപ്തമ ല്ല എന്നതാണ്. ആ[ക്രമസക്ത

മായതോന്നതിൽ ഇരപ്പെടുന്നതെ കാര്യങ്ങൾ കുറെക്കൂടി വ്യക്ത മാവുകയുള്ളൂ എന്നാണവരുടെ പക്ഷം.

ട്രാജിക് ഹെളകിനായി ജോൺ ഏബ്രഹാം എഴുതിയ കവിത യിൽ നിന്ന്

'വിക്ടോറിയൻ ആലസ്യം തുളു മ്പി

ശബ്ദി[ന്നാഥിന്റെ ചിന്തയുടെ ഗോപുരങ്ങളിലേക്ക്

നിന്റെ കണ്ണുകൾ തുളച്ചുകയറി. ഭദ്രലോകീർത്തനങ്ങളോ [പ ധാനമായിരുന്നു

നിനക്കു ജീവിതത്തിൽ തുടിച്ചു കാഴ്ചകൾ

വിക്ടോറിയൻ രബീന്ദ്രസംഗീതത്തി നടിയിലെ

കരവലയങ്ങളും.

അതുകൊണ്ടുതന്നെ ബംഗാളിയു ടെ ചിന്തയിൽനിന്നും

നിന്നെ പുറത്തിറക്കി വരാനിലെളു ട്രാജിക് ക ......"

ജോൺ ഉദ്ദേശിച്ചത് റായുടെ വ്യക്തം ട്രാജിക് ഹെളകിനെ റായിയുടെ കൽക്കത്തയ്ക്കായി ബംഗാളികൾ ബലികൊടുത്തുവ ത്ര[

റായിയുടെ അനന്തരാവകാശി എന്നു വിളിക്കാവുന്ന ശ്യാംബെ നഗൽ 'ഏലിപ്പത്തായ'ത്തിന്റെ പരി ചരണത്തിൽ (Treatment) ബംഗാ ളിത്തം തുന്നിച്ചേർക്കുന്നു. മണി കൗളിനെയും, കുമാർ ഷഹാനി യെയും റായി ഒട്ടും അന്യരായ പൂർവ്വികരല്ല പരിഗണിക്കുന്നത്,

പി. ആർ. രാജേഷ്

**സത്യജിത് റായി**
**ഇന്ത്യൻ സിനിമയിലെ**
**[illegible]ഷൃതം**

ചുരുക്കത്തിൽ റായി ഇന്ത്യൻ സിനിമയിലെ ഒററയാനായ ഭീമൻ വടവൃക്ഷമായി നിലകൊള്ളുന്നു. കാരണം മേൽപറഞ്ഞവരൊക്കെത്തന്നെ റായിയുടെ ചരിത്രപരമായ പ്രസക്തിയെപററി വാദിക്കുന്നവരാണ്. (കാലം തങ്ങളെ തഴഞ്ഞ് മുന്നോട്ടുപോകില്ലെന്നവർ കരുതുന്നുവോ ആവോ?)

റായിയുടെ ക്ലാസിക് പായ്വ് ഒന്നുകൂടി വ്യക്തമാക്കുന്നവയാണ് അദ്ദേഹത്തിന്റെ ഇഷ്ടാനിഷ്ടങ്ങൾ. അകിരാകുറോസോവ എന്ന ജപ്പാനീസ് സംവിധായകനാണ് റായിയുടെ ഇഷ്ടസംവിധായകൻ. കുറോസോവ ഒരു കാലത്തും വിസ്മരിക്കപ്പെടാനിടയില്ലാത്ത കൊളോസസ്സാണ് തന്റെ സിനിമകളുടെ ഏററവും സഫലമായ നിരൂപണം ഉണ്ടായിരിക്കുന്നത് പാശ്ചാത്യരാജ്യങ്ങളിലാണ്. ഇന്ത്യയിൽ ഉണ്ടാകാത്തതിനു കാരണം നല്ല സിനിമയെക്കുറിച്ചുള്ള അവബോധമില്ലായ്മയും യന്ത്രവും ഭാവനയും സമഞ്ജസമായി മേളിക്കുന്നതിന്റെ ഫലമാണ് സിനിമ എന്ന സാമാന്യമായ അറിവുമില്ലാത്ത നിരൂപകന്മാരായതിനാലാണത്രെ. എങ്ങിനെയായാലും സിനിമാ നിർമ്മാണപ്രക്രിയയിൽ റായിയുടെ ശ്രദ്ധയും നിരീക്ഷണവും കടന്നുചെല്ലാത്ത ദിശയുണ്ടായിട്ടില്ല. എഡിററിംഗാണ് തനിക്കേററവും സംതൃപ്തി നൽകുന്നതെന്ന് റായി ഒരിക്കൽ പറഞ്ഞിട്ടുണ്ട്.

റായി എന്ന പിതൃബിംബം സിനിമയിൽ മാത്രമല്ല സാഹിത്യത്തിലും, കാരിക്കേച്ചർ ചെയ്യുന്നതിലും ഒരു സജീവ സാന്നിദ്ധ്യമാണ്. കുട്ടികൾക്കായി നടത്തുന്ന മാഗസിന്റെ എഡിററായിരുന്നു റായി. അതിലെ സ്ഥിരം പംക്തി അദ്ദേഹത്തിന്റേതായിരുന്നു. റായിയുടെ ഡിററക്റ്റീവ് നായകനായ ഫേലൂദാ ഇന്ന് ഇന്ത്യ മുഴുവൻ വളരെയേറെ പ്രശസ്തനാണ്. പാഥേർ പാഞ്ചാലി പുസ്തകമാക്കിയപ്പോളതിന്റെ കവർ ഡിസൈൻ ചെയ്തത് റായിയായിരുന്നു.

സത്യജിത്റായി മറവിയിലേക്കു മറയുന്നതിനു മുമ്പൊരുവാക്ക്. 1989ൽ അന്തരിച്ച സാമുവേൽ ബെക്കററിന് മനുഷ്യൻ 'മരണം വലയം ചെയ്ത ജീവിതത്തിന്റെ ഒരു കഷണമാണ്.' ശൂന്യതയാൽ വലയംചെയ്യപ്പെട്ട എന്തോ ഒന്ന്. അല്ലെങ്കിൽ തലതിരിഞ്ഞ കാർട്ടീഷ്യൻ പറയുന്നത് "ഞാൻ നാറുന്നുണ്ട് അതിനാൽ ഞാനുണ്ട്."

I Stink, Therefore I am

കുറഞ്ഞ പക്ഷം നിസഹായമായ ഈ ചിന്തകളെങ്കിലും അതിന്റെ മറുവശമെന്നനിലയിൽ നമ്മെ പ്രലോഭിപ്പിക്കുന്ന റായിയുടെ തരളമായ ലോകത്തിന്റെ നഷ്ടത്തെക്കുറിച്ചോർമ്മിപ്പിക്കാതിരിക്കില്ല.

---

# Why God Made Friends

Madhu. M I Bsc Zoology

1 The greatest of God's gifts to one is a true friend,
That soul who will support you till the end,
The prettiest rose that you can find
She helps you leave those troubles benind.

2 Save one who shares your joys and sorrows
A hand you can hold to face tommorrow,
That tender touch to return your smile,
A friend given you, courage to go miles.

3 She understands the warries of your heart
She is the one who will never depar,
Your skies will have no grey cloudes
A friend gladans your hert, she makes you sing aloud.

4 There are times when you are filled with doubt,
A friend will help you work things out,
She is the true guide on your way
A friend brings sunshine in your day.

SUNILKUMAR
II Bcom

കൗമാരസ്വപ്നങ്ങളുടെ താഴ്‌വാരത്തിലെത്തിപ്പെട്ട് കൊഴിഞ്ഞുപോയ ഏതോ ഒരു സുന്ദരസായാഹ്നത്തിലാണെന്റെ ഓർമ്മ. മനസ്സിൽഎന്റേതുമാത്രമായകഥ വീണ്ടുംവന്നെത്തി സാവധാനം അതിന്റെ ഇതരം വിടർത്തിപരിശോധിച്ചപ്പോൾ ആ രൂപം എന്റെ മനസ്സിലുടക്കി വികാരനിർഭരമായിരുന്ന ആ രൂപം. പ്രേമം, മധുരം, കൗമാരം, എന്നിവയെക്കുറിച്ചുദ്ഘോഷിക്കുന്ന കരുണാമയമായ ഒരു കഥ.

കൗമാരമനസ്സിൽ ദുഃഖത്തിന്റെ കരിമേഘങ്ങളും ചിന്തകളുടെ മിന്നൽ പിണരുകളും സൃഷ്ടിച്ചപ്പോഴും ആ രൂപം എന്റെ മനസ്സിൽ നിറഞ്ഞുനിന്നു. ആരൂപത്തിൽ നിന്നും ആവേശവും പ്രചോദനവും എനിക്കു കിട്ടി. ഞാനും എന്റെ കഥയെഴുതി. ചോരക്കുഞ്ഞിന്റെ കഥ. കുട്ടിക്കാലത്തിന്റെ കഥ. കൗമാരത്തിന്റെകഥ.

ശിപ്പിച്ചു. എന്റെ കൊച്ചു മുഖത്ത് ഓടിനത്താറുള്ള ഗൗരവത്തിന്റെ പരിവേഷം കാണുമ്പോൾ ചുറ്റും വലയം സൃഷ്ടിച്ചു നില്ക്കുന്ന കൊട്ടാരത്തിലെ അന്തേവാസികൾ പറയും ''രാജാത്തി; അവൾ സൗന്ദര്യത്തിന്റെ ദേവത''

രാത്രികാലങ്ങളിൽ, ഇരുട്ടിന്റെ മാദക ലഹരിയിൽ ചുളിവു വീണവലിയ കിടക്കയുടെ ഒരറ്റത്ത് ഞാൻ കമിഴ്ന്നു കിടക്കുമ്പോൾ അച്ഛൻ എന്റെ ചന്തിയിൽ താളം പിടിച്ചു കഥകൾ പറഞ്ഞു തരുമായിരുന്നു. വീര രാജകുമാരന്റെ കഥ; ശൈശവത്തിന്റെ കഥ! പള്ളിപ്പുറമ്പുകളുടെ കഥ ഞാനുറങ്ങുന്നതുവരെ അച്ഛൻ തമ്പുരാൻ കഥകൾ പറഞ്ഞുകൊണ്ടിരിക്കുമായിരുന്നു. കഥകൾ കേട്ട് ഞാനുറങ്ങി. കഥകൾ കേട്ട് ഞാൻ തളർന്നു; കഥകൾ കേട്ട് ഞാൻ വളർന്നു. വളർന്നു വളർന്ന്

# രാജാത്തി

കുംഭമാസത്തിലെ ഒരു സുന്ദരമായ രാത്രിയുടെ അന്ത്യയാമത്തിൽ ഞാനീഭൂമിയുടെ പരപ്പിൽപെറ്റുവീണു. ചോരകുഞ്ഞിന്റെ ചുണ്ടിൽതേനിൽ സ്വർണ്ണനാണയം ചാലിച്ചുകൊടുത്തശേഷം അച്ഛൻതമ്പുരാൻ ആ പേരുവിളിച്ചു.

''രാജാത്തി''

ആ പേരു വിളിച്ചിട്ട് നാലുവർഷങ്ങൾ കഴിഞ്ഞു. കരഞ്ഞും, കമിഴ്ന്നും, നിന്നും, കിടന്നും, നടന്നും, എന്റെയച്ഛന്റെ ഏകസന്താനമായി അരുമ സന്താനമനമായി ഞാൻ നാലു സംവത്സരങ്ങൾ തള്ളിനീക്കി രാജധാനിയുടെ പ്രൗഢിപ്രകടിപ്പിക്കുന്ന മാർബിൾപതിച്ച കൂറ്റൻകൊട്ടാരത്തിന്റെ ഏറ്റവും മുകളിലത്തെ നിലയിലെ ഏറ്റവും വലിയ മുറിയായിരുന്നു എന്റെ കിടപ്പറ. ആ കിടപ്പറയും കൊട്ടാരവുമായിരുന്നു എന്റെ ലോകം കൊട്ടാരത്തിന്റെ മുക്കിലും മൂലയിലും എന്റെ കുഞ്ഞിപ്പാദങ്ങൾ പതിഞ്ഞുകൊണ്ടിരുന്നു. കാലുകൾക്കു ബലം വന്നപ്പോൾ ഞാൻ നാവും കാലും ചലിപ്പിച്ച് എന്റെ അസ്ഥിത്വം പ്രദർ

വലിയ സുന്ദരിയായി. നീലക്കണ്ണുകളും നീണ്ട ശരീരവുമുള്ള അതിസുന്ദരി!! സൗന്ദര്യ ലോകത്തിലെ റാണി!!!

തങ്കത്തിന്റെ നിറം!

ബുദ്ധിമതി!

കൃശഗാത്രി!

ഒരസാധാരണ സൗന്ദര്യശില്പം!!

രാജവസ്ത്രങ്ങളും ആടയാഭരണങ്ങളുമണിഞ്ഞ ഞാൻ സർവ്വരുടെയും കണ്ണിലുണ്ണിയായി. ഞാൻ രാജാവിന്റെ ജീവനായിരുന്നു. രാജധാനിയുടെ ജീവനായിരുന്നു. രാജ്യത്തിന്റെ ജീവനായിരുന്നു.

രാജകുമാരന്റെ കഥകൾ എന്റെ മനസ്സിലൊരു മന്ത്രം പോലെ മുഴങ്ങികൊണ്ടിരുന്നു. ഞാൻ കണ്ടിട്ടില്ലാത്ത രാജകുമാരൻ എന്റെ എല്ലാമെല്ലാമായി മാറി,

കാലം കടന്നു പോയി,

എന്റെ സ്വയംവരത്തിനായി അയൽ രാജ്യങ്ങളിൽ നിന്നും ധാരാളം രാജകുമാരന്മാ

രെത്തി. പക്ഷെ എനിക്കാരെയുമിഷ്ടമായില്ല. അച്ഛൻ തമ്പുരാൻ വലിയ സങ്കടത്തിലായി.

ഒരുനാൾ അച്ഛൻ തമ്പുരാൻ എന്നെ വിളിപ്പിച്ച് മുന്നിൽ നില്ലുന്ന രാജകുമാരനെ ചൂണ്ടിപറഞ്ഞു.

'' മോളെ; നിനക്കനുയോജ്യനായ ഒരുവനെ നാം കണ്ടെത്തിയിരിക്കുന്നു. പൗരുഷത്തിലും, ധീരതയിലും സാമ്രാജ്യവിസ്തൃതിയിലും ഇയാളെ വെല്ലാൻ ആളില്ല. ''

ഞാൻ അച്ഛൻ തമ്പുരാൻ വിരൽ ചൂണ്ടിയ ദിക്കിലേക്കു നോക്കി, പുരുഷസൗന്ദര്യത്തെ ഒരു നിമിഷം കടാക്ഷിച്ചു. എന്നിട്ട് തലതാഴ്ത്തി നിന്നു.

'' എന്താണു നിന്റെ തീരുമാനം? ''

അച്ഛൻ തമ്പുരാനതു ചോദിക്കുമ്പോഴും, ഞാനെന്റെ കഥയിലെ രാജകുമാരനെ ഓർത്തുകൊണ്ടിരിക്കുകയായിരുന്നു. ഉള്ളിന്റെയുള്ളിൽ കാത്തു സൂക്ഷിച്ച എന്റേതുമാത്രമായ രാജകുമാരനെ...........

അച്ഛൻ തമ്പുരാൻ ആവർത്തിച്ചു.

'' നിന്റെ തീരുമാനം പറയൂ ''........

'' എനിക്കു വേണ്ട ''!

'' പിന്നെ നിനക്കാരെയാണു വേണ്ടത്? ''

അച്ഛൻ തമ്പുരാൻ അട്ടഹസിക്കാൻ തുടങ്ങി. ഞാൻ തലയുയർത്തി അദ്ദേഹത്തിന്റെ രോഷം പൂണ്ട കണ്ണുകളിലേക്കു നോക്കി. അവിടെയാളുന്ന അഗ്നി എന്നെ ഭയപ്പെടുത്തിയില്ല. ഇടിവെട്ടും പോലെ വീണ്ടും ആ ശബ്ദമുയർന്നു

'' വേഗം പറയൂ........ നിനക്കീലോകത്താരെയാണു വേണ്ടത് ''?

ഞാനപ്പോഴും മറ്റൊരുലോകത്തായിരുന്നു.

'' ഈ രാജകുമാരൻ തന്നെ നിന്റെ വരൻ ''!!

ഞാനപ്പോഴും ഒന്നും മിണ്ടാതെ നിന്നു.

കാലം കുതിച്ചൊഴുകി.



ആ കുത്തൊഴുക്കിൽ ഞാനും അച്ഛൻ തമ്പുരാനും കൊട്ടാരത്തിന്റെ രണ്ടു കോണുകളിലിഴഞ്ഞു നീങ്ങി.

കർക്കിടക മാസത്തിലെ ഒരു ദിവസം.

കൊട്ടാരമുറ്റത്ത് വെയ്യിൽ നിഴലുകളെക്കൊണ്ട് ചിത്രങ്ങളും കളങ്ങളും വരക്കുകയും മായ്ക്കുകയും ചെയ്യുന്നത് നോക്കികൊണ്ടു ഞാൻ അണിഞ്ഞൊരുങ്ങിനിന്നു.

കാറ്റു വന്ന് എന്റെ ഉടുപ്പുകളെ ഉലച്ചപ്പോഴും ഞാൻ കടലിന്റെ അലകളെ ഓർത്തു ചിരിച്ചു.

അങ്ങനെ ആ രാജകുമാരൻ എന്നെ മാലയിട്ടു.

അന്നു രാജ്യം മുഴുവനും ഉത്സവമായിരുന്നു.

അവർ ആടിപ്പാടി മദിച്ചു. ആ മേളക്കൊഴുപ്പിനിടയിൽ ധാരാളം ധാന്യങ്ങളും അച്ഛൻ തമ്പുരാൻ രാജ്യത്തു വിതറി.

നഗരത്തിന്റെ ശൈശവം നഷ്ടപ്പെട്ടുകൊണ്ടിരുന്നു. പകൽ തിരശ്ശീല വകഞ്ഞ് അകത്തേക്കുപോയി. കാർമേഘങ്ങളും പൂർണ്ണചന്ദ്രനെ പകുതിയോളം വിഴുങ്ങിക്കഴിഞ്ഞു.

രാജകുമാരൻ മണിയറയിലേക്കു പ്രവേശിച്ചു. എന്നെക്കാത്തിരുന്നു.

നിലാവുദിച്ചപോലെ ഞാനങ്ങോട്ടു കടന്നു ചെന്നു. രാജകുമാരൻ സ്തംഭിച്ചുനിന്നു. എന്റെ സൗന്ദര്യവലയത്തിന്റെ ശോഭയിൽ മയങ്ങി അദ്ദേഹം ബോധരഹിതനായി പട്ടുകിടക്കയിൽവീണു.

അതിനടുത്തു തന്നെ ഞാനും മയങ്ങി വീണു. എന്റെ സങ്കല്പ കാമുകൻ അപ്പോൾ തലയിലേക്കിറച്ചു കയറുകയായിരുന്നു.

പാതിരാവിന്റെ ഏകാന്തതയിൽ എന്റെ മുറിയുടെ കിളിവാതിലിൽ വിരലുകളുടെ താളമുയരുന്നു.

ഞാനുണർന്നു, ഞെട്ടിപ്പോയി,
എന്റെ സ്വപ്നങ്ങളിതാ സാക്ഷാത്കരിക്കപ്പെടുന്നു
മിഴികളിലാനന്ദാശ്രു നിറഞ്ഞു
സന്തോഷത്തിന്റെ ലോകത്തേക്ക ഞാനുയർന്നു.

എന്റെ മുറി മുഴുവൻ സങ്കല്പകാമുകൻ നിറഞ്ഞു നില്ക്കുന്നു

രാജകുമാരനെന്നെ വാരിപ്പുണർന്നു. ആ ബലിഷ്ഠകരങ്ങൾക്കുള്ളിൽ ഞാനൊതുങ്ങിക്കൂടി അദ്ദേഹത്തിൽ ഞാനലിഞ്ഞില്ലാതായി.

ഒരു പ്രഭാതം വീണ്ടുമുണർന്നു. ഒപ്പം എന്റെ ഭർത്താവും തൊട്ടടുത്തെന്നെ കണ്ടില്ല. അല്പസമയം രാജകുമാരൻ കണ്ണടച്ചുകിടന്നു,

നേരം ഒരുപാടായിട്ടും രാജകുമാരി അകത്തു വരാതായപ്പോൾ അയാൾ മുറിവിട്ടിറങ്ങി.

അവനുറക്കെ ചോദിച്ചു:–
''എവിടെയെന്റെ രാജകുമാരി എവിടെയെന്റെ സഖി?''

രാജകുമാരന്റെ നിലവിളി കേട്ട് കൊട്ടാരം നടുങ്ങി അച്ഛൻ തമ്പുരാനും കൊട്ടാരവാസികളുമുണർന്നു. അവർ മുക്കിലും മൂലയിലും എന്നെത്തിരക്കി.

ഞാനപ്പോഴും എന്റെ കഥയിലെ രാജകുമാരന്റെ മടിത്തട്ടിലുറങ്ങുകയായിരുന്നു. സേവകർ എന്നെത്തിരക്കി കരഞ്ഞും എന്നെത്തിരക്കി അയൽരാജ്യത്തേക്കും ആളുകൾ പാഞ്ഞു.

ഞാനപ്പോഴും ഒരു സ്വർണ്ണമത്സ്യം പോലെ കിടന്നുറങ്ങുകയായിരുന്നു. തിരമാലകളോരോന്നായി വന്ന് ആർത്തിയോടെ എന്നെ ചുംബിച്ചു മടങ്ങിക്കൊണ്ടിരുന്നു.


**Centre For Management Studies**

Kaloor Junction, Kochi-17

Effective Coaching Offered for

C. A; ICWA; C. S; CAIIB; M. B. A;

**OUR ASSOCIATES:-**

**CMS COLLEGE**
Kaloor

Classes for PDC B. A; B. Com; B. Sc; M. A; M. Com; M. Sc.

**CMS COACHING CENTRE**
Tripunithura

Tuition Classes For Accountancy, Costing Incme Tax, Operations Resarch

# STUDENTS AGAINST DRUG ABUSE (SADA)

The most acute problem that adversely affect our young generation is their surrender to drugs and alcohols. It is to be noted that special group like student organisation of Sacred Heart College, Thevara are actively responding to the drug menace among our youngsters. Inspired by the various activities to fight against the menace of drug abuse our youngsters of Sacred Heart College, Thevara have started an organisation called 'STUDENTS AGAINST DRUG ABUSE' in 1988. Recently our college has also started a drug surveilance unit under the auspices of SADA which was formally inaugurated by the City Police Commissioner Mr Lokanath Behra I. P. S.

We are provd to say that students are actively participated in a seminar held in our college which was inaugurated by the Mayor Many efficient doctors have taken class on 'Maladies of drug abuse'. Another success of our work was 'Antinariotics day.' All students, teachers, non-teachers were present and some eminent personalities gave informative talks.

We also co-operated with the National Service Scheme and Women's cell of our college to hold a poster exhibition based on social evils. Honourable justice P. Janakiamma gave away the awards to the winners.

Lack of financial support was the only criterion which affected as in the yester years from carrying out our venture succesfully. But receutly it has been announced that the government has promised to render adequate financial support and Co-operation to propagate the concept of drug abuse among our youngsters.

In 1992, January 6, the college representatives attended the meeting under the aupices ot Anti Drug Council, Ernakulam at the police club which was presided over by the police commissioner, Mr Loknath Behra I. P. S. Mr Johnson J Edayaurmala (project director of alcohol and drug information (centre) and S. D. Sharma were present There were 10 students representating 5 different colleges in Eruakulam city. Discussed many relevent facts regarding the drug addiction.

We would like to hold many more programmes on the topic 'Drug Abuse' in future. If our venture succeed in restraining even a few from falling prey to the monster of drug addliction, we shall consider our effert fruitful.

This particular organisation (SADA) has gained reputation and recognition within the students and outside the campus also.

As the secretary of this organisation, I take this oppurtunity to thank everyone who were actually participated and made this programme a colourful one. And I coulude with a hope a more hands joining with us to create a new world which is free of drugs and alcohols

Secretary
Vigil Bose M. C.
Finalyr B. Sc (chem)



# സ്ത്രീസ്വാതന്ത്ര്യം

Anitha P. Emmanuel
I B. A. Economics

നാം ഇന്ന് പുരോഗമനയുഗത്തിലാണ്. ഓരോ പുലരിയിലും പുത്തൻ പ്രവണതകളുടെ പഞ്ചവാദ്യവും കേട്ടുകൊണ്ടാണ് നാം ഉണരുന്നത്. അതായത് ഓരോ ദിവസവും നാം ദർശിക്കുന്നത് മാറ്റങ്ങളുടെ പരമ്പര തന്നെയാണ്. എങ്കിലും നൂറ്റാണ്ടുകളായി സ്ത്രീകൾ സമൂഹത്തിലും കുടുംബത്തിലും അനുഭവിച്ചുപോരുന്ന യാതനകൾക്കും അവഗണനകൾക്കും കാര്യമായ മാറ്റമൊന്നും സംഭവിച്ചിട്ടില്ല. കാലാനുസൃതമായി അതിൽ ചില മാറ്റങ്ങൾ വന്നിട്ടുണ്ട്. എന്നാലും 21-ാം നൂറ്റാണ്ടിനെ സ്വാഗതം ചെയ്യാൻ നാം ഒരുങ്ങിനില്ക്കുന്ന ഈ കാലഘട്ടത്തിൽപോലും സ്ത്രീക്ക് സമൂഹത്തിൽ ഒരു രണ്ടാംകിട പൗരത്വം മാത്രമേ ലഭിക്കുന്നുള്ളൂ എന്നതാണ് വാസ്തവം. പല രാഷ്ട്രങ്ങളുടെയും ഭരണചക്രം അവളുടെ കൈയിലായിട്ടുണ്ട് എങ്കിലും ഒരു സാധാരണക്കാരിയുടെ ജീവിതം അടുക്കളയുടെ നാൽചുവരുകൾക്കുള്ളിൽ ഒതുങ്ങി നില്ക്കുന്നു. പുരുഷന്മാരെപ്പോലെ സ്വാതന്ത്ര്യമായി സഞ്ചരിക്കാനോ, സാമൂഹ്യപ്രവർത്തനങ്ങളിൽ ഏർപ്പെടാനോ അവൾക്ക് കഴിയുന്നില്ല. തന്റെ കഴിവുകളും അഭിരുചികളും വളർത്തുന്നതിനുള്ള അവസരം അവൾക്ക് നിഷേധിക്കപ്പെടുന്നു. ഒരു സ്ത്രീയുടെ ഈ യഥാർത്ഥ ചിത്രത്തെ സമർത്ഥിക്കാൻ ഇന്ന് പുരുഷന്മാർ തയ്യാറാവുന്നില്ല എന്നതാണ് സത്യം.

സ്ത്രീസ്വാതന്ത്ര്യത്തിനുവേണ്ടി പോരാടുന്ന സ്ത്രീക്ക് താലോലിക്കാനും ഓമനിക്കാനും ഒരു പേരുണ്ട്, 'ഫെമിനിസ്റ്റ്'' ഫെമിനിസ്റ്റിന് സമൂഹത്തിൽ പുരുഷൻമാരും സ്ത്രീകളും നല്കിവരുന്ന 'വില'യെക്കുറിച്ചും നമുക്കറിവുണ്ട്. സ്ത്രീസ്വാതന്ത്ര്യം വേണമെന്നു വാദിക്കുമ്പോൾ ഇന്ന് ഭൂരിഭാഗം പുരുഷന്മാരും ചോദിക്കും സ്ത്രീക്ക് ഇനിയെന്തിനാണ് സ്വാതന്ത്ര്യം? എവിടെയാണ് അസ്വാതന്ത്ര്യം? എന്ന് ഏഷ്യയേയും ആഫ്രിയേയും നാഗരികത പഠിപ്പിക്കാൻ വന്ന വെള്ളക്കാരുടെ നാട്ടിൽ, സൂര്യനസ്തമിക്കാത്ത സാമ്രാജ്യമായിരുന്ന ബ്രിട്ടീഷുകാരുടെ നാട്ടിൽപോലും എന്നാണ് സ്ത്രീക്ക് വോട്ടവകാശം ലഭിച്ചത്? 1940 കളിൽ മാത്രം. അതുവച്ചുനോക്കുമ്പോൾ നമ്മൾ ഭാരതീയർ അവരിലും എത്രയോ മുൻപന്തിയിലാണ് സംസ്കാരത്തിന്റെ കാര്യത്തിൽ. സ്വാതന്ത്ര്യലബ്ധിയോടൊപ്പം തന്നെ സ്ത്രീക്കും വോട്ടവകാശം ലഭിച്ചു. ഒരുപക്ഷെ ഇന്ത്യയിൽ സ്ത്രീക്കും പുരുഷനോടൊപ്പം എന്നുപറഞ്ഞ് ഉയർത്തിപ്പിടിക്കാൻ പറ്റുന്ന ഏക അവകാശം. ശരിയാണ്, സ്ത്രീക്ക് ബസ്സിൽseat reservation ഉണ്ട്. മിക്ക ജോലികളിലും തുല്യ പങ്കാളിത്തമുണ്ട്. പക്ഷെ, ഇതാണോ സ്ത്രീവിമോചനം, സ്ത്രീസ്വാതന്ത്ര്യം എന്നീ പദങ്ങൾ കൊണ്ട് അവർ ഉദ്ദേശിക്കുന്നത്? സ്ത്രീസ്വാതന്ത്ര്യം എന്നത് പ്രധാനമായും എന്റെ അഭിപ്രായത്തിൽ സ്ത്രീയെക്കുറിച്ച് പുരുഷന്റെ ചിന്താഗതിയിൽ ഉണ്ടാകേണ്ട മാറ്റമാണ്. സ്ത്രീയെന്നത് അടുക്കളപ്പണിചെയ്യാനും പുരുഷന്മാർക്ക് പാവകളിക്കാനും ഉള്ള കളിപ്പാട്ടം അല്ല എന്ന നഗ്നസത്യം എല്ലാവരും മനസ്സിലാക്കേണ്ടതാണ്. പുറമെ സമത്വം പറയുന്ന പുരുഷനാണെങ്കിലും അവന്റെ മനസ്സിൽ 'താൻ വലുത്' എന്ന ഒരു ഭാവം കുടികൊള്ളുന്നുണ്ട്. ഈ ചിന്താഗതിയാണ് മാറേണ്ടത്. അല്ലാതെ seat reservation അല്ല സ്ത്രീവിമോചനം. അടുത്തയിടയ്ക്ക് ഒരു മാസികയിൽ വായിച്ചു ഒരാണ് സ്ത്രീകൾക്കുള്ള reservationsഉം ആനുകൂല്യങ്ങളും കണ്ടിട്ട് ഒരു സ്ത്രീയായി ജനിച്ചിരുന്നെങ്കിൽ എന്ന് ആശിച്ചു എന്ന്. എത്ര പുരുഷന്മാർക്ക് ധൈര്യത്തോടെ പറയാം പെണ്ണായി പിറന്നാൽ മതിയായിരുന്നു എന്ന്. ഇല്ല യഥാർത്ഥ്യം മനസ്സിലാക്കുന്ന ഒരാൾക്കും ഇത് ഉള്ളിൽ ആശിക്കാൻ പോലും സാധിക്കുകയില്ല. പുരുഷന്മാർ പറഞ്ഞേക്കാം ഇതൊക്കെ സമൂഹം തന്നെ വരുത്തിവച്ചതല്ലേ എന്ന്. ആയിരിക്കാം. പക്ഷേ

സമൂഹത്തിൽ യാഥാസ്ഥിതികത്വത്തിന് സ്ഥാനം ഇല്ല എന്നു നാം പറയുകയും നവീനതയിലേക്ക് നാം വഴിമാറുകയും വഴിമാറ്റുകയും ചെയ്യുന്നുവെങ്കിൽ ഈ യാഥാസ്ഥിതികത്വം മാത്രം എന്തേ നിലകൊള്ളുന്നു? പുരുഷന്മാരെ, നിങ്ങളോട് ഒന്നു ചോദിക്കട്ടെ സ്വന്തം വീട്ടിൽ ഭാര്യയെയോ മക്കളെയോ ആശ്രയിക്കാതെ സ്വയം ഒരു glass വെള്ളം എടുത്തുകുടിക്കുന്നവർ നിങ്ങളിൽ എത്രപേരുണ്ട്? സ്ത്രീയും പുരുഷനും തമ്മിലുള്ള 90% വഴക്കുകളും പുരുഷന്മാരുണ്ടാക്കുന്നതാണ് എന്ന് (വൈക്കം ചന്ദ്രശേഖരൻനായർ) ഞാനും സമ്മതിക്കുന്നു. എല്ലാററിലും ഞാനാണ് തീരുമാനമെടുക്കേണ്ടത് എന്ന ചിന്തയാണ് ഇതിനെല്ലാം കാരണം. അസഹിഷ്ണുത പുരുഷന്റെ [illegible]. പക്ഷെ ഭൂരിഭാഗം പേരും ഈ കാഴ്ചപ്പാടിനോട് യോജിക്കുക ഇല്ലായിരിക്കാം. ചെറിയ ചെറിയ കുറവുകളെ പൊക്കിപ്പിടിച്ച് വഴക്കുണ്ടാക്കാനാണ് അവർ ശ്രമിക്കുന്നത്. Complex കൊണ്ടോ എന്തോ എന്നറിയില്ല. 4 പേരുടെ മുമ്പിൽ സ്ത്രീയെ കൊച്ചാക്കി പറയുന്നതിൽ സംതൃപ്തി അടയുന്ന പുരുഷന്മാരും ഇല്ലാതില്ല. 'മനസ്മൃതി'യെ തെററായി വ്യാഖ്യാനിച്ച് സ്ത്രീ സ്വാതന്ത്ര്യം അർഹിക്കുന്നില്ല എന്ന് ഉദ്ധരിച്ച പുരുഷന്മാരേ, സ്ത്രീസ്വാതന്ത്ര്യമാണ് അവർക്ക് എന്തിനാണ് ചിലയിടത്ത് reservation എന്ന് നിങ്ങൾ വാദിക്കുന്നുവെങ്കിൽ, അവർക്ക് നിങ്ങൾ നല്കുന്ന രണ്ടാംകിട പൗരത്വം മാററിക്കളയുകയും അടുക്കള സംവരണത്തിൽ പങ്കാളിയാവുകയും ചെയ്യൂ.



സ്ത്രീസ്വാതന്ത്ര്യത്തിന് പുരുഷൻമാർ അവരുടെ ചിന്താഗതി മാററിയാൽ മാത്രം മതിയോ? പോര. ഇവിടെ സ്ത്രീ പാതി, പുരുഷൻ പാതി എന്ന തത്വമാണ് സ്വീകരിക്കേണ്ടത്. പെണ്ണായി പിറന്നാൽ മണ്ണായി തീരും വരെ കണ്ണീരുകുടിക്കണം എന്ന അലിഖിത വിധി മാററാൻ സ്ത്രീകൾ തന്നെയാണ് ശ്രമിക്കേണ്ടത്. തങ്ങളുടെ ശോചനീയമായ അവസ്ഥയെപ്പററി ബഹുഭൂരിപക്ഷം സ്ത്രീകളും ഇന്ന് ബോധവതികളല്ല സ്ത്രീകൾക്ക് സമൂഹത്തിൽ അവസരസമത്വം ലഭിക്കുവാൻ തങ്ങൾതന്നെ പോരാടിയേ മതിയാകൂ എന്ന് അവർ മനസ്സിലാക്കണം. സ്ത്രീക്ക് Busൽ പ്രത്യേക Seatഉണ്ടെങ്കിലും ആ Seatലിരിക്കുന്ന പുരുഷൻമാരെ എഴുന്നേല്പിക്കാൻ ധൈര്യമുള്ള എത്ര സ്ത്രീകൾ സമൂഹത്തിലുണ്ട്? എന്തുകൊണ്ട്? സമൂഹത്തെ ഭയം. മറ്റുള്ളവർ എന്തു വിചാരിക്കുമെന്ന ചിന്ത. അഥവാ ധൈര്യത്തോടെ ആരെങ്കിലും എഴുന്നേല്ക്കാൻ പറയുകയാണെങ്കിൽ അവരെ ''കാററവാളി'' എന്നു കരുതുന്ന സ്ത്രീകളല്ലേ നമ്മുടെ ഇടയിൽ പ്രിയപ്പെട്ടവരേ, ഇതല്ല നമുക്കാവശ്യം. അവരെ നാം പുറത്ത് പ്രകടിപ്പിച്ച് ആദരിച്ചില്ലെങ്കിലും മനസ്സിലെങ്കിലും അവരെ ആദരിക്കണം Bus-ൽ ഒരു പുരുഷന്റെ അടുത്തിരിക്കാൻപോലും സ്ത്രീക്ക് ഭയമാണ്, ഇതൊക്കെ മാറേണ്ടകാലം അതിക്രമിച്ചു. സമത്വം പറഞ്ഞാൽ മാത്രം ലഭിക്കുന്നതല്ല. നാം തന്നെ അതു പൊരുതി നേടിയെടുക്കേണ്ടതാണ്. ഞാൻ വളരെയധികം ബഹുമാനിക്കുകയും ആദരിക്കുകയും ചെയ്യുന്ന ഒരു പെൺകുട്ടിയാണ് മോനിഷ വർമ്മ. Bus-ൽ തന്നെ ഉപദ്രവിക്കാൻ വന്ന 5 ചെറുപ്പക്കാരെ അവർക്ക് കീഴ്പ്പെടുത്താൻ സാധിച്ചു. എന്തുകൊണ്ട് മോനിഷയെ നമുക്കു മാതൃകയാക്കിക്കൂടാ? തന്റെ ഭർത്താവിനെയും, പിതാവിനെയും കൊലചെയ്ത നീചന്മാരെ ഒരു പാഠം പഠിപ്പിക്കുവാൻ കോറിസോൺ അക്വീനോക്കും, ബേനസീർ ഭൂട്ടോക്കും സാധിച്ചില്ലേ? പുൽപ്പള്ളി അജിതക്കും പുരുഷന്മാരേക്കാൾ ധൈര്യം ഉണ്ടെന്ന് ലോകം തന്നെ സമ്മതിക്കുന്നു. 'നക്സലിസ'ത്തെയല്ല അജിത എന്ന സ്ത്രീയുടെ കഴിവിനെ

യാണ് ഞാൻ ഇവിടെ അനുമോദിക്കുന്നത്. ഇതേ അജിത ഇപ്പോൾ സ്ത്രീവിമോചനത്തിനായി സധീരം 'ബോധി' എന്ന സംഘടനയിൽകൂടി പ്രവർത്തിക്കുകയാണ്. ഇങ്ങനെയുള്ള സംഘടനകളിൽ അംഗമായി സ്ത്രീകളെ സ്വയം ബോധവതികളാക്കാൻ നമുക്ക് സാധിച്ചില്ലെങ്കിൽപോലും സേവചെയ്ത് അതിനു സാധിക്കുന്ന, നാടുനന്നാക്കാനുള്ള നല്ല ബോധം ഉള്ള സ്ത്രീകളെ നാം തന്നെ കുററപ്പെടുത്താതിരിക്കുക. എന്റെ അഭിപ്രായത്തിൽ സ്ത്രീ ആദ്യം സ്വതന്ത്രയാകേണ്ടത് പുരുഷനിൽ നിന്നല്ല, സ്ത്രീയിൽ നിന്നുതന്നെയാണ്. കാരണം ഭർത്തൃവീട്ടിലെ സ്ത്രീധനത്തിനുവേണ്ടിയുള്ള പീഡനത്തിനും, അമ്മായിഅമ്മപ്പോരിനും, സതിക്കും, ശിശുവിവാഹത്തിനും, പർദ്ദസമ്പ്രദായത്തിനും സ്ത്രീകൾതന്നെ മുൻകൈ എടുക്കുന്നു എന്നതുതന്നെ. എന്തിനുപറയുന്നു മരു പെൺകുട്ടി ജനിച്ചാൽ ആ കുഞ്ഞിനെ കൊന്നുകളയുന്ന അമ്മമാരും, സ്ത്രീയെ കുററപ്പെടുത്തുന്ന അമ്മായി അമ്മമാരും ഇല്ലാതില്ല.

Longfellow പറഞ്ഞിട്ടുണ്ട്, "The heights by greatmen reached and kept were not attained by sudden flight, but they while their companions slept were toiling upward in the night'. അതുകൊണ്ട് സ്ത്രീവിമോചനത്തിനുവേണ്ടി പ്രയത്നിക്കുവാൻ കഴിയില്ലാത്തവർ ഉറങ്ങിക്കോട്ടെ. പക്ഷേ ഈ ആഗ്രഹമുള്ളവർ 'അതിനുവേണ്ടി പ്രയത്നിച്ചാലെ. അവരുടെ ആഗ്രഹം സഫലീകരിക്കുവാൻ സാധിക്കൂ എന്ന് മനസ്സിലാക്കണം. പ്രിയപ്പെട്ട എന്റെ സഹോദരിമാരേ ഉണരൂ; സ്വാതന്ത്ര്യം അവകാശങ്ങൾക്കും സമത്വത്തിനും വേണ്ടി പോരാടൂ.

സ്ത്രീസ്വാതന്ത്ര്യത്തെക്കുറിച്ചുള്ള ചിന്ത സ്ത്രീയിൽ നിന്നു തന്നെ തുടങ്ങേണ്ടിയിരിക്കുന്നു. സമൂഹത്തിൽ ആഴത്തിൽ(?) വേരോടിക്കഴിഞ്ഞ ഫെമിനിസ്റ്റു ചിന്താഗതിക്കാരെ തള്ളിപ്പറയുന്നില്ല. സത്യത്തിൽ സ്ത്രീ അസ്വാതന്ത്ര്യയാണെന്ന ബോധം ണ് എന്റെ ആഗ്രഹം–അസ്വാതന്ത്ര്യതാചിന്തയിലേക്ക് ഒരെത്തിനോട്ടം.

1918 കളിലാണ് വിദേശരാജ്യങ്ങളിൽ സ്ത്രീകൾക്ക് വോട്ടവകാശം ലഭിച്ചത്. എന്നാൽ സാക്ഷാൽ വിക്ടോറിയാരാജ്ഞിളെ മുഴുവൻ തോല്പിച്ചുകളഞ്ഞു. ഒരൊററ സ്ത്രീമാത്രം തെരഞ്ഞെടുക്കപ്പെട്ടു (പുരുഷകൃപകൊണ്ടായിരിക്കണം) അങ്ങിനെ 1918 ലെ പാർലമെന്റിൽ ഒരു സ്ത്രീയും അറുന്നൂററിപതിനാലു പുരുഷന്മാരും! അന്ന് ഇംഗ്ലണ്ടിൽ സ്ത്രീജന സംഖ്യ രണ്ടുകോടി

# സ്ത്രീസ്വാതന്ത്ര്യം– സമാന്തര ചിന്തകൾ

JOBY JOHN
SECOND B A ECONOMICS

നമ്മിൽ കത്തിവച്ചത് സ്ത്രീതന്നെയല്ലേ? ചില പുരുഷവിദ്വേഷികൾ ചെയ്യുന്നതുപോലെ പുരുഷസമൂഹത്തെ മുഴുവൻ കുററം പറഞ്ഞിട്ടുകാര്യമില്ല. കാരണം സമൂഹത്തിൽ മാററങ്ങൾ സമയബന്ധിതമാണ്. സ്ത്രീവിമോചനം എന്ന മഹാപ്രസ്ഥാനം ഒരു കാലത്തും തളരാതെതന്നെ പോലും സ്ത്രീകൾക്ക് വോട്ടവകാശം നല്കുന്നതിനെതിരായിരുന്നുവത്രെ! ഒടുവിൽ പുരുഷന്മാരുടെ പാർലമെന്റ് സ്ത്രീകൾക്ക് വോട്ടവകാശം നല്കി. ഫലമോ? അടുത്ത തെരഞ്ഞെടുപ്പിൽ പെണ്ണുങ്ങൾ അവരുടെ സമ്മതിദാനാവകാശം ഉപയോഗിച്ച് ഫെമിനിസ്റ്റ്സ്ഥാനാർത്ഥിക പത്തുലക്ഷം. പുരുഷസംഖ്യ ഒരു കോടി തൊണ്ണൂറുലക്ഷവും.. അമേരിക്കയിലെ സ്ഥിതിയോ? ഒരു പ്രശസ്ത ആന്റിഫെമിനിസ്റ്റ് പറഞ്ഞതുപോലെ, അവിടുത്തെ സ്ത്രീകൾ പത്ന്യാധിപത്യത്തിൽ നിന്നല്ലാതെ പുരുഷാധിപത്യത്തിൽ നിന്നും മോചനം നേടിയിട്ടില്ല!



സ്ത്രീയില്ലാതെ പുരുഷനുജീവിക്കാൻ സാദ്ധ്യമല്ലെന്നും, എന്തിനുമേതിനും പുരുഷനു സ്ത്രീയുടെ സഹായം ആവശ്യമാണെന്നുള്ള വാദം നിലനില്ക്കുന്നുണ്ട്. ഇവിടെ സ്ത്രീയുടെ വിധേയത്വമനസ്സാണ് പ്രശ്നം. തന്നെക്കൊണ്ടൊന്നിനും കഴിയില്ല എന്ന സ്ത്രീയുടെ ചിന്ത സമൂഹത്തെ ഒരു ഗ്രന്തിന്റെ വക്കോളമെത്തിക്കുന്നു. സ്ത്രീ മനസ്സിന്റെ അവസ്ഥാരങ്ങളും അനാവരണം ചെയ്യുന്ന മാധവിക്കുട്ടിയുടെ രചനകൾ ഈ സത്യത്തിലേക്കാണ് വിരൽ ചൂണ്ടുന്നത്.

ഭയനീയമായ ഒരു സത്യം ആദ്യകാലത്തുണ്ടായിരുന്ന വീറും വാശിയും, ഇന്ന് സ്ത്രീസ്വാതന്ത്ര്യം എന്ന മഹാപ്രസ്ഥാനത്തിനു നഷ്ടമായിട്ടുണ്ട് എന്നതാണ് ഇന്നത്തെ വിമോചന സമരം. കൊച്ചമ്മമാരുടെ ഇടകളിലും സ്ത്രീപുരുഷകലഹത്തിന്റെ എണ്ണമെത്ര് ശതമാനം കണ്ടെത്തി അതു മുഴുവൻ പുരുഷന്റെ തലയിൽ കെട്ടിവക്കാനുള്ള ശ്രമമായിത്തരംതാണോ എന്നൊരു സംശയം. സ്ത്രീയും പുരുഷനും തമ്മിലുള്ള കലഹത്തിൽ നിന്നുമാത്രം സ്ത്രീ അസ്വതന്ത്രയാണെന്ന സ്ഥാപിക്കുക ബുദ്ധിമുട്ടാണ്. സാക്ഷാൽ ജഗദീശ്വരൻ തന്നെ അർദ്ധനാരീശ്വരനാണല്ലോ. പോരെങ്കിൽ, കലഹപ്രിയരെ ഒതുക്കാൻ മോനിഷവർമ്മയുമുണ്ട്.

അജിതകളും, സുഗതകുമാരികളുമുള്ള ജീവിത വീക്ഷണം പുലർത്തുന്ന എത്ര സ്ത്രീകൾ നമ്മുടെയിടയിലുണ്ട്? എണ്ണം അംഗുലിപരിമിതമാണ് എത്ര പെൺകുട്ടികൾ പരസ്യമായി സാമൂഹിക സേവനരംഗത്തുണ്ട്? തന്നെക്കൊണ്ടൊന്നിനും കഴിയില്ലെന്ന ചിന്ത സ്ത്രീയുടെ മൌലിക സ്വഭാവമാണ്. അതിലാണാദ്യം മാറ്റമുണ്ടാവേണ്ടത് ബ്രെയിന്റെ ഘടന സ്ത്രീയുടെയും പുരുഷന്റെയും തമ്മിൽ വലിയ മാറ്റമില്ലെന്നു ശാസ്ത്രം പറയുന്നു. ലോക, രാഷ്ട്രീയ, സാംസ്കാരിക സാമ്പത്തിക മണ്ഡലങ്ങളിൽ വെട്ടിത്തിളങ്ങുന്ന ഒന്നോ രണ്ടോ, അക്വിനോമാരെയോ, ബേനസീറിനെയോ, കാർലാഹിൽസിനെയോ എടുത്തു കാണിച്ചു കൊണ്ടു മാത്രം എല്ലാമായോ? എത്ര സ്ത്രീകൾ ലോകനന്മക്കുതകുന്നി ണ്ടതിട്ടുണ്ടോ അതിലേറെ എണ്ണം ലോകനാശത്തിനാണ് മുൻതൂക്കം കൊടുത്തത്. എം. പി. ഉമയമ്മ പറയുന്നതു പോലെ, പാഞ്ചാലി എന്നൊരു പെൺപിറന്നോരുടെ അഴിഞ്ഞമുടികെട്ടുന്നതിനു എത്ര അക്ഷൗഹിണിപ്പടയാണ് കുരുക്ഷേത്രത്തിൽ മരിച്ചു വീണത്? സീത എന്നൊരു പെണ്ണിനു വേണ്ടിയല്ലേ സമൂഹത്തിൽ സേതുബന്ധിക്കപ്പെട്ടതും രാക്ഷസവാനരപ്പടകൾ ചത്തുമലച്ചതും? ഹെലൻ എന്നൊരു

പെണ്ണല്ലേ ഒരായിരം കപ്പലുകൾ സമുദ്രത്തിലേക്ക് ചാടിച്ചു വിട്ടത്? പത്മിനി എന്നൊരു പെണ്ണിന്റെ മുഖത്തിന്റെ പ്രതിച്ഛായ കണ്ടു മോഹിച്ചല്ലേ ഡില്ലി ചക്രവർത്തിയായിരുന്ന അലാവുദ്ദീൻ ചിത്തോറിൽ പോയി പടനടത്തി വിജയിച്ച് നിരാശനായി മടങ്ങിയത്? ഇതൊക്കെ ചരിത്ര സാക്ഷ്യങ്ങളാണ്.

സ്ത്രീ ആദ്യം സ്വതന്ത്രയാകേണ്ടത് വസ്ത്രങ്ങളുടെയും ആഭരണങ്ങളുടെയും മായാപ്രപഞ്ചത്തിൽ നിന്നുമാണ്. വസ്ത്രനിർമ്മാണത്തിലെയും ഫാഷനിലെയും പുത്തൻ ട്രെൻഡുകൾ ബോംബെയിൽ നിന്നും കേരളത്തിലെത്താൻ മണിക്കൂറുകൾ മാത്രം മതി. വീണ്ടും എം. പി. യുടെ വാക്കുകളിലേക്ക് മടങ്ങാം. ''ന: സ്ത്രീസ്വാതന്ത്ര്യമർഹതി'' എന്നു മനു പറഞ്ഞതല്ല. അങ്ങേരെക്കൊണ്ട് പെൺപിറന്നോർ പറയിച്ചതാണ്. ഇവിടെ പുരുഷൻ ദ്വാരപാലകൻ, ശ്രീകോവിലിലെ പ്രതിഷ്ഠ ''ദേവി''യുടേത്

Sudheer Sukumar
Final B. Sc

# ഇനി.....

''കുട്ടീ ജഗത്മാതാവിന്റെ അവസാനത്തെ സൃഷ്ടിയും അതേസമയം ഈ പാരാവാരത്തിന്റെ അതിരുമായി കരുതുന്ന ഈ നദിക്കപ്പുറം ഒരിക്കൽ ജീവന്റെ തുടിപ്പുകൾ ഉണ്ടായിരുന്നു.'' വൃദ്ധൻ പറഞ്ഞുനിർത്തി.

കുട്ടിയുടെ കണ്ണിൽ വിസ്മയം.

''അവിടെ ഇന്നലെവരെയുണ്ടായിരുന്നു മനുഷ്യർ. ക്ലാവുപിടിച്ച ആത്മാവിന്റെ കണ്ണാടികളിൽ സ്വന്തം മുഖംതിരിയുന്നവർ, കല്പാന്തകകാലത്തെക്കുറിച്ച് അതിമനോഹരമായി പാടുന്നവർ; സ്വർഗ്ഗംഗയിൽ ദൈവത്തിന്റെ വാൾവീഴ്ത്തുന്ന നിഴലുകൾ ഈ നദീതടത്തിൽ പ്രതിഫലിച്ചുകൊണ്ട് യാനപാത്രങ്ങളൊരുക്കുന്നവർ; സംഭോഗതൃഷ്ണയിൽ ഇണയെത്തിരയുന്നവർ; എല്ലാംമറന്നുള്ള ആനന്ദമൂർച്ഛയിൽ രക്തബന്ധങ്ങൾ മറന്നവർ കുട്ടിക്ക് മനസ്സിലായില്ല.

വൃദ്ധൻ തുടർന്നു.

''ഇന്നവിടെ ആരുമില്ല. കല്പാന്തകാലത്തെക്കുറിച്ച് പാടിയവർ കല്പാന്തമാകുന്നതിനു മുമ്പേ വേരററുപോയി. അവശേഷിച്ച സ്ത്രീകളും പുരുഷനും പ്രത്യുല്പാദനത്തെക്കുറിച്ചറിയില്ലായിരുന്നു. മണ്ണുകൊണ്ടുണ്ടാക്കിയ മനുഷ്യരൂപത്തിന്റെ മൂക്കിൽ ജീവവായു ഊതേണ്ടതിനുപകരം വിശിഷ്ടമായ ഹൃദയത്തിനുവേണ്ടി അവർ ദൈവത്തോട് പടവെട്ടി. ബുദ്ധിമാനായ മനുഷ്യന്റെ മുമ്പിൽ ദൈവം കീഴടങ്ങി. തന്റെ ഹൃദയം പറിച്ചു നൽകി. ഹൃദയത്തെ മൺമനുഷ്യനിൽ സന്നിവേശിപ്പിക്കുന്നതിനുമുമ്പേ അതിൽനിന്നിററിററുവീണ രക്തത്തുള്ളികൾ ഒരു അരുവിയായി. അത് അനന്തനിമിഷംവളർന്ന് അതിശക്തമായി കുത്തിയൊലിച്ച് കടലിൽ പതിച്ചു. ആ സലിലയാത്രയിൽ മനുഷ്യനും അവന്റെ വരുംതലമുറയും നശിച്ചുവീണു. ഇനിയാരുണ്ടാകും പുതിയ തലമുറക്ക് ജന്മം നൽകാൻ''. കുട്ടി വൃദ്ധനോട് ചേർന്നുനിന്നു.

# എന്റെ ഭാര്യ

DEESSO MANJILA
II D. C. PHYSICS

എങ്ങനെ തുടങ്ങണം? കഥയായി തുടങ്ങി കഥയായി തുടർന്ന് കഥയായി തന്നെ അവസാനിക്കണമെന്ന് എനിക്ക് മാത്രമല്ല, അവൾക്കും നിർബന്ധമുണ്ട്. ഒരു കാര്യം ആദ്യമേ പറഞ്ഞുകൊള്ളട്ടെ കഴിഞ്ഞ വർഷം ഏതാണ്ടിതേ സമയത്ത് എന്റെ കാമുകിയെപ്പറ്റി ഞാനെഴുതിയതിൽ, അവൾക്ക് കുറച്ചൊന്നുമല്ല പരിഭവമുള്ളത്. മാറ്റാൻ ഞാനെന്തൊക്കെ പ്രായശ്ചിത്തം ചെയ്തെന്നതിനു കയ്യും കണക്കുമില്ല. ഏതായാലും കാമുകിയെപ്പറ്റി എഴുതിയതിനേക്കാൾ കാര്യമായി ഇവളെപ്പറ്റി എഴുതാമെന്നെനിക്കുറപ്പുണ്ട്.

ഞങ്ങളെ പറ്റിയുള്ള ബയോഡാറ്റ അറിയണ്ടേ? ഞങ്ങൾക്കിപ്പോൾ മക്കളില്ല തൽക്കാലം വേണ്ടെന്നാണ് തീരുമാനം. ഞങ്ങൾ യോജിച്ചുതന്നെ എടുത്തതാണിത്. എന്റേത് ഒരിടത്തരം കുടുംബമാണ്. അവളുടേതും അതു പോലെ തന്നെ എനിക്ക് പറയാൻ മാത്രം വർത്തമാനമൊന്നുമില്ല (അതു കൊണ്ടായിരിക്കും മക്കളെയൊന്നും വേണ്ടെന്നു തീരുമാനിച്ചതെന്നു നിങ്ങളൂഹിച്ചേക്കാം. പക്ഷെ കാരണമതല്ല. ഇനി ഞാനെന്തു പറഞ്ഞാലും നിങ്ങളതാണെന്നേ പറയൂ) ഞാൻ ബിരുദത്തിനായി പഠിക്കുകയാണ്. അവൾക്കങ്ങനെയൊന്നുമില്ല. വല്ലപ്പോഴും എന്റെയൊപ്പം കലാലയത്തിൽ വന്ന് എന്റെയും അവളുടെയും സുഹൃത്തുക്കളെ കണ്ട് സംസാരിച്ച് എന്റെ ഒപ്പം തന്നെ മടങ്ങിപ്പോരും. അത്രതന്നെ. അവൾക്ക് പ്രത്യേകമങ്ങനെ വരവും പോക്കുമൊന്നും ഇപ്പോൾ ഇല്ല. ഭാവിയിലിനി എങ്ങനെയാണാവോ? ഈശ്വരനു മാത്രമറിയാം?

ഞാനവളെ ചെറുപ്പത്തിലേ കണ്ടിട്ടുണ്ടായിരുന്നു. പിന്നെ എട്ടിലോ മറ്റോ പഠിക്കുമ്പോൾ ആയിരുന്നു ഞങ്ങളാദ്യം സംസാരിച്ചത്. [അതു ശരി അപ്പോഴെ വാററിത്തുടങ്ങിയതാണല്ലേ കൊച്ചുകള്ളാ എന്നൊന്നും കരുതരുത്. അന്ന് ഞങ്ങളുടെ ബന്ധം ഇങ്ങനെയാകുമെന്ന് ഞാൻ കരുതിയതു പോലുമില്ലായിരുന്നു] സത്യം പറഞ്ഞാൽ ആ വർഷം മധ്യവേനലവധിക്കാണ് ഞാൻ ഭയം കൂടാതെ ഞാനവളോടടുത്തു തുടങ്ങിയത്. അതുവരെ കുറച്ചൊരു ഭയം എന്റെ മനസ്സിലുണ്ടായിരുന്നു. എന്തായാലും ഞാനൊരാണും അവളൊരു പെണ്ണുമായിരുന്നില്ലേ. നമ്മുടെ സമൂഹത്തിനെ കാച്ചെങ്കിലും പേടിക്കണമല്ലോ? പത്താം തരത്തിലെത്തിയപ്പോഴേക്കും സുഹൃത്തുക്കളെന്ന നിലയിൽ ഞങ്ങൾ നല്ലൊരാത്മബന്ധം സ്ഥാപിച്ചു കഴിഞ്ഞിരുന്നു. ഞങ്ങൾ പത്തിലെ പരീക്ഷ കമ്പയിൻഡ് സ്റ്റഡിയാണ് നടത്തിയിരുന്നത്. പിന്നീടാണ് ഞാനറിഞ്ഞത് എന്റെ ക്ലാസ്സിലെ ഞാൻ മാത്രമെ പൊതു പരീക്ഷ 'കമ്പയിൻഡ്' നടത്തിയുള്ളു- അതും ഒരു പെൺകുട്ടിയുടെ കൂടെ!!

സമയം എന്നെ വളർത്തിയപ്പോഴും, കാലം അവളിലും മിനുക്കുപണികൾ നടത്തി ഇല്ല വായിക്കുന്ന സഹോദരിമാരിലെന്ന പോലെ ഇതേ സമയം ഞങ്ങളുടെ ബന്ധവും നൈർമ്മല്യത്തോടെ ശക്തിപ്രാപിച്ചു വന്നു. ചിലപ്പോഴെങ്കിലും ചിലരെങ്കിലും ഞങ്ങളെ സംശയദൃഷ്ടിയോടെ വീക്ഷിച്ചിട്ടുണ്ടെന്നുള്ളത് മൂന്നതരം കാരണം വിവാഹത്തിനു ശേഷം ചിലരുടെ സംസാരം എന്നെ ആ വഴിക്കു ചിന്തിപ്പിച്ചു - അതുപോലെ തന്നെ അവളെയും. എങ്കിലും ഇതേവരെ കുടുംബകലഹം കൂടാതെ ഞങ്ങൾ ജീവിച്ചു പോന്നു. ഇനിയുമിതു തുടരണമേയെന്നാണ് ഞങ്ങളിരുവരുടെയും പ്രാർത്ഥന. പരിപൂർണ്ണത എല്ലാകാര്യത്തി

ലും വേണമെന്ന നിർബന്ധക്കാരിയാണവരും. ദല്ലപ്പൂമ്പൊടിയേററ കിടക്കം തൊടാക്കന്മാർക്ക മൊണോത്ത സൗരഭ്യം എന്ന പഴഞ്ചൊല്ല് അന്വർത്ഥമാകും വിധം ഞാനുമിപ്പോഴും ആ കാര്യത്തിൽ കണിശക്കാരനായിരിക്കുന്നു. അവളുടെ ഏററവും വലിയ നിർബന്ധം ഞാൻ എന്റെ നടപ്പിൽ നല്ലശ്രദ്ധപതിപ്പിക്കണമെന്നും, പരിപൂർണ്ണമായിരിക്കണം എന്റെ നടപ്പെന്നും അവൾക്ക നിർബന്ധമാണ്. അതാണവളുടെ ഏററവും വലിയ നിർബന്ധം. എന്റെ നടപ്പശരിയല്ലെങ്കിൽ എന്താണവൾക്ക പ്രശ്നമെന്ന് എത്ര ആലോചിട്ടും എനിക്ക മനസ്സിലാവാഞ്ഞിട്ട ഞാനവളോട് ചോദിച്ചപ്പോഴും കിട്ടിയ മറുപടി എന്തെന്നറിയാമോ- "നിങ്ങളെന്റ സ്ഥാനത്തായിരുന്നെങ്കിൽ മനസ്സിലാക്കിയേനെ" എന്ന് [കണക്കായിപ്പോയി എന്ന് സഹോദരിമാരും സഹോദരരും കരുതുന്നുണ്ടാകും നമ്മുടെ എഴുത്തുകാർക്ക മാത്രമല്ല വായനക്കാർക്കും ഇപ്പോഴും ആവിഷ്കാര സ്വാതന്ത്ര്യമുണ്ടല്ലോ - ഉപഭോക്തൃ അവകാശമെന്ന പേരിൽ] ഞാൻ പിന്നെ അധികം ചോദിക്കാനും പോയില്ല. അവൾക്ക വിഷമമുണ്ടാക്കുന്ന പോലെ ഞാൻ നടന്നിട്ടുമില്ല. അതുവച്ച് ഞാൻ പെൺകോന്തനാണെന്നൊന്നും എന്നെപ്പററി വിധിച്ചു കളയരുത്.

ചില പ്രഭാതങ്ങളിൽ ഞാനെഴുന്നേററു നോക്കുമ്പോഴും അവളെന്നിൽനിന്നും ദൂരെമാറിക്കിടക്കുന്നതുകാണാം. എന്തെങ്കിലും ഒരു ഭർത്താവിനിതു സഹിക്കുമോ? നിങ്ങളും തന്നെ പറ? എന്നാലും അവളെ വാരിപ്പുണർന്ന് എന്നിലേക്കടുപ്പിച്ചതിനുശേഷമേ ഞാനെന്റെ പ്രഭാതകൃത്യങ്ങളിലേക്ക കടക്കുകയുള്ളൂ. ചിലപ്പോഴും അവളെയും കെട്ടിപ്പിടിച്ച് കുറേനേരമങ്ങനെ വെറുതെ കിടക്കും ഒരു തമാശക്ക്. അവൾക്കതെതിർപ്പൊന്നുമില്ല. ഉണ്ടെങ്കിൽ തന്നെ പ്രകടിപ്പിക്കാറുമില്ല. വല്ലപ്പോഴുമല്ലേ.... ഇങ്ങനെയൊക്കെ റൊമാൻറിക്കാവാൻ പററൂ....? ചിലദിവസങ്ങളിൽ തണുപ്പുള്ളപ്പോഴും എന്നെ അവൾ അവളുടെ പുതപ്പുകൊണ്ടുതന്നെ പുതപ്പിക്കും. ചിലപ്പോഴും ഞാൻതന്നെയവളുടെ പുതപ്പെടുത്ത് പങ്കിടും. ഒരു പുതപ്പിനടിയിൽ.... പിന്നെ നിങ്ങൾകരുതുന്നതുപോലെ തന്നെ.... സിനിമകളിലൊക്കെ കാണുന്നപോലെ കൈ തന്നെയങ്ങു തുടരും.... (ഇവനൊരു നാണവുമില്ലല്ലോ എന്ന് കരുതുന്നുണ്ടോ? ഇനി വേണ്ടു നാണിക്കാൻ....നടക്കുന്നതുതന്നെയല്ലേ ഇതൊക്കെ).

ഈയിടെയായി അവളുടെ അമ്മായിഅമ്മ അതായത്-എന്റെ അമ്മ മാറപ്പെട്ട ജോലികളൊന്നും അവളെക്കൊണ്ട് ചെയ്യിപ്പിക്കാറില്ല. ഇനി വല്ല സന്തോഷവാർത്തയെങ്ങാനുമുണ്ടോ? ആവോ? ഉണ്ടെങ്കിലവൾ എന്നോട് പറയാതിരിക്കുമോ! ഇല്ല? അത്രക്ക കഠിനഹൃദയത്തിന്റെ ഉടമ അല്ല അവൾ. എന്തുകൊണ്ടോ ഞാനിപ്പോഴും അവളെ എന്റെ വണ്ടിയിൽ കൊണ്ടുപോകാറില്ല. എന്തോ ഒരു ഭയം എന്റെ മനസ്സിൽ തത്തികളിക്കുന്നു. സാരിഗാർഡ് ഇല്ലെന്നതു സത്യം തന്നെ പക്ഷെ കാരണം അതൊന്നുമല്ല എന്നതു ഉറപ്പ്. കാരണം, എത്രപേർ അവരുടെ ആൾക്കാരെ വണ്ടിയിലിരുത്തി കൊണ്ടുപോകുന്നതു ഞാൻ കാണുന്നു. പക്ഷെ എനിക്കത്ര ധൈര്യം വരുന്നില്ല. പിന്നെ കുറച്ചസൂയയുമുണ്ട്. എന്റെ സുന്ദരിയായ ഭാര്യയെ മററുള്ളവർ പ്രത്യേകിച്ചു ഈ കോളേജുകളിലൊക്കെ പഠിക്കുന്ന പയ്യന്മാർ അവരുടെ കണ്ണുകൾ കൊണ്ട് ഉഴിയുന്നത് എനിക്കിഷ്ടമല്ല. കാരണം ഞാനും ഈപറഞ്ഞതൊക്കെ ചെയ്തിട്ടാണല്ലോ ഈ ലോകത്തേക്കും ദാമ്പത്തിലേക്കും വന്നത്.

ചില ദിവസങ്ങളിൽ ചില പ്രത്യേക നിറത്തിലുള്ളവ ഉപയോഗിച്ച് അണിഞ്ഞൊരുങ്ങി അവൾ നില്ക്കുന്നതു കാണാൻ ഒരു പ്രത്യേക ഭംഗിയാണ്. അതിന്റെ ഉടമയാകാൻ സാധിച്ചതിൽ എനിക്കാ നിമിഷങ്ങളിൽ ഉണ്ടാകുന്ന സാഫല്യം വാക്കുകൾക്കും, താളുകൾക്കതീതമാണ്. സ്നേഹിതരെ ചിലപ്പോഴും അവൾ തന്നെ പറയും ഈ പ്രത്യേകനിറം തിരഞ്ഞെടുത്തത് എന്റെ അമ്മയാണെന്ന്. അതറിയുമ്പോഴും ഞാൻ സന്തോഷത്തിന്റെ നെറുകയിലെത്തും. കാരണം വേറെ എവിടെ കാണാൻ സാധിക്കും ഇങ്ങനെ ഒരു അമ്മായിഅമ്മ-മരുമകൾബന്ധം. ഞാൻ തന്നെത്താനെ ഈശ്വരനു നന്ദിപറഞ്ഞുപോകുന്നു. പക്ഷെ ചിലപ്പോഴൊക്കെ- (അവളുടെ അശ്രദ്ധ തന്നെ കാരണം) മെപാട് പരിക്കുകൾ അവൾക്ക പററും.. അതും ചിലതിനെല്ലാം സ്റ്റിച്ച്-ഇന്നലിടേണ്ടിവന്നിട്ടുണ്ട്, എങ്കിലും അവളുടെ ശാലീന (കേരളീയ) സൗന്ദര്യത്തിനു ഒരു മങ്ങലും ഈ അശ്രദ്ധകൾ-പരിക്കുകൾക്ക ഏല്പിക്കുവാൻ സാധിച്ചിട്ടില്ല എന്റെ വീക്ഷണത്തിൽ പിന്നല്ലാതെ തന്റെ ഭാര്യക്ക ഭംഗികുറഞ്ഞിതെന്ന് എങ്ങനെ

കിലും ഭർത്താവു സമ്മതിക്കുമോ? അതങ്ങനെ പത്തമലപള്ളിയിൽ പോയി പറഞ്ഞാമതി.

ഒരു കാര്യം എനിക്കിപ്പോഴുമൊരു പ്രഹേളികയായവശേഷിക്കുന്നു. അതായത് എന്റെ പത്താം തരം കഴിഞ്ഞപ്പോൾ എന്തിനെയെന്നറിയില്ല ഞങ്ങളുടെ വീടിനു നല്ല വിലപറഞ്ഞുകൊണ്ട് ഒരാൾ വന്നു. എന്റെ പിതാവിനു എറണാകുളത്തായിരുന്നു ജോലി. ഇപ്പോഴുമവിടെ തന്നെ. എന്നാൽ പിന്നെ കോളേജ് പഠിത്തം എറണാകുളത്ത് തുടരാം എന്ന് എന്റെ വീട്ടുകാർപറഞ്ഞു. കുറച്ചു ബാദ്ധ്യതകൾ തീർക്കാനുണ്ടായിരുന്നു ഞങ്ങൾക്ക്. ഞങ്ങളെ സമീപിച്ച വ്യക്തിക്ക് നാലുമാസത്തിനുള്ളിൽ വീടൊഴിഞ്ഞുകിട്ടുകയുംവേണം. നല്ല ഒരു കാര്യമായതുകൊണ്ട് ഞങ്ങളിതു സമ്മതിച്ചു. കച്ചവടത്തിനു വാക്കുപറഞ്ഞു. മഹാരാജാസിൽ നിന്നും തേവര കോളേജിൽ നിന്നും പ്രീഡിഗ്രിയുടെ അപേക്ഷാഫാറം അപ്പൻ വാങ്ങിക്കൊണ്ടുവന്നു. ഞങ്ങളാകെ സന്തോഷത്തിമർപ്പിലായിരുന്നു കുറേദിവസം. അതുകഴിഞ്ഞ് ഞാൻ എന്റെ കൂട്ടുകാരുടെ അടുത്ത് യാത്രപറയാൻ കുടയെടുത്ത് വീടിന്റെ പടിയിറങ്ങുമ്പോൾ.... അതാ....കുറച്ചു വിഷാദച്ഛവികലർന്ന മുഖവുമായി അവൾ വരുന്നു. അവളെ കണ്ടയുടൻ ഒരു നഷ്ടബോധം എന്റെ മനസ്സിനെ കവർന്നു. എന്തോ എവിടെയോ ഒരു ശോകരംഗം ആടിതീർന്ന രംഗംപോലെ...,മനസ്സിന്നണിയറയിൽ ഒററക്കമ്പിനാദം പൊഴിച്ചു ദുഃഖത്തുമ്പികൾ തകിടിക്കുന്നപോലെ.... ഞങ്ങൾ മുഖാമുഖം നോക്കിനിന്നു കുറച്ചുനേരം.... രണ്ടുതുള്ളിനീർ ഇരുവരുടേയും കപോലങ്ങളെ നനച്ചുവോയെന്നു സംശയിച്ചു. പിന്നെയവൾതന്നെ ശോകത്തിന്റെ കൊക്കൂൺ പൊളിച്ചുപറഞ്ഞു.... ''ഞാൻ, ഞങ്ങള് പോവ്വാണ്". വീടുവിററിട്ട് പോവ്വാണ് അതുപറയാൻ വന്നതാ....?'' ചലിക്കയൊരു കല്ലിൻകൂട്ടം അവൾ എന്റെ നേർക്കെറിഞ്ഞുവോ....? എന്തോ ഉൾപ്രേരണയിലെന്റെ നാവും ചലിച്ചു....'' ഞാനും ഞങ്ങളുടെ വീടും കച്ചവടമായി. അടുത്തമാസം ഞങ്ങളും സ്ഥലംവിടും. അവളും ഒന്നു ഞെട്ടിത്തരിച്ചു നോക്കി....ശോകം....മൂകം ''എവിടേക്കാ നിങ്ങള് പോണെ'' വിതുമ്പുന്ന വാക്കുകൾ ''എറണാകുളത്തേക്കാ'' ഞാൻ പറഞ്ഞുഎന്നവളത്തി ഒരുനിമിഷം അതേ ഒരുനിമിഷം വിടർന്ന മുഖത്തോടെ, വരിച്ച പ്രത്യാശയോടെ അവളും ചിരിച്ചു. ചിരിച്ചെന്നുവരുത്തിയതല്ല ശരിക്കും ചിരിച്ചു. എന്റെ ദുഃഖം അമ്പരപ്പായി, പേടിയായി.... ഇനി.... ''ഹായ്" ഞങ്ങളും അടുത്തുതന്നെയാന്നോ അമ്മ പറഞ്ഞല്ലോ.... എന്റെ അവസ്ഥ ഹോ എനിക്ക് പത്താംതരത്തിൽ അറുന്നൂറിലറുന്നൂറ് തന്നെ കിട്ടിയിരുന്നെങ്കിലും മാരത്തണിനൊരു ഒളിംപിക്സ് മെഡൽ കിട്ടിയാൽപോലും ഞാനാതരത്തിലവിടെ തുള്ളിച്ചാടിയപോലെ ഉണ്ടാവില്ല. അതുവരെ ഈശ്വരനില്ലവിശ്വാസിയായിരുന്ന ഞാൻ ദൃഢമായി ഈശ്വരനുണ്ടെന്നു വിശ്വസിക്കാൻ തുടങ്ങി. സർവ്വം ഈശ്വരൻപോലുമാഗ്രഹിക്കുന്ന ഒന്നാണെന്നനിക്കുതോന്നി ആശ്വസിച്ചു സന്തോഷിച്ചു.

സസുഖമങ്ങിനെ ഇസ്കൂളിൽ നിന്നും പഠിച്ചുനമപ്പെട്ട ബന്ധങ്ങളെ വിവാഹത്തിലവസാനിച്ചു. ഇതാണ്.

ഹോ എന്തു ചതിയാണ് ഞാൻ നിങ്ങളോട് കാണിച്ചത്. ഇത്രയുംനേരം എന്റെ പ്രിയതമയുടെ പേരുപറയാതെ നിങ്ങളെ വധിച്ചില്ലേ. ക്ഷമിക്കണം. ക്ഷമിക്കാൻ സാധിക്കാത്ത ഒന്നാണോ ഞാൻ ചെയ്തത്....?

പേരുപറയാത്തതിന്റെ പ്രധാനകാരണം അവളെ ഞാൻ പേരുവിളിക്കാറേയില്ല എന്നതാണ്. ഒന്നുകിൽ നോട്ടംകൊണ്ട് അല്ലെങ്കിൽ സ്പർശനം കൊണ്ട് അതുമല്ലെങ്കിൽ കോരിയെടുത്തുകൊണ്ട് അങ്ങനെയാണ് ഞങ്ങളുടെ വാർത്താവിനിമയം....ഞാനും എന്റെ പ്രിയതമയായ എന്റെ ലൂസിയും എന്റെ മുണ്ടും (ലൂസിയും) കൂടാതെ എങ്ങനെ എന്റെ രാത്രികൾ ഞാൻ ചെലവഴിക്കും. എപ്പടി? പുരിഞ്ചാച്ചാ? ഇല്ലയാ.... പറവയില്ലേ റൊമ്പൻറി.

# സൂര്യ ഗീതങ്ങൾ

A naked sun - a yellow sun
A sun all naked at early dawn
Poures waves of Gold over bank
of the river of yellow.
A naked sun - a white sun
Poures waves of silver
over the river of white.
A naked sun - a red sun
A sun all naked and red
Poures waves of red blood
Over the river of blood

വിശ്വമാകമാനം
തമസ്സകററുകയും പ്രകാശത്താൽ
പരിപൂതമാക്കുകയും ചെയ്യുന്ന
ഹേ, സൂര്യ!
നിന്റെ അത്യുജ്ജ്വല ദീപ്തി
ഞങ്ങളുടെ ദാരിദ്ര്യത്തെയും,
സ്വാർത്ഥ്യത്തെയും,
എല്ലാ ദുഃഖങ്ങളെയും
ദൂരീകരിക്കട്ടെ!
അജ്ഞതയുടെ പേക്കിനാവുകളെ
ഇല്ലായ്മചെയ്യട്ടെ-

—ഋഗ്വേദം

സത്യത്തിന്റെ മുഖം പ്രകാശമാനമല്ല,
ഒരു മൂടികൊണ്ട് മൂടപ്പെട്ടിരിക്കുന്നു.
അല്ലയോ ലോകപോഷകനായ സൂര്യദേവ,
ജീവിതം മുഴുവൻ സത്യത്തെ ഉപാസി-
ച്ചുകൊണ്ടിരിക്കുന്ന
എനിക്കുവേണ്ടി അങ്ങ് ആ മൂടി-
മാററിത്തന്നാലും,

—ഈശാവാസ്യോപനിഷത്ത്.

* * * *

MINI JAMES
I B. A. ECONOMICS



# എൻെറ മിനിക്കുട്ടിക്ക്

എൻെറ മിനിക്കുട്ടിക്ക്,

മജ്ജയിൽ തുളച്ചുകയറുന്ന തണുപ്പ്........ എൻെറ മഹാനായ സുഹൃത്ത് പഠിക്കാൻവേണ്ടി ഈ തണുത്ത വെളുപ്പാൻ കാലത്ത് എന്നെ കുത്തിപ്പൊക്കിയിരിക്കുകയാണ്. എന്നാൽ എനിക്ക് പഠിക്കാൻ തോന്നുന്നില്ല. വല്ല ദിവാസ്വപ്നവും കണ്ട് നേരം വെളുപ്പിക്കാമെന്ന് കരുതിയപ്പോൾ ഹോസ്റ്റലിലെ അൾസേഷൻ നായ തണുപ്പുസഹിക്കാൻ വയ്യാതെ കരയുന്ന ............കുഞ്ഞിക്കിളികളുടെ ചിലപ്പ്............ എന്തോ? ആരുടെയോ തണുത്ത കരങ്ങൾ എന്നെ സ്പർശിക്കുന്നതായ് ഞാൻ അറിഞ്ഞു....

കണ്ണുതുറന്നപ്പോൾ കണ്ടതോ........ പ്രകൃതിദേവി........എന്നെ മാടിവിളിക്കുന്നു................ അകലെ ഏതോ ക്ഷേത്രത്തിൽ നിന്നും പ്രവഹിക്കുന്ന പ്രഭാത കീർത്തനങ്ങൾ.....................

കിന്നരിതുകിയ എൻെറ സ്വപ്നങ്ങൾ ചിറകടിച്ചുയരുന്ന ........ആർക്കുവേണ്ടിയോ ഹൃദയം വെമ്പുന്ന........ എൻെറ കുഞ്ഞു നൊമ്പരങ്ങൾക്ക് സാന്ത്വന കുളിരായി........മേഘങ്ങളുടെ ഇരമ്പൽ........ഞാൻ എന്തു ചെയ്യും..........നിന്നെ ഓർത്തുപോയി........ നമ്മുടെ സുഹൃദ്ബന്ധം ....നഷ്ടബോധം ചിറകടിച്ചുയരുന്നു. ഒന്നു കാണാനും ഇത്തിരി സംസാരിക്കാനും കൊതി തോന്നുന്നു. എന്തുചെയ്യാം. എങ്കിലും എഴുത്തിലൂടെ സംഭാഷണം നടത്താം........

നിന്നോട് ഞാൻ പറയട്ടെ....ഓരോ ദിവസത്തിൻെറയും അവസാനം എൻെറ ഹൃദയത്തിൽ കുമിഞ്ഞുകൂടുന്ന പുകപടലങ്ങൾ കെട്ടിയടിയുന്ന ദിവസം ഞാൻ കാത്തിരിക്കുന്നുമില്ല. എൻെറ മഹാനായ സുഹൃത്ത് എന്നെ ഉണർത്തി കഴിഞ്ഞാൽ.... ഓരോ ദിവസത്തിൻെറയും തിരക്ക് അവിടെ ആരംഭിക്കുന്നു. ഒൻപത് മണി കഴിയുന്നതോടെ ഓരോരുത്തരും തങ്ങളുടെ ഭാണ്ഡവും തൂക്കി അവരവരുടെ ലോകത്തേയ്ക്ക് തിരിക്കുന്നു.... തിരക്കേറിയ ബസ്സിൽ കയറിയാൽ മാത്രമേ എനിക്ക് എൻെറ ലോകത്ത് എത്താൻ സാധിക്കൂ ... ഞങ്ങളുടെ ലോകത്ത് ചിലവിടുന്ന നിമിഷങ്ങൾക്ക് എത്ര ദൈർഘ്യമേറിയാലും........അത് എപ്പോഴും ഹ്രസ്വമായി തോന്നുന്നു.

പഠിക്കാൻ എന്ന രൂപേണ ചരിത്രം വിതറുന്ന സരസ്വതീ ക്ഷേത്രത്തിൽ എത്തി യുവത്വത്തിൻെറ തീക്ഷ്ണതയോടും, കൗമാരത്തിൻെറ പ്രസരിപ്പോടുംകൂടി കാട്ടിക്കൂട്ടുന്ന വിഡ്ഢിത്തരങ്ങളും, പൊട്ടത്തരങ്ങളും ഓർത്താൽ നാമൊക്കെ ഏതോ ഒരു പുതിയ സംസ്കാരത്തിൻെറ പടിവാതില്ക്കൽ എത്തിയിരിക്കുകയാണെന്ന് തോന്നിപ്പോകും.

ദിവസം മുഴുവനും എന്തോ വലിയ കോലാഹലങ്ങളുമായ് നടന്ന് ശരീരം ക്ഷീണിച്ചെങ്കിലും.... മനസ്സിൻെറ ആരോഗ്യം പതിൻമടങ്ങ് വർദ്ധിച്ചതായ് തോന്നുന്നു.... സ്വന്തം മാളങ്ങളിലേയ്ക്ക് കടിയേറാനുള്ള വ്യഗ്രത തിങ്ങിനിറഞ്ഞ അന്തരീക്ഷം.... നഗരത്തിൻെറ തിരക്കിലൂടെ വാഹനങ്ങൾ കുതിച്ചുപായുന്നു, അതുപോലെതന്നെ അതിലെ യാത്രക്കാരുടെയും

മനസ്സിന്റെ പ്രയാണത്തിന് വേഗതയേറുന്നു.... അസാധാരണമായ് ഒന്നും സംഭവിക്കാത്ത മട്ടിൽ ഞാനും എന്റെ ഹോസ്റ്റലിലേയ്ക്കു കയറിച്ചെല്ലുന്നു. എന്നെപ്പോലെതന്നെ രാവിലെ അവരവരുടെ ലോകത്തിലേക്ക തിരിച്ചവർ മടങ്ങിവന്നുകൊണ്ടിരിക്കുന്നു. മിക്കവരും ജീവിത യാഥാർത്ഥ്യങ്ങളെ നേരിടുന്നവർ....അനേകം ഉത്തരവാദിത്വങ്ങൾ പേറുന്നവർ.... ജീവിതയാത്രയുടെ വഴിത്താരയിൽ എത്തിനില്ക്കുന്നവർ....പക്ഷെ കൗമാരചാപല്യങ്ങളോടെ കാലാലയങ്ങളിൽനിന്ന് തിരിച്ചെത്തുന്ന എന്നെപ്പോലുള്ള ന്യൂനപക്ഷത്തിന് പറഞ്ഞാൽ തീരാത്തതായ വിശേഷങ്ങൾ........ ഹോ.... ജീവിതത്തിന്റെ പലമുഖങ്ങൾ....പല ഭാവങ്ങൾ.

ഇനിയും ബഹളങ്ങൾക്ക ശേഷം മുറിയിലെത്തിയപ്പോഴേയ്ക്കും എന്റെ മഹാനായ സുഹൃത്ത് പിണങ്ങിയിരിക്കുന്നു. എന്നെത്തെയും പോലെ നിർവികാരതയോടും അതിലുപരി നിസ്സംഗത മനോഭാവത്തോടും കൂടി സുഹൃത്തിനെ എടുത്ത് മടിയിൽവച്ച് ഒന്ന് 'വൈൻഡ്' ചെയ്യപ്പോഴേയ്ക്കും 'ടിക് ടിക്' എന്ന സന്തോഷ ധ്വനിയാൽ അവൻ എന്നെ മറ്റൊരു ലോകത്തേയ്ക്കു നയിച്ചു.

'ഓ മേരേ സപ്നോം കി സൗദാഗർ'

ഒരുവിധം നല്ല നിലവാരം പുലർത്തുന്ന ഇന്ത്യൻ സംഗീതത്തിൽ ലയിച്ച് പോകുന്നു. തുടർന്നുള്ള പതിവു ചര്യകൾ.......സമയം കൊല്ലികളായ ടി. വി സീരിയലുകളുടെയും മുന്നിൽ കുറച്ചു സമയം...........പിന്നീട് മുറിയിലെത്തുമ്പോൾ ഏകാന്തതയുടെ തീരങ്ങളിൽ കൂട്ടായ് എത്തുന്ന പാട്ടുപെട്ടി ഏതോ ഒരു പ്രണയിനിയെന്ന പോലെ...........

'പാപാ കഹതേ ഹേ' ബഡാ നാം കരേഗാ ബേഡാ ഹമാരാ ഐസാ കാം കരേഗാ........ തുടർന്ന് സംഗീതത്തോടൊപ്പം, കോളേജിൽ നിന്ന് കൊണ്ടുവന്ന ഭാണ്ഡം തുറന്ന്.......... അതിലൂടെ കുറച്ചു സമയം........രാത്രിയുടെ അറിയാത്ത യാമത്തിൽ നിദ്രാദേവി എന്നെ സ്പർശിച്ചിരിക്കും. മഹാനായ സുഹൃത്ത് അന്ന് വെളുപ്പാൻ കാലത്ത് വിളിച്ചുണർത്തുമ്പോൾ തലേന്ന രാത്രിയിൽ കയ്യിൽ പിടിച്ചിരുന്ന പുസ്തകവും, കണ്ണടയും അതേ സ്ഥാനത്തു തന്നെ കാണും.

അല്ലാ, നീ എന്താ എന്റെ ഒരു ദിവസം വായിച്ചു കഴിഞ്ഞപ്പോഴേയ്ക്കും ഉറങ്ങിപ്പോയോ? എന്റെ ഇരുപ്പുകണ്ടിട്ട് വെള്ള തേച്ച ചുവരുകൾ എന്നെ നോക്കി 'കൊഞ്ഞനം' കുത്തുന്നു...... രാവിലെ പഠിക്കാൻ എഴുന്നേറ്റിട്ട് പുസ്തകത്തിന്റെ ഒരു പേജ് പോലും തുറന്നില്ലല്ലോ?

എങ്കിലും എനിക്ക് നഷ്ടബോധം തോന്നുന്നില്ല. അങ്ങ് ദൂരെ ദൂരെ........കാണാമറയത്തു കഴിയുന്ന നിന്നെ എന്റെ സങ്കല്പലോകത്ത് പണിതുയർത്താൻ സാധിച്ചതിൽ, ഇത്രയും കാര്യങ്ങൾ നിനക്ക് എഴുതാൻ സാധിച്ചതിൽ എനിക്ക് ചാരിതാർത്ഥ്യം ഉണ്ട്. കടലിനപ്പുറത്ത് ചക്രവാള സീമയിലെങ്കിലും ഒരു സംഗമം പ്രതീക്ഷിച്ചു കൊണ്ട്,

ഒത്തിരി സ്നേഹത്തോടെ,
ഞാൻ



# പ്രശ്നം കലാലയ രാഷ്ട്രീയമോ അദ്ധ്യാപകരോ ?

**THOMAS**
I D C ECONOMICS

യുവജനങ്ങളുടെ ജീവിതത്തെ തകർത്ത് അവരെ ധിക്കാരികളും ഗുരുബഹുമാനവും ഇല്ലാത്തവരുമാക്കിത്തീർക്കുകയാണിന്നത്തെ കലാശാലാ രാഷ്ട്രീയം ചെയ്യുന്നതെന്ന് പ്രിൻസിപ്പാൾമാരുടെ സമിതിയും മററു പല മാന്യന്മാരും അടുത്തകാലത്തു സങ്കടപ്പെടുകയുണ്ടായി. വളരെയധികം പിഞ്ചു ജീവിതങ്ങൾ രാഷ്ട്രീയ വൈരത്തിന്റെ തീച്ചൂളയിൽ കത്തിയമരുന്നു. വിദ്യാർത്ഥിരാഷ്ട്രീയം മൂലം പഠിപ്പു മുടങ്ങുന്നു എന്നൊക്കെയാണിവർ പറയുന്നത്. ഈ വാദഗതികൾ പ്രത്യക്ഷത്തിൽ നാമെല്ലാവരും സമ്മതിക്കുന്നു. ഒരു പരിഹാരമെന്ന നിലയ്ക്ക് വിദ്യാർത്ഥികൾ രാഷ്ട്രീയമുപേക്ഷിച്ച് സ്വസ്ഥമായിരുന്ന് പഠിച്ചാൽ പ്രശ്നങ്ങൾ തീരുമെന്നിവർ പറയുന്നു. പക്ഷെ യഥാർത്ഥ വസ്തുത എന്താണ് ?

സ്കൂളിലായാലും, കോളേജിലായാലും വിദ്യാർത്ഥികളെ പഠിപ്പിക്കാൻ ആരുമില്ലെന്നതാണ് പരിതാപകരമായ വസ്തുത. സ്കൂളിൽ അദ്ധ്യാപകരും, പ്രധാനാദ്ധ്യാപകരുമൊക്കെയുണ്ട്, കോളേജിലും ലക്ചറർമാരും, പ്രൊഫസർമാരുമുണ്ട് ഇവർക്കൊക്കെ തെററില്ലാത്ത നാലക്ക സംഖ്യ ശമ്പളമായി ലഭിക്കുന്നുമുണ്ട്, വർഷത്തിൽ രണ്ടു മാസത്തെ ലീവും, ശനിയും, ഞായറുമില്ലാത്ത പഞ്ചദിനവാരങ്ങളുമാണവരുടേത്. പക്ഷെ അവർ ആരെയും പഠിപ്പിക്കുന്നില്ല; സ്വയം പഠിക്കുന്നുമില്ല.

പത്താംതരം പാസായി ഉന്നതപഠനത്തിനായി കലാലയത്തിന്റെ പടികടന്നെത്തുന്ന വിദ്യാർത്ഥികൾ, അവന്റെ അഭിരുചിക്കനുസരിച്ചു പഠിക്കാനുള്ള ഏതു സാഹചര്യമാണിന്നു നമ്മുടെ കോളേജുകളിലുള്ളത് ? വിദ്യാഭ്യാസത്തിന്റെ പാതയിൽ അവന്റെ കൈപിടിച്ചു നടത്താൻ ഏതെങ്കിലും അദ്ധ്യാപകൻ തയ്യാറാവുമോ ? ശാസ്ത്രവിഷയമാണവൻ പഠിക്കുന്നതെങ്കിൽ, ശാസ്ത്രത്തിന്റെ അത്യുജ്ജ്വല ദീപ്തിയും, കഠിനാന്ധകാരവും നിറഞ്ഞ ജാലകത്തിന്റെ വാതിൽ തുറന്നുകൊടുത്ത് അവനെ വിസ്മയത്തിന്റെയും അത്ഭുതത്തിന്റെയും ലോകത്തേക്കാനയിക്കാൻ ഏതെങ്കിലും അദ്ധ്യാപകൻ തയ്യാറുണ്ടോ ? ചരിത്രവും, രാഷ്ട്രീയവും മീമാംസയുമാണവൻ പഠിക്കുന്നതെങ്കിൽ, യുഗങ്ങളുടെ ഉദയത്തെക്കുറിച്ചും, നാശത്തെക്കുറിച്ചും, മഹത്തായ കാലഘട്ടങ്ങളെക്കുറിച്ചും വാതോരാതെ സംസാരിച്ചു രസിപ്പിക്കാൻ

എത്രപേർ തയ്യാറാകും? മലയാളം പഠിക്കുന്ന വിദ്യാർത്ഥിയെ രാമായണാദി ചമ്പുക്കളെപ്പററിയും, നോവലിലെയും കവിതയിലെയും ആധുനികധാരകളെക്കുറിച്ചും കോൾമയിർ കൊള്ളിക്കാൻ എത്ര അദ്ധ്യാപകർ മുന്നോട്ടുവരും? യു ജി. സി. നടപ്പിലായതോടെ അധികമായി പതിനാറുകോടി തിന്നുമുടിക്കുന്നതല്ലാതെ ഗുണപരമായി യാതൊരു മാററവും അദ്ധ്യാപക വർഗ്ഗത്തിൽ വന്നിട്ടില്ല

സ്വാതന്ത്ര്യസമരവും, വിമോചന സമരവും കത്തിനിന്നിരുന്ന കാലത്തും കാമ്പസ് വിട്ട് വിദ്യാർത്ഥികൾ ഇറങ്ങുകയും അതേ സമയം തന്നെ നന്നായി പഠിക്കുകയും ചെയ്തിരുന്നു. പക്ഷേ ഇന്നോ?

അടുത്ത കാലത്ത് തലസ്ഥാനത്തെ ഒരു പ്രമുഖ കോളേജു ലൈബ്രറിയിൽ നിന്നും ഇരുപത്തയ്യായിരം രൂപ വിലയുള്ള പുസ്തകങ്ങൾ മോഷണം പോയി. ഒന്നുരണ്ടാഴ്ച കഴിഞ്ഞപ്പോഴാണത് പലരും അറിയുന്നത്. അതിനിടയിൽ സ്വന്തക്കാരനായ പോലീസുകാരനെയുപയോഗിച്ചു കേസ് മൂടിവക്കാൻ പ്രിൻസിപ്പാളിനു കഴിഞ്ഞുവത്രെ? മറെറാരിടത്ത് പ്രിൻസിപ്പാൾ താമസിക്കുന്നത്. തൊട്ടടുത്ത് സ്വന്തം വീടുണ്ടായിട്ടും ഗവൺമെൻറു ഭവനത്തിലാണ് ശാസ്ത്രാദ്ധ്യാപകരിൽ തൊണ്ണൂറു ശതമാനവും സ്വകാര്യ ട്യൂഷൻ നടത്തുന്നവരത്രെ? അടുത്തകാലത്ത് കോമേഴ്സ് വിഭാഗത്തിലെ അദ്ധ്യാപകർക്കാണു കൂടുതൽ ഡിമാൻറ്. ഈ കഥകളൊക്കെ പറഞ്ഞു തുടങ്ങിയാൽ തീർക്കാൻ ആയിരത്തൊന്നു രാവുകൾ വേണ്ടിവരും.

ഇതിൻെറയെല്ലാം ഫലമായി അദ്ധ്യാപകവർഗ്ഗത്തോടു ബഹുമാനമില്ലാതായിരിക്കുന്നു വിദ്യാർത്ഥികൾക്ക് ആലയിൽ അടിച്ചു കയററുന്ന കാലിക്കൂട്ടങ്ങളെപ്പോലെയാണിന്ന് അദ്ധ്യാപകർ വിദ്യാർത്ഥികളെ കാണുന്നത്.

ചരിത്രം വീണുകിടക്കുന്ന പൊൻതാരയിൽ വച്ച് ദീർഘോപാസനയിലൂടെ കരഗതമായിരുന്ന, ഗുരുശിഷ്യ ബന്ധത്തിൻെറ പൊൻനൂല് ആസുരമായ ഭാവികാലത്തിൻെറ ഏതോ ഒരു കോണിൽ വച്ച് പൊട്ടിത്തകർന്നിരിക്കുന്നു. ഇതിനു കാരണം കലാശാലാ രാഷ്ട്രീയമാണോ? യാഥാർത്ഥ്യം മനസ്സിലാക്കുന്നവർക്ക് അത് അംഗീകരിക്കാൻ കഴിയുകയില്ല.

കള്ള് കുടിയന്, തൻെറ മകന് അതിൻെറ തിന്മയെക്കുറിച്ച് ധാർമ്മികമായി ഉപദേശിക്കാൻ യാതൊരർഹതയുമില്ല. എവിടെയെല്ലാമോ വച്ച് നൈതികത തമ്മിൽനിന്നും അപ്രത്യക്ഷമായിരിക്കുന്നു. അതു വീണ്ടെടുക്കാൻ ശ്രമിക്കാതെ കലാലയ രാഷ്ട്രീയത്തെ പഴി പറഞ്ഞതുകൊണ്ട് കാര്യമില്ല. അറിവിൻെറ അത്യുന്നതയിലേക്ക് വിദ്യാർത്ഥിയെ കൈപിടിച്ചുയർത്താനും കാണാത്ത ലോകങ്ങൾ കാണിച്ചുകൊടുക്കുവാനും ആരു തയ്യാറാവും എന്നതാണ് പ്രശ്നം.



# സായംസന്ധ്യ



അങ്ങകലെ ചക്രവാളസീമയിലതാ
ആദിത്യദേവൻ സാഗരത്തിലൊളിക്കുന്നു
ഇതു സന്ധ്യയുടെ തുടക്കം,
മറ്റൊരു പകലിന്റെ അന്ത്യം

വിടരാൻ വെമ്പുന്ന താമരമുകുളങ്ങൾ
നിറഞ്ഞു നില്ക്കുന്നു പൊയ്കയിൽ
മുററത്തെ മുല്ലതൻ വള്ളിയിൽ
ഹൃദ്യസൗരഭം തൂകുന്ന മൊട്ടുകൾ
വിടരാൻ കൊതിച്ചു നില്ക്കയല്ലയോ
സ്നേഹത്തിൻ മന്ത്രം ജപിച്ചിണ-
പ്രാവുകൾ

കൂടുകൾ പുല്കുവാൻ വെമ്പുന്നു
തൻകുഞ്ഞിന് തീററയുമായ് പറക്കും
''കാക്കയ്ക്കും തൻകുഞ്ഞ് പൊൻകു
ഞ്ഞല്ലോ''

ഇന്നലെയുടെ ബാക്കിയായ്
ഇന്നുകൾ പിറക്കുമ്പോൾ
നാളെയുടെ അതിഥിയായ്
ഈ സന്ധ്യ ഇനിയും വരും.

പൊട്ടിച്ചിതറുന്ന കുപ്പിവളകൾ പോൽ
പകലിനെ ഭേദിച്ച സായംസന്ധ്യേ
നിന്നെപ്പുൽകുവാനിന്നീ നിശീഥിനി
മന്ദം മന്ദം സമാഗതമായി

ജ്യോതി. കെ. ആർ
ഒന്നാം വർഷ പ്രീഡിഗ്രി
ഒന്നാം ഗ്രൂപ്പ്



# മൊട്ടയടിക്കപ്പെടുന്ന മലയാളം

**ബോ**ധനമാധ്യമം പ്രാദേശിക ഭാഷയായിരിക്കണം എന്ന ഭരണഘടനാനുശാസനത്തെ കാററിൽ പറത്തുന്ന രീതിയിലാണ് ഇന്നത്തെ വ്യവസ്ഥിതി നിലനില്ക്കുന്നത്. എവിടെയും മലയാളത്തിന്റെ സ്ഥാനം ഇംഗ്ലീഷിനു പിറകിൽത്തന്നെ. അതിന്റെ പ്രതിസ്ഫുരണമാണ് നാം ചാത്തമംഗലത്ത് കണ്ടത്. മലയാളം സംസാരിച്ചു എന്ന കുററത്തിന് മൊട്ടയടിക്കുക മാത്രമല്ല അതിനെ ന്യായീകരിക്കുക കൂടി ചെയ്തു ഹെഡ്മാസ്ററർ. എവിടെയാണ് പ്രശ്നം? എന്താണു പരിഹാരം?

പുത്തൻ മലയാളിയുടെ കൃത്രിമസംസ്കാരത്തിന്റെ ഒരു പ്രചരണോപാധിയാണിന്നു മലയാള ഭാഷ. സാമൂഹ്യ സാംസ്കാരിക മേഖലയാകെ നോക്കിക്കാണാനിഷ്ടപ്പെടുന്ന ഉൾക്കാഴ്ചപോലും അന്യസംസ്കാരത്തിനൊററിക്കൊടുക്കാനവനു മടിയില്ല. ഇത്തരം പ്രവണതയെ പ്രാദേശിക ഭാഷയിൽ നിന്നുള്ള അന്യവത്ക്കരണമെന്നാക്ഷേപിച്ചാലവനു നോവും. നമുക്കുചുററും മനംപുരട്ടലുളവാക്കുന്ന നിരവധി വൃത്തികെട്ട അനുഭവങ്ങൾ ദിവസേന നമുക്കു കാണേണ്ടിവരുന്നു.

പെററമ്മയുടെ മുലപ്പാലിലൂടെ നമ്മുടെ ജീവരക്തവുമായി അലിഞ്ഞു ചേർന്ന മാതൃഭാഷയെ നമുക്കെങ്ങിനെ തള്ളിപ്പറയാനാവും? കലാലയങ്ങളിൽ മലയാളമായിരിക്കണം ബോധനമാധ്യമം എന്ന നിർദ്ദേശം നടപ്പിലാക്കാൻ ആരാണു തയ്യാറാവുന്നത്? സ്ററാററസിന്റെ പേരിലും, പൊങ്ങച്ചത്തിന്റെ പേരിലും മലയാളത്തെ തള്ളിപ്പറയുമ്പോൾ നമുക്കു നഷ്ടമാകുന്നത്, ഉദാത്തമായ പാരമ്പര്യത്തിലടിയുറച്ച മഹോന്നത സംസ്കാരമാണ്. ഇന്നിവിടെ മലയാളം സംസാരിച്ചതിനു മൊട്ടയടിക്കപ്പെട്ടെങ്കിൽ നാളെ മലയാള പുസ്തകങ്ങൾ തീയിലിട്ടു ചുടാൻ വരെ ഇംഗിരീസു ഭാഷാ സ്നേഹികൾ തയ്യാറാവുകയില്ലേ?

''മററുള്ള ഭാഷകൾ കേവലം..........'' സ്നിഗ്ദ്ധ സ്നേഹത്തെ അരക്കിട്ടുറപ്പിക്കുന്ന വരികൾ പാടുമ്പോളിന്ന് കണ്ണീരു പൊടിയുകയാണ്. കവിപുംഗവന്മാർ പാടിപ്പുകഴ്ത്തിയ തേനൂറുന്ന ആ മലയാണ്മയുടെ, സ്വാതന്ത്ര്യം കിട്ടി സ്വയം പര്യാപ്തതയിലേക്കു കുതിച്ചുകൊണ്ടിരിക്കുന്ന പുത്തൻ സാമൂഹ്യ വ്യവസ്ഥിതിയിലെ നിരവധി കഥകൾ നമുക്കു നിഷേധിക്കാനാവും — ഇതെ

ക്കെകണ്ടിട്ടും വിദ്യാഭ്യാസ ഇൻസ്റ്റിറ്റ്യൂട്ടിനും, ബോർഡ് ഓഫ് സ്റ്റഡീസിനും ഒരു കുലുക്കവുമില്ല.

മലയാളഭാഷ അന്യം നിന്നു പോവാതിരിക്കാൻ അതിന്റെ സ്വത്വം വീണ്ടെടുക്കാൻ നമുക്കൊന്നുമൊരു കടമയുമില്ലേ? തീർച്ചയായുമുണ്ട്. ശരിക്കുമൊരു അബദ്ധപഞ്ചാംഗമായി മാറിയിരിക്കുന്ന സ്കൂൾ-കോളേജ് സിലബസ്സാണ് ആദ്യം പരിഷ്കരിക്കേണ്ടത്. മലയാളത്തെ സംരക്ഷിക്കാനുള്ള ഗവൺമെന്റിന്റെ നടപടി ക്രമങ്ങളെക്കുറിച്ച് വിഷ്ണു നാരായണൻ നമ്പൂതിരി പറയുന്നു, ഇവിടെ ഭാഷയെ ഉദ്ധരിക്കാൻ സംസ്ഥാന സർക്കാർ എന്തെല്ലാം വകുപ്പുകളാണുണ്ടാക്കിയിരിക്കുന്നത് കേരളസാഹിത്യ അക്കാദമി, കേരള സംഗീത നാടക അക്കാദമി, കേരള കലാമണ്ഡലം, ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, സർവ്വ വിജ്ഞാന കോശം, സാംസ്കാരിക വകുപ്പ്, ബാല സാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട് ഇനിയെന്തുവേണം? ഈ വിഭാഗങ്ങളിലിരിക്കുന്നവർക്കൊക്കെ ഫോണുണ്ട്, കാറുണ്ട്, പിന്നെന്താ ഭാഷ വികസിക്കാത്തത്?

മലയാളി മലയാളത്തിനന്യനായിക്കൊണ്ടിരിക്കുന്ന ഭീകരമായ ഒരവസ്ഥയാണിന്നുള്ളത്. മലയാളമെന്നുകേട്ടാൽ പുതിയ തലമുറക്കത്ര പഥ്യമല്ലാത്തതുപോലെ, എന്തും ആംഗലവൽക്കരിക്കാൻ വെമ്പുന്ന ഇന്നത്തെ സമൂഹത്തിൽ നിന്ന് നമ്മുടെ മുലപ്പാലായ മലയാള ഭാഷയെ രക്ഷിക്കേണ്ടേ?

മലയാളത്തെ എങ്ങനെ സംരക്ഷിക്കാം എന്ന ചോദ്യത്തിന് പ്രശസ്ത നോവലിസ്റ്റ് സി. രാധാകൃഷ്ണൻ തന്ന മറുപടി താഴെ കൊടുക്കുന്നു.

ഭാഷ സംസ്കാരമാണ്. മലയാളം അറിയാത്തവർ മലയാളികളാവില്ല. മറ്റൊരു ഭാഷ കൂടി അറിഞ്ഞതുകൊണ്ട് മലയാളി, മലയാളിയല്ലാതാവുന്നില്ല. കേരളീയരെല്ലാം മലയാളം പഠിക്കണം, മറ്റുഭാഷകളും കഴിയുന്നത്ര പഠിക്കണം. മലയാളം പഠിച്ചാൽ മലയാളത്തിലെ കൃതികൾ മൂലഭാഷയിൽ വായിക്കാമെന്ന ആശയിന്മേൽ അന്യഭാഷാക്കാർ മലയാളം പഠിക്കുന്ന സ്ഥിതി സംജാതമാകണം.

ലോകത്തിൽ ആരുമായും ആശയവിനിമയം നടത്താനുള്ള കഴിവ് കേരളം ആർജ്ജിക്കണം.

ഇതൊക്കെ നടക്കണമെങ്കിൽ, ഇന്നുള്ള ചുറ്റുപാടുകൾ ആകെ മാറണം. മുറിവൈദ്യം കൊണ്ട് ഒരു കാര്യവുമില്ല ഭാഷാനയം, ഫെഡറൽ സംവിധാനം, വിദ്യാഭ്യാസനയം, തൊഴിൽനയം എന്നിങ്ങനെ പോകുന്നു മാറേണ്ട ഉരുപ്പടികൾ.

പണ്ടൊരാൾ ഒരു പഴയ കെട്ടിടം ചുളുവിൽ ഒന്നു നന്നാക്കാൻ പുറപ്പെട്ടു. വാതിൽ മാറ്റിയപ്പോൾ കട്ടിള വീണു കട്ടിള മാറ്റാൻ നോക്കിയപ്പോൾ ചുവർ വീണു, ചുവർ മാറ്റാൻ ശ്രമിക്കേ മേൽപ്പുരയും വീണു!

ആകെ മാറ്റാൻ നാം മാത്രം വിചാരിച്ചാൽ പോരാ. നമുക്കിതിനൊന്നും സമയവും ഇല്ല.

ഇംഗ്ലീഷിനെയോ ഹിന്ദിയെയോ മറ്റേതെങ്കിലും ഭാഷയെയോ പഴിച്ചിട്ട് കാര്യമില്ല. മലയാളത്തെ നശിപ്പിച്ചതിന്റെ പ്രധാന ഉത്തരവാദികൾ നാം തന്നെ. സംശയമുണ്ടെങ്കിൽ ഒമ്പതാം ക്ലാസ്സിലെ ഗണിതപുസ്തകത്തിന്റെ (മലയാളമാണേ!) ഏതെങ്കിലും ഒരു ഭാഗം വായിച്ച് സംശയം തീർക്കുക. അതിലെ ഗണിതത്തേക്കാൾ ആറിരട്ടി കഷ്ടമാണ് അതിന്റെ മലയാളം മനസ്സിലാവാൻ!

സവർണ്ണഭാഷയായ സംസ്കൃതം, മലയാളത്തെ തൊണ്ട തൊടാതെ, വിഴുങ്ങിയിട്ട് 'എന്നുള്ളിൽത്തന്നെ കിടപ്പ്' എന്ന് ചിരിച്ചു തുടങ്ങിയിട്ട് കാലമേറെയായി. ഇന്ന് നാമെഴുതുന്ന മലയാളത്തിൽ മലയാളവാക്കുകൾ എത്ര ശതമാനം?

കൈക്കൂലി വാങ്ങി പാഠപുസ്തകങ്ങൾ തിരഞ്ഞെടുക്കുന്ന മഹാന്മാർ മലയാളത്തെ രക്ഷിക്കട്ടെ!

---

ഭാസുരൻ
II D C CHEMISTRY

# പ്രണയവും പ്രാർത്ഥനയും

**ലേഡി കാസ** : എട്ടാം നൂററാണ്ടിൽ ജീവിച്ചിരുന്ന ജാപ്പാനീസ് കവി. ഇവരെക്കുറിച്ച് വ്യക്തമായ അറിവില്ല. ആ കവയിത്രിയുടെ ഇരുപത്തിയൊൻപതാമത് 'ടാങ്ക' (Tanka) യും യ കോമോചിനെ അഭിസംബോധന ചെയ്തുള്ളതാണ്.



എന്റെ തോട്ടത്തിലെ
പുൽത്തുമ്പിൽ തങ്ങിനിന്നിരുന്നതുമഞ്ഞ്
പോലെ
സായാഹ്നഛായയിലാണ്ട്
ഞാനുമവസാനിക്കും.
ദ്വീപോരങ്ങളിലെ കാവലാളേ
എണ്ണൂറ് ദിന വിസ്തൃതമായകടൽ
ത്തീരത്തിലെ
മണലിന്റെ അനേകം തരികൾപോലും
എന്റെ സ്നേഹത്തേക്കാളേറെയാവില്ല.
തീരത്തടിച്ച് ചിന്തുന്ന 'ഐസീ കടലി'ന്റെ
കൊടും തിരമാലകൾ
ഇടിമുഴങ്ങുംപോലെ ഗർജ്ജിക്കുന്നു.
എന്റെ ഹൃദയത്തെ തുളച്ചുമറിക്കുന്നവൻ
അവയെപ്പോലെ ദീപ്തം, അവയെപ്പോലെ
പ്രൗഢം
എന്റെ ശരീരപാർശ്വത്തിൽ ഗാഢമായി ബ
ന്ധിക്കപ്പെട്ട
ഗംഭീരമായൊരു വാളിനെ ഞാൻ സ്വപ്നം
കണ്ടു
എന്താണത് സൂചിപ്പിക്കുന്നത് ?
ഞാൻ നിന്നെ കണ്ടു മുട്ടുമെന്നോ ?
മണിമുഴങ്ങിയിരിക്കുന്നു, അതെല്ലാവരോടും
ഉറങ്ങാൻ പോകണമെന്നു പറയുന്നു
എങ്ങിനെ ഞാനുറങ്ങും
പ്രണയ പൂർവ്വം നിന്നെ ഓർക്കുമ്പോൾ ?
തിരികെ ലഭിക്കാത്ത സ്നേഹം
ഉന്നതമൊരു ദേവാലയത്തിൽ
പുറംതിരിഞ്ഞിരിക്കുന്ന
പിശാചിലേക്കുയർത്തുന്ന പ്രാർത്ഥനയാണ്

– ലേഡികാസ –

(ഈ ജീവിതത്തിലെ അത്യാഗ്രഹവും ദുഷ്ടതയും, മരണാനന്തര ജീവിതത്തിൽ ഒരുവനെ, ഒന്നും ഭക്ഷിക്കാൻ ലഭിക്കാത്ത പട്ടിണിപ്പിശാചാക്കുമത്രെ! ബുദ്ധവിഹാരങ്ങളിൽ ഇത്തരം പിശാചുകളുടെ രൂപങ്ങൾ ഒരു മുന്നറിയിപ്പെന്നോണം പ്രദർശിപ്പിച്ചിരിക്കുന്നു. അവയെ പൂജിക്കുന്നതിൽ കഴമ്പില്ല.)



പൊട്ടിച്ചിരിച്ചു
കെട്ടിപ്പുണർന്നു
പരസ്പരം ചുംബിച്ചു
അവർ സ്നേഹിക്കാൻ തുടങ്ങുകയായിരുന്നു

മണ്ണിൽ കിടന്നുരുണ്ടു കളിച്ചപ്പോൾ അവരുടെ നഗ്നമേനിയിൽ ചെളിയും മണ്ണും പുരണ്ടു. അവർ സ്നേഹിക്കാൻ തുടങ്ങുകയായിരുന്നു. മുകളിൽ തെങ്ങോലകൾ തലയാട്ടിയാടി. പുഴയിൽ നിന്നും നിർവൃതിക്കാറ്റ് സീല്ക്കാരത്തോടെ അവരെ പുണർന്നു കടന്നുപോയി.

സ്വപ്നംപോലെ ഒരു മഴ പെയ്തൊഴിഞ്ഞു
ആകാശം വിളർത്തുനിന്നു

അവർ സ്നേഹിക്കാൻ തുടങ്ങുകയായിരുന്നു

''കമോാാൺ'' വെള്ളിമണലിൽ മലർന്നു കിടന്നുകൊണ്ട് അവൾ അയാൾക്കുനേരെ കൈകൾ വിരിച്ചു. ചുംബനങ്ങൾ നല്കിക്കൊണ്ടയാൾ അവളുടെ കൈകളിലേക്കൊതുങ്ങി

പെട്ടെന്ന്!!!!
പുഴയിൽ നിന്നുമൊരാരവമുയർന്നു
അവളുടെ ചുണ്ടുകളിൽനിന്നു മുഖമുയർത്തി അയാൾ പുഴയിലേക്ക് നോക്കി.
''നോക്ക...... പുഴയിൽ കൂടി എന്തോ ഒഴുകി വരുന്നു
''കമോാാാൺ'' അവൾ വീണ്ടും അയാളെ തന്നിലേക്ക് വലിച്ചടുപ്പിച്ചു.

# ഒരു അസംബന്ധ കഥ

JOJO GEORGE
SECOND BA ECONOMICS

'നോക്കൂ രസകരമായിരിക്കുന്നുവത്''. വെള്ളത്തിൽ ഉരുണ്ടുകളിച്ചാണു വരുന്നത്.

''എന്താണത്'''? അവൾ കിടന്നുകൊണ്ട് തലയുടെ പിൻഭാഗം നിലത്തൂന്നി താടിയുയർത്തി നോക്കാൻ ശ്രമിച്ചു.

''അതു വിട്ടുകളയൂ, കമോൺ'' അവൾ കെഞ്ചി

''നോക്ക വളരെ രസകരമായിരിക്കുന്നു''

ഓ......... അയാളുടെ ശബ്ദം ഇടറി

''അതൊരു ജഡമാണ് ഒരു മനുഷ്യ ജഡം''

അയാൾ ഞെട്ടിയെഴുന്നേററു. അവളും

ജഡം അവരുടെ നേരെ ഒഴുകവാൻ തുടങ്ങി

''നോക്ക.. ...അതൊരു പുരുഷൻേതാണ്''

ജഡം അടുത്തുവരുന്തോറും കൂടുതൽ വ്യക്തമാവാൻ തുടങ്ങി

ഭീതികൊണ്ടു വളർന്ന കണ്ണുകളുമായി അവർ നിന്നു

കാററ് വീശിക്കൊണ്ടിരുന്നു

ആകാശത്ത് മേഘങ്ങൾ കരിവിതറിക്കൊണ്ടു നീങ്ങുന്നു.

പെട്ടെന്ന് ജഡത്തിൻെറ മുഖം അവരുടെ നേരെ തിരിഞ്ഞു വീണു.

ഭീതിദമായി അലറിക്കൊണ്ടവൾ തിരിഞ്ഞോടി

ഒരു നിമിഷം !

സ്തബ്ധനായി ഗുരുത്വബലമില്ലാതെ ശൂന്യനായി അയാൾ നിന്നു പോയി.

ഓ.........ഓ.........അയാളുടെ തൊണ്ടയിൽ നിന്നും ഒരു കരൽ പുറത്തേക്ക വീണു

അയാളുടെ മുഖമുള്ള ജഡമായിരുന്നുവത്. അയാളുടെ ശരീരമുള്ള ജഡമായിരുന്നുഅത് അവൾക്കറിയാമായിരുന്നു അയാളുടെ ശരീരമായിരുന്നു അതെന്ന്,

ഒരലർച്ചയോടെ അയാൾ പുഴയിലേക്കെടുത്തുചാടി

മറഞ്ഞു നിന്ന സൂര്യൻ പെട്ടെന്ന് ഒന്നെത്തി നോക്കി പിന്നെ –

ഒരു ജഡം മാത്രം പുഴയിലൂടെ ശാന്തമായി ഒഴുകാൻ തുടങ്ങി



# പ്രണയപൂർവ്വം

നാരായൺ സുർവേ

പ്രണയപൂർവ്വം നീയൊരുക്കുന്ന
ആഹാരംകഴിക്കാൻ
ഞാൻ വീട്ടിലുണ്ടാവില്ല.
ഒഴിഞ്ഞവയറുമായി എന്നെ കാത്തിരിക്കരുത്
പാതിരാ വസ്ത്രം
നക്ഷത്രങ്ങളാൽ കുതിരുമ്പോൾ
നിൻെറ തരുണ ശരീരം വിറകൊള്ളും
ഞാനപ്പോൾ തെരുവുനീളെ
മുദ്രാവാക്യങ്ങൾ എഴുതി വയ്ക്കകയാവും.

ഒരിക്കൽ ചെകുത്താന്മാർ വരും
അവർ നമ്മുടെ വാതിലിൽ മുട്ടും.
ഒരു പക്ഷെ നിന്നെ വിലങ്ങുവയ്ക്കം
എങ്കിലും ഒരു നിമിഷത്തേക്കുപോലും
പരിഭ്രമിച്ചു പോകരുത്.

# ഇന്ത്യയെക്കുറിച്ചുതന്നെ;

## വർഗ്ഗീയതയെക്കുറിച്ചുതന്നെ......

**മുറിവുകൾ വീണ ഇന്ത്യയുടെ ആത്മാവിലൂടെ ഒരു ശാന്തിയാത്ര - പ്രശ്നങ്ങൾ തേടി, പരിഹാരങ്ങൾ തേടി, ചരിത്രത്തിൽ മയങ്ങിക്കിടക്കുന്ന കരാളരൂപങ്ങൾ തേടി, ശാന്തിതേടി-**

**യാത്രികൻ രാജേഷ് വർമ്മ.**

ഭാരതീയ സംസ്ക്കാരത്തിന്റെ ഔൽകൃഷ്ടമാർന്ന സവിശേഷതയാണ് നാനാത്വത്തിൽ ഏകത്വം. നിറം, മതം, ഭാഷ, പ്രദേശം, എന്നിവയിലെ ഭിന്നതകൾക്കിടയിലും സാംസ്ക്കാരികമായ ഏകത്വം പുലർത്താൻ നാം പണ്ടേ ശ്രമിച്ചിട്ടുണ്ട്. സാംസ്കാരികമായ ഈ ഐക്യമാണ് ഭാരതത്തിന്റെ സ്വാതന്ത്ര്യപ്രാപ്തിക്കും തുടർന്നുള്ള പുരോഗതിക്കും സഹായകമായി വർത്തിച്ച ഘടകം.

എന്നാൽ ഭിന്നതകൾക്കിടയിലും നമ്മെ ബദ്ധരാക്കുന്ന ഐക്യത്തിന്റെ ചരട് മുറിക്കാൻ ചില കുത്സിത ശ്രമങ്ങൾ പലപ്പോഴും നടക്കുന്നുണ്ട്. സ്വാതന്ത്ര്യലബ്ധിക്കുശേഷമുണ്ടായിട്ടുള്ള വർഗ്ഗീയകലാപങ്ങളുടെ ചിത്രങ്ങൾ നമ്മുടെ മനസ്സിൽ നിന്നും എളുപ്പം മായുന്നവയല്ല സാഹോദര്യത്തിന്റെയുംസഹിഷ്ണതയുടെയും കടയ്ക്കൽ കത്തിവച്ചുകൊണ്ടുള്ള മതവൈരം, (അല്ലെങ്കിൽ മതസ്നേഹം) ഒരു തരംഭ്രാന്തിന്റെ വക്കത്തെത്തിയതും സഹോദരങ്ങൾ തമ്മിൽ മാറിടം കീറിമറിച്ചതും നാം കണ്ടു. രാഷ്ട്രീയ കക്ഷികൾ മതപ്രീണനനയം വെടിഞ്ഞ് ഇന്നലെയുടെയും ഇന്നിന്റെയും പാഠങ്ങൾ ഉൾക്കൊണ്ട് തികച്ചും വർഗ്ഗവിരുദ്ധമായ ഒരു നിലപാടെടുക്കുകയാണെങ്കിൽ പ്രശ്നങ്ങൾ ഒരു പരിധിവരെ ഒഴിവാക്കാൻ കഴിയും. മതതത്വങ്ങൾ പ്രചരിപ്പിക്കാൻ രൂപീകരിക്കപ്പെടുന്ന സംഘടനകൾ എല്ലാമതങ്ങളുടെയും സത്തഉൾക്കൊണ്ടു പ്രവർത്തിക്കണം. ഇങ്ങനെ പ്രവർത്തിക്കുന്നവരു് ഒരിക്കലും അസഹിഷ്ണരവായിരിക്കാനാവില്ല. മതമൈത്രിക്കുവേണ്ടി സ്വന്തം ജീവൻ കൊടുക്കുക വഴി ഗാന്ധിജി കാണിച്ച തന്നതും ആ സത്യമാണല്ലോ.

ഭാരതത്തിന്റേത് അത്യന്തം ആരോഗ്യകരവും ഭാവാത്മകവുമായ ഒരു ജീവിതവീക്ഷണമാണെന്നും തികച്ചും ശാസ്ത്രീയമായ ഒരു ദർശനമാണതിന്റെ അടിസ്ഥാനമെന്നും ഇന്നത്തെ തലമുറ മനസ്സിലാക്കുന്നില്ലെന്നതാണു ഖേദകരമായ വസ്തുത. നെഹ്റു വിഭാവനം ചെയ്ത മതനിരപേക്ഷ ജനാധിപത്യ വ്യവസ്ഥിതിയിൽ നിന്നും അവസരവാദ രാഷ്ട്രീയത്തിന്റെ ഫലമായി നാം വളരെയധികം അകന്നുപോയിരിക്കുന്നു. മാത്രമല്ല ഗാന്ധിസത്തിന്റെ പ്രാധാന്യം നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്നതും ദുഃഖകരമായ അവസ്ഥയാണ്.

### കോൺഗ്രസിന്റെ പാരമ്പര്യം

ഇന്ത്യൻ നാഷണൽ കോൺഗ്രസ് തുടക്കം മുതലേ മതനിരപേക്ഷമനോഭാവമാണ് കൈക്കൊണ്ടിരുന്നത്. ഗാന്ധിജി നേതൃസ്ഥാനത്തേക്കുവന്നതോടു കൂടി ന്യൂനപക്ഷ അധഃസ്ഥിത സമുദായങ്ങളുടെയും താല്പര്യങ്ങൾക്ക് കൂടുതൽ പരിഗണന നല്കപ്പെട്ടു. ന്യൂനപക്ഷ വികാരങ്ങളെ മാനിക്കാൻ കോൺഗ്രസ് എന്നും താല്പര്യം കാണിച്ചിരുന്നുവല്ലോ. മുസ്ലീം താല്പര്യം കണക്കിലെടുത്താണ് ഗാന്ധിജി ഖിലാഫത്ത് പ്രശ്നം

ഒരു ദേശീയപ്രശ്നമാക്കി ഉയർത്തിയത്. ഇതിനെത്തുടർന്ന് നെഹ്റു എല്ലാസമുദായങ്ങളെയും ദേശീയമുഖ്യധാരയിലേക്കു കൊണ്ടുവരുന്നതിനു ശ്രമിച്ചു. ഇന്ത്യ ഒരു വർഗ്ഗീയരാഷ്ട്രമല്ല. എല്ലാവിഭാഗങ്ങൾക്കും തുല്യാവകാശങ്ങൾ നല്കുന്ന ഒരു ജനാധിപത്യരാജ്യമാണത് എന്ന് ആവർത്തിച്ചു പ്രഖ്യാപിച്ചുകൊണ്ട് നെഹ്റു വർഗ്ഗീയ വികാരങ്ങളുടെ ആളിക്കത്തലിൽ നിന്നും രാജ്യത്തെ രക്ഷിക്കാനുള്ള ശ്രമങ്ങൾക്കു നേതൃത്വം നല്കി.

മതത്തിന്റെ പേരിൽ ജനങ്ങൾ പിൻതുടരുന്ന പല ആചാരങ്ങളും മതത്തിന്റെ അടിസ്ഥാന തത്വങ്ങൾക്കും ആധുനിക ചിന്തകൾക്കും മാനവികതയെ മാനിക്കുന്ന സംസ്കാരത്തിനും നിരക്കാത്തതാണെന്ന് വസ്തുനിഷ്ഠമായ സമീപനത്തോടെ പരിശോധിക്കുമ്പോൾ നമുക്ക് മനസ്സിലാകും. ഇന്ത്യയിലിന്ന് മതവും വർണ്ണവുമില്ല. മതമൗലികതയും ജാതീയതയുമാണുള്ളത്. ക്രൂരമായ ഒരു സാമൂഹ്യസാമ്രാജ്യവാദമാണു ജാതി, ധാർമ്മികാഭിവൃദ്ധിയെ മാത്രമല്ല ഭൗതിക പുരോഗതിയെ വരെയിത് തടയുന്നു.

ഇന്നത്തെ ഈ ഭിന്നിപ്പിന്റെ വേരുകൾ തേടി നാം ഭാരതത്തിന്റെ പുരാതന മദ്ധ്യകാല സംസ്കാരത്തിലേക്കു പോയതു കൊണ്ടു കാര്യമില്ല. ഇവിടം ഭരിച്ച 19-ാം നൂറ്റാണ്ടിലെ ഭരണാധികാരികളായ മുഗളന്മാർ ഹിന്ദുക്കളെ തുടച്ചു നീക്കാൻ ശ്രമിച്ചിരുന്നു എന്നു പറയുന്നത് ശുദ്ധഭോഷ്ക്കാണ്. നേരെ മറിച്ച് ഉദാരമായ ഒരു ദേശീയോദ്ഗ്രഥന നയമാണവർ സ്വീകരിച്ചത്. ഇത്തരത്തിലുള്ളൊരുത്തിന്റെ ഉദ്ഗ്രഥനത്തിന്റെ സംഭാവനയാണല്ലോ ഉറുദുഭാഷ, സംസ്കാരത്തിന്റെ എല്ലാവശങ്ങളിലും മുസ്ലീം സ്വാധീനം ദൃശ്യമായിരുന്നു. തത്വശാസ്ത്രത്തിൽപോലും ഉദാ: സൂഫിസം, ഇസ്ലാമിക സ്വാധീനം കടന്നുവന്നതോടുകൂടി ഇന്ത്യൻസംസ്കാരം കൂടുതൽ ചൈതന്യവത്താവുകയാണു ചെയ്തത്.

## ഇന്ത്യയെക്കുറിച്ചുള്ള ചിന്ത

ഇന്ത്യയെക്കുറിച്ചുള്ള ചിന്തയോടുകൂടി ഇതവസാനിപ്പിക്കാം. ലോകത്തിലെ ഏററവും പ്രാമാണിക വിശ്വവിജ്ഞാനകോശം എഴുതുന്നു ''ഇന്ത്യ ഒരു ദേശമെന്നതിനേക്കാൾ ഒരു കൊച്ചു വൻകരയാണ്. കണക്കില്ലാത്ത വർഗ്ഗങ്ങൾ, ഭാഷകൾ, മതങ്ങൾ, പലതരംവേഷം, സമ്പ്രദായങ്ങൾ ആചാരങ്ങൾ, വികാരങ്ങൾ, വിദ്യാഭ്യാസത്തിനും, സമ്പത്തിനും ഇടയിലുള്ള വമ്പിച്ച വിടവ്, എന്നിവയിലും പ്രതിഫലിച്ചു കാണാം ഇന്ത്യയുടെ പ്രാദേശിക ഭേദങ്ങൾ. ''

ഇന്ത്യയിലെ ജനങ്ങളെല്ലാവരും വാക്കിലും കർമ്മത്തിലും മനസ്സിലും ഏകഭാവം പുലർത്തുമാറാകട്ടെ എന്ന അർച്ചനയോടെയാണല്ലോ ഋഗ്വേദം അവസാനിക്കുന്നത്. ഏകലക്ഷ്യത്തിൽ പ്രവർത്തിക്കുന്നവരുടെ ഐക്യമാണവർ സ്വപ്നം കണ്ടത്.

വർണ്ണം ജന്മനിഷ്ഠമാണെന്നു പ്രഖ്യാപിച്ചപ്പോൾ ഗീത ഇന്ത്യയുടെ ആത്മാവിന്റെ നാദമായി – രക്ഷാനാദമായി. സത്യം പഠിപ്പിക്കുന്നവനാണു ഗുരുവെങ്കിൽ തന്നെ സത്യം പഠിപ്പിച്ച ചണ്ഡാലനാണു തന്റെ ഗുരുവെന്നു പറയാനുള്ള ചങ്കൂറ്റം കാട്ടിയ ശ്രീ ശങ്കരന്റെ നാട്ടിൽ, ഇനിയൊരു വർഗ്ഗസമരംകൂടി ഉണ്ടാവാതിരുന്നെങ്കിൽ.

ഇന്ത്യ ഒരു പ്രഹേളികയാണെങ്കിലും, കരച്ചിൽ നാം കേട്ടേ പററൂ. ചോരകുടിച്ച് ചീർത്ത ഭീകരരൂപിയുടെ കൈകാലുകൾ വെട്ടാൻ, ഒരു പുതിയ പ്രഭാതത്തിനു വേണ്ടി കൈത്തിരി കൊളുത്താൻ ഇവിടുത്തെ രാഷ്ട്രീയക്കാർ തയ്യാറായെങ്കിൽ – ഛിദ്രശക്തികളെ നമുക്കല്പനേരത്തേക്കു മറക്കാം - കൈയ്യും മെയ്യും ഒന്നുചേർന്ന്, ഒരു പുതിയ ഇന്ത്യയുടെ നിർമ്മിതിക്കുവേണ്ടി ശ്രമിക്കാം.

ഭാരത് മാതാകീ ജെയ്.

RAJESH VARMA
FIRST B. A. SOCIOLOGY

ഒരു അനന്തമായ പാരമ്പര്യം. ഒരു ഇതിഹാസം.

# കോട്ടക്കൽ ആര്യവൈദ്യശാല

ദിവംഗതനായ വൈദ്യരത്നം പി. എസ്. വാരിയരുടെ ദീർഘദർശനവും മാർഗ്ഗദർശിത്വവുമാണ് ഈ സ്ഥാപനത്തെ ഇന്നത്തെ നിലയിലേയ്ക്ക് ഉയർത്തിയത്.

* ഇവിടെ മാറാരോഗികാംക്ക് ആശ്വാസം നൽകുന്ന ഫലപ്രദമായ നാനാതരം ഔഷധങ്ങൾ നിർമ്മിക്കുന്നു.

* നവീന സൗകര്യങ്ങളോടുകൂടിയ ഇവിടത്തെ നർസിംഗ്ഹോമിൽ വസ്തി, നസ്യം മുതലായ പഞ്ചകർമ്മങ്ങളും, ധാര, പിഴിച്ചിൽ. നവരക്കിഴി മുതലായ മററു സ്നേഹ, സ്വേദ കർമ്മങ്ങളും നിർവ്വഹിച്ചു കൊടുക്കുന്നു.

സ്ഥാപിതം : 1902

* അവശർക്ക് ആശ്വാസകേന്ദ്രമായ ധർമ്മാശുപത്രി നടത്തുന്നു.

* ആയുർവ്വേദ കോളേജിന്റെ നടത്തിപ്പിന്നു ധനസഹായം നൽകി ആയുർവ്വേദ വിദ്യാഭ്യാസത്തിനു പ്രചോദനം നൽകുന്നു.

* ആയുർവ്വേദത്തിന്റെ വളർച്ചക്കായി ആയുർവ്വേദ സെമിനാറുകളും, പ്രബന്ധമത്സരങ്ങളും നടത്തുകയും ആയുർവ്വേദ പുസ്തകങ്ങളും ''ആര്യവൈദ്യൻ'' (ഇംഗ്ലീഷ്) ത്രൈമാസികയും പ്രസിദ്ധീകരിക്കുകയും ചെയ്യുന്നു.

* കഥകളിയുടെ പരിപോഷണത്തിനായി പി. എസ്. വി. നാട്യസംഘം നടത്തുന്നു.

വൈദ്യരത്നം പി. എസ്. വാരിയരുടെ

## ആര്യവൈദ്യശാല

കോട്ടയ്ക്കൽ-676 503

Phone HO 2216-2219, 2561-2564, 2571-2573 (EPABX, TDBX 200 Lines)
ശാഖകൾ: കോഴിക്കോട്, പാലക്കാട്, തിരൂർ, എറണാകുളം, ആലുവ, തിരുവനന്തപുരം, മദിരാശി, കണ്ണൂർ, കോയമ്പത്തൂർ, ന്യൂഡൽഹി-49

കൂടാതെ 400ൽപരം ഏജൻസികളും.

# EMERGE VICTORIOUS, NOT VICTIMISED



You may come out of almost all computer training institutions with the feeling of VICTIMISATION. But be sure that you will emerge from **SKILTEK COMPUTER CENTRE**, which has proven records of excellence ever since its inception, only VICTORIOUS

Convenient location ; national identity ; unique training methodology meeting international standards ; internationally qualified and experienced faculty ; ultra modern training facilities to make computer training rigorous but easy-to-understand ; adequate computer hours ; a variety of computers of different manufacturers ; timings to suit individual needs ; library facilities ; career counselling by experienced counsellors and wide range of placement network are the unmatched specialities of **SKILTEK COMPUTER CENTRE**.

Join our **Government of India computer courses, Post Graduate Diploma Courses, Under Graduate Diploma Courses Short Term Courses, Dual Certificate Course or Advanced Dual Course** which suits ones interest, qualification, aptitude and convenience.

- ☐ **'O' Level Course** (OF DOE GOVT. OF INDIA)
- ☐ **Data Preparation and Computer Software** (OF NCVT GOVT. OF INDIA)
- ☐ **Dual Certificate Course** ('O' LEVEL AND DATA PREPARATION AND COMPUTER SOFTWARE)
- ☐ **Advanced Dual Course** ('O' LEVEL and POST GRADUATE DIPLOMA IN COMPUTER APPLICATIONS)
- ☐ **Post Graduate Diploma Courses**
  - ☐ Post Graduate Honors Diploma in Computer Applications
  - ☐ Post Graduate Diploma in Computer Management
  - ☐ Post Graduate Diploma in Computer Science ☐ Post Graduate Diploma in Computer Applications
- ☐ **Other Diploma Courses**
  - ☐ Diploma in Computer Management ☐ Diploma in Computer Science ☐ Diploma in Computer Applications
- ☐ **Short-term Courses**

**(Day and Evening batches)**

**Special Short-term package options for executives/employees/ college-going students**

Hostel Facilities, Reservation for Girls, Morning and Evening Batches. Graduates/ Post Graduates/Under Graduates/SSLC Passed may apply.

**Meet or call our counsellors or remit Rs.25/- directly or by IPO/DD/MO for prospectus.**

**SKILTEK COMPUTER CENTRE**

Recognised by Govt. of India and Govt. of Kerala.

First Floor, Bus Stand Building, Kaloor, Kochi-682 017.

Tel : 354527 Grams : Skiltek Tlx : 0885-6447 SKIT IN



# പ്രത്യയ ശാസ്ത്രത്തിലെ പ്രതിസന്ധി

**SIJU PAUL**
II BA ECONOMICS

ചൂഷണാധിഷ്ഠിതമായ മുതലാളിത്തത്തിന്റെ അമാനവികതക്കെതിരെ രംഗപ്രവേശം ചെയ്ത കമ്യൂണിസം അതിന്റെ പ്രഖ്യാപിതലക്ഷ്യങ്ങൾ നിറവേറ്റുന്നതിൽ അമ്പേ പരാജയപ്പെട്ടു. വർഗ്ഗരഹിതമായ കമ്യൂണിസ്റ്റു വ്യവസ്ഥിതിയിൽ ഭരണകൂടം താനെ പൊഴിഞ്ഞു പോകുമെന്നും, സമൃദ്ധവും, സമത്വസുന്ദരവുമായ, അന്യവല്ക്കരണ ഭീതി കൂടാതെ മനുഷ്യനു പൂർണ്ണവികാസം ഉറപ്പു നല്കുന്നതുമായ ആദർശ സമൂഹം രൂപം കൊള്ളുമെന്നതായിരുന്നു മാർക്സിന്റെ പ്രവചനം.

മാർക്സിന്റെ ചരിത്രവ്യാഖ്യാനം പ്രയോഗത്തിൽ വരുത്തിയ ആദ്യരാഷ്ട്രമായിരുന്നല്ലോ സോവിയറ്റു യൂണിയൻ, പിന്നീട് ജനസംഖ്യാ ബാഹുല്യത്തിൽ ഒന്നാം സ്ഥാനത്തു നില്ക്കുന്ന ചൈനയിലും കമ്യൂണിസം പ്രയോഗത്തിൽ കൊണ്ടുവരുവാൻ ശ്രമം നടന്നു പക്ഷെ സോവിയറ്റു യൂണിയനിലും ചൈനയിലുമുണ്ടായ സംഭവവികാസങ്ങൾ നമ്മെ നയിക്കുന്നത് സത്യത്തിലേക്കാണ് - കമ്യൂണിസം പരാജയമാണെന്ന സത്യത്തിലേക്ക്.

കമ്യൂണിസത്തിന്റെ പ്രതിഛായക്കേറ്റ മങ്ങൽ താല്ക്കാലികമാണെന്നും ആത്യന്തിക വിജയം കമ്യൂണിസത്തിനാണെന്നും വാദിക്കുന്നവരുണ്ട്. എന്നാൽ ഒക്ടോബർ വിപ്ലവത്തെത്തുടർന്നുദയം ചെയ്ത ശുഭാപ്തി വിശ്വാസം ഇന്നാർക്കുമില്ല. വ്യത്യസ്തങ്ങളായ തോതിലാണെങ്കിലും അടിസ്ഥാനപരമായി മാറ്റം സംഭവിക്കാത്ത ഒറ്റസോഷ്യലിസ്റ്റു രാഷ്ട്രം പോലും ഇന്നു ഭൂമുഖത്തില്ല. ഇന്ന് നടക്കുന്നത് സോഷ്യലിസത്തിൽ നിന്നും മുതലാളിത്തത്തിലേക്കുള്ള മാറ്റമാണെന്നു സോളിഡാരിറ്റി നേതാവ് ലെ വലേസ ചൂണ്ടിക്കാണിച്ചത് ശ്രദ്ധേയമാണ്. സാർവ്വത്രിക പരാജയത്തിനു വ്യക്തികളെയോ വ്യവസ്ഥിതിയെയോ കുറ്റം പറഞ്ഞിട്ടു കാര്യമില്ല. കാരണം അവയ്ക്കാധാരമായ കമ്യൂണിസം എന്ന തത്വസംഹിത തന്നെ

കാലപ്പഴക്കം ചെന്നിരിക്കുന്നു. പ്രയോഗക്ഷമമായ സിദ്ധാന്തമെന്ന നിലക്ക് കമ്യൂണിസത്തെ വിലയിരുത്തുവാനുള്ള യഥാർത്ഥമാനദണ്ഡം അതു പരീക്ഷിച്ചു നോക്കിയ രാജ്യങ്ങളിലെ അനുഭവങ്ങളാണല്ലോ. ബീജിംഗിൽ നടന്ന വിദ്യാർത്ഥി പ്രക്ഷോഭവും തുടർന്നു നടന്ന കൂട്ടക്കൊലയും ചൈനയെക്കുറിച്ചുള്ള നിരവധി മിഥ്യാധാരണകളുടെ തനിനിറം വ്യക്തമാക്കി.

സോവിയറ്റു യൂണിയനിലുണ്ടായ സംഭവവികാസങ്ങൾ മനസാക്ഷി പണയപ്പെടുത്തിയിട്ടില്ലാത്തവർക്ക് പ്രശ്നത്തിന്റെ ഭീകരത മനസ്സിലാക്കിക്കൊടുത്തു. ശ്രീ. സി. അച്യുതമേനോന്റെ പ്രതികരണം ശ്രദ്ധേയമായിരുന്നു.

''ഇതിൽ നിന്നും കമ്മ്യൂണിസ്റ്റുകാർ പ്രത്യേകിച്ചും പഴയ കൂട്ടർ ഒരു പാഠം പഠിക്കേണ്ടിയിരിക്കുന്നു. സത്യം എല്ലാക്കാലത്തും മൂടിവെക്കാനാവില്ല. സോവിയറ്റു യൂണിയനെപ്പറ്റി എന്തെല്ലാം നുണകളാണു നമ്മെ പറഞ്ഞു ധരിപ്പിച്ചിരുന്നത്? അന്നും നമ്മുടെ സുഹൃത്തുക്കളായ പല കമ്മ്യൂണിസ്റ്റിതരും നമ്മോടു പറഞ്ഞു, സംഗതികൾ നിങ്ങൾ വിചാരിക്കുന്നതുപോലെയല്ല നടക്കുന്നതെന്ന്. അവരിൽ ഭൂരിപക്ഷവും കമ്മ്യൂണിസത്തിന്റെ ശത്രുക്കളായിരുന്നില്ല. നേരെമറിച്ച് ഉത്തമസുഹൃത്തുക്കളായിരുന്നു. കമ്മ്യൂണിസത്തിന്റെ ലക്ഷ്യങ്ങൾ പുഷ്പിച്ചു കാണാൻ നമ്മെപ്പോലെ ആഗ്രഹിക്കുന്നവരായിരുന്നു. പക്ഷെ അവർ പറഞ്ഞതൊന്നും നമ്മൾ ശ്രദ്ധിച്ചില്ല. ഇപ്പോൾ അവർപറഞ്ഞതായിരുന്നു ശരി, നമ്മൾ ധരിച്ചുവച്ചതത്രയും നുണകളായിരുന്നെന്നു തെളിഞ്ഞു''.

## ഉല്പാദനമാന്ദ്യം

സോഷ്യലിസ്റ്റു രാഷ്ട്രങ്ങൾ നേരിടുന്ന ഏററവും വലിയ ഭീഷണി ഉല്പാദനത്തോതിന്റെ കുറവാണ്. അതിനുള്ള മൂലകാരണം ആ വ്യവസ്ഥയിൽ തന്നെ അന്തർലീനമായിരിക്കുന്നു. അദ്ധ്വാനിച്ച് ഉല്പാദനം വർദ്ധിപ്പിക്കാനുള്ള പ്രേരണ വ്യക്തിക്ക് നഷ്ടമാകുന്നു. കാരണം കൂടുതൽ അദ്ധ്വാനിച്ചതുകൊണ്ട് അവനു മെച്ചമില്ലെന്നതുതന്നെ. പൊതുമേഖലയിലാകുമ്പോൾ എത്ര കുറച്ചദ്ധ്വാനിച്ചാലും കൂടുതലദ്ധ്വാനിച്ചാലും തൊഴിലാളിക്ക് നിശ്ചിത വേതനം കിട്ടുമെന്ന് ഉറപ്പാണ്. അതിനാൽ ഒരുവന്ന് കൂടുതൽ അദ്ധ്വാനിക്കാനുള്ള പ്രേരണ നഷ്ടമാകുന്നു. ഇങ്ങനെ വരുമ്പോൾ സ്ഥാപനങ്ങൾ നഷ്ടത്തിൽ കലാശിക്കും. ജനങ്ങളോടുള്ള പ്രതിബന്ധതമൂലം സ്ഥാപനങ്ങൾ അടച്ചിടാനോ പ്രവർത്തിപ്പിക്കാതിരിക്കാനോ സോഷ്യലിസ്റ്റ് രാഷ്ട്രങ്ങൾക്കകഴിയില്ല. ഒടുവിൽ നഷ്ടം നികത്താൻ സബ്സിഡി നല്കേണ്ടിവരും. ആധുനിക ഉല്പാദന മാർഗ്ഗങ്ങൾ സ്വീകരിക്കാനോ, ഉല്പന്നത്തിന്റെ ഗുണം പരിശോധിക്കാ ആരും തയ്യാറാവുകയില്ല.

ഇത്തരം പ്രതിസന്ധികളിലൂടെയുള്ള കടന്നുപോവൽ മൂലമാണ് സോഷ്യലിസ്റ്റ് ഭരണകൂടം തകർച്ചയെ നേരിട്ടതും സാമ്പത്തിക നില അത്യന്തം ദയനീയമായതും. ഇത്തരം വ്യവസ്ഥികൊണ്ട് യാതൊരു കാര്യവുമില്ലെന്ന് ഗോർബച്ചോവിനെപ്പോലെ യാഥാർത്ഥ്യബോധമുള്ള ഭരണാധികാരികൾ മനസ്സിലാക്കി.

ഭീമമായ തകർച്ചയിൽ നിന്നും കരകയറുവാനും, വീണ്ടും സമത്വസുന്ദരമായ ഒരു ലോകവ്യവസ്ഥിതി നിലനിർത്തുവാനുള്ള ശ്രമത്തിൽ സോഷ്യലിസ്റ്റു രാഷ്ട്രങ്ങൾ അമ്പേപരാജയപ്പെട്ടു. ആകെയുണ്ടായിരുന്ന ഒരു വഴി ആയുധപ്പന്തയം ഒഴിവാക്കുകയും രാജ്യരക്ഷക്കവേണ്ടി നീക്കിവച്ചിരുന്ന തുക തിരിച്ചുവിടുകയും ചെയ്യുക എന്നതായിരുന്നു. ഈ യാഥാർത്ഥ്യം മനസ്സിലാക്കിയതുകൊണ്ടാണ് സോഷ്യലിസത്തിന്റെ അടി

സ്ഥാനസത്യമായി കണക്കാക്കുന്ന വർഗ്ഗസമരത്തെ തള്ളിപ്പറയുവാനും, ലോകത്തിലെ മുതലാളിത്ത രാഷ്ട്രമായ അമേരിക്കക്കുനേരെ സഹായഹസ്തം നീട്ടുവാനും തയ്യാറായത്.

ചൈനയിലും സംഭവിച്ചതിതു തന്നെ. സാംസ്കാരിക വിപ്ലവത്തിനു ശേഷം തകർന്നു താറുമാറായിക്കിടന്നിരുന്ന സാമൂഹ്യവ്യവസ്ഥിതിയെ കരകയററാൻ ഡെംഗ്സിയാവോ പിംഗ് കണ്ടുപിടിച്ച ഒററ മാർഗ്ഗമാണ് കുത്തകകളെ ചൈനയിലേക്ക് സ്വാഗതം ചെയ്യുക. അതിനുവേണ്ടി അദ്ദേഹം കമ്മ്യൂണിസ്ററാദർശങ്ങളെ കാററിൽ പറത്തി. ഡെംഗിൻെറ പ്രസിദ്ധമായ ഒരു പ്രസ്താവനയുണ്ട്. ''പൂച്ചയുടെ നിറം കറുപ്പാണോ വെളുപ്പാണോ എന്നതല്ല അത് എലിയെ പിടിക്കുമോ എന്നതാണു പ്രശ്നം''.

ചുരുക്കിപ്പറഞ്ഞാൽ കമ്യൂണിസത്തെ തള്ളിപ്പറയുന്നില്ല എന്നതൊഴിച്ചാൽ പ്രത്യയശാസ്ത്രപരമായ പരിഗണനകളെല്ലാം മാററിവച്ചുകൊണ്ട് ഉദാരമായ സമീപനമാണ് ചൈനയും റഷ്യയും കൈക്കൊണ്ടിരിക്കുന്നത്.

**അഴിമതി**

ബീജിംഗിൽ നടന്ന വിദ്യാർത്ഥിസമരം അഴിമതിയിൽ മുങ്ങിക്കുളിച്ച കമ്യൂണിസ്ററു ഭരണാധികാരികളോടുള്ള അമർഷത്തിൻെറ പരിണിതഫലമായിരുന്നു. അർമേനിയയിലുണ്ടായ ഭൂകമ്പത്തിൽ തകർന്ന ജനതക്കുവേണ്ടി ലോകരാഷ്ട്രങ്ങൾ അയച്ചുകൊടുത്ത ദുരിതാശ്വാസം കമ്യൂണിസ്ററു മേധാവികൾ മുക്കി ഭൂകമ്പത്തിൽ തകർന്നകെട്ടിടങ്ങളിലധികവും പുതുതായി പണിതവയായിരുന്നു. ഇതു വ്യക്തമാക്കുന്നത് ഭരണവർഗ്ഗത്തിൻെറ അനിയന്ത്രിതമായ സ്വത്തു ദുർമ്മോഹവും അഴിമതിയുമാണ്.

**കപടമുഖം**

കമ്യൂണിസത്തിനുണ്ടെന്നവകാശപ്പെടുന്ന മാനവികതയുടെയും സാഹോദര്യത്തിൻെറയും മുഖം വെറും പൊയ്മുഖമായിരുന്നെന്നു മനസ്സിലാക്കുക. കമ്യൂണിസ്ററു ലോകം ദേശീയതയുടെ അതിർവരമ്പുകൾക്കതീതമായിരിക്കും എന്ന മാർക്സിയൻ സങ്കല്പം തകർന്നു തരിപ്പണമായിരിക്കുകയാണ്. ചീനയും വലിയൊരു മാററത്തിനു വേണ്ടിയൊരുങ്ങുകയാണ്. കമ്യൂണിസ്ററ് പ്രവാചകന്മാരെയെല്ലാം ഒററയടിക്കുതള്ളിപ്പറഞ്ഞുകൊണ്ട് സാമ്രാജ്യത്വവാദിയും രക്തദാഹിയുമായ ചെങ്കിസ്ഖാനെ ദേശീയ വീരപുരുഷൻ എന്ന പദവിയിലേക്കുയർത്തിയിരിക്കുകയാണ്. ''പ്രത്യയശാസ്ത്രത്തിനു ചാണകത്തിൻെറ വിലപോലുമില്ല. കാരണം ചാണകം വളത്തിനുപയോഗിക്കാം. പ്രത്യയശാസ്ത്രംകൊണ്ട് ആ പ്രയോജനം പോലുമില്ല'', എന്നു പ്രഖ്യാപിച്ച മാവോ മാർക്സിസത്തെ അധികാരം പിടിച്ചടക്കാനുള്ള ഉപാധിയായി മാത്രമാണു കണ്ടത്.

**ഭാരതീയമാർഗ്ഗം**

അർനോൾഡ് ടോയിൻബി പറയുന്നു, ''ലോകചരിത്രത്തിൻെറ അന്തരാളഘട്ടത്തിലാണു നാമിന്നു ജീവിക്കുന്നത്. ഒരു കാര്യം ഇതിനകം തന്നെ വ്യക്തമായിക്കഴിഞ്ഞു, പാശ്ചാത്യമായ തുടക്കത്തോടുകൂടിയ ഈ അദ്ധ്യായം ഭാരതീയമായ അന്ത്യത്തിലല്ല അവസാനിക്കുന്നതെങ്കിൽ ഫലം മാനവരാശിയുടെ ആത്മനാശമായിരിക്കും. മനുഷ്യ ചരിത്രത്തിലെ അത്യന്തം ആപത്ക്കരമായ ഈ ഘട്ടത്തിൽ മാനവരാശിയുടെ മോചനം ഭാരതീയ മാർഗ്ഗങ്ങളിലൂടെയാണ്.'' അശോക ചക്രവർത്തിയുടെയും മഹാത്മാഗാന്ധിയുടെയും അഹിംസാ സിദ്ധാന്തത്തിലും ശ്രീരാമകൃഷ്ണൻെറ മത സമന്വയ സാക്ഷ്യത്തിലും മനുഷ്യ വർഗ്ഗത്തിന് ഒരുമിച്ച് ഒരു കുടുംബമായി വളരാൻ കഴിയുന്ന സാഹചര്യവും മനോഭാവവും ആത്മ മുക്തിയും കണ്ടെത്തുവാൻ കഴിയും. ഈ ആണവയുഗത്തിൽ നമുക്ക രക്ഷപെടാൻ ഭാരതീയമായ ഈ ഒററ മാർഗ്ഗമേ ഉള്ളൂ.

With best compliments from:

## P. KESAVAN & COMPANY

P. B. No 3595
T. D ROAD, ERNAKULAM
**COCHIN - 682 035**
Phone : 351966/978

Grams : KESAVANCO Telex: 0885-6509 PKC IN

## വിവേകാനന്ദ കോളേജ്

കുരിശുപള്ളി റോഡ്
(ഷിപ്പ്‌യാർഡിനു സമീപം)
**എറണാകുളം - 15**

"ജ്ഞാനമാണ് ശക്തി"

CLASSES :
Long term MED/ENG/Entrance Coaching Pre-degree III rd and IV th group
BA - Economics, Literature BSc - Mathematics
BCom and MA Literature Classes handled by Experienced and eminent retired *Professors,*




# BITS COMPUTER COURSES

## OUR COURSES:

★ World famous **ACP from ICCP, USA** (6 months and 1 year)
★ Govt. of India (Dept. of Electronics) **'O' Level Course** (PDC and above - 1 year)
★ **Short term courses for Businessmen, Executives and professionals** (2 months)
★ **UNIX and C** (3 months)

## HIGHLIGHTS:-

★ Course recognised in USA, UK, Gulf countries, Spain. Canada, Australia, India etc. ★ 27 course credits in over 3000 American Colleges. ★ American course pattern. ★ Facilities and training techniques that match international standards. ★ Usage of audiovisuals, video and audio based instructions. ★ Practicals on one computer per person basis. ★ Extra Computer time at no extra cost. ★ Course Director-ICCP member. ★ Job placement cell.



For **FREE** prospectus write to :

**BITS**

(Bureau of Information Technology Studies) Franchisee :
**MAPS COMPUTER CENTRE,** Aiswarya Building,
(Opp. Laxman Theatre), Valanjambalam, Cochin - 16.
Phone: 352898, 362570

# ONE OF THESE COULD BE YOUR FUTURE ADDRESS.

I.T.C. Limited

STATE BANK OF INDIA

HCL LIMITED

इंडियन एयरलाइन्स Indian Airlines

WIPRO

Crompton Greaves

HongkongBank

Bank of America

CITIBANK

| COMPUTER COURSES OFFERED | FEES |
|---|---|
| 1. 1 Year Post Graduate Diploma in Computer Applications and Data Processing | Rs. 8500 |
| 2. Programming and Electronic Data Processing (6 months) | Rs.5550 |
| 3. Executive Development Programme | Rs. 2500 |
| 4. UNIX & C with Graphics | Rs. 3500 |
| 5. AUTOCAD with AUTOLISP | Rs. 2500 |

**TRAINING FROM OVER 80 CENTRES IN INDIA**

LAKHOTIA COMPUTER CENTRE

LCC

IIIrd Floor, Dharmodayam Buildings,
Marine drive, Ernakulam 682 031.
Ph: 355545